# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

സെപ്തംബർ 2014 വാല്യം 41 ലക്കം 5 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 12 വില 5.00 രൂപ


## അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പിന്തുണയോടെ ഇസ്രയേൽ ഗാസയിൽ നടത്തുന്ന കടന്നാക്രമണം

# മാനവികതയ്ക്കെതിരായ യുദ്ധം

മെഡിറ്ററേനിയൻ കടലിന്റെ തീരത്തുള്ള ചെറിയൊരു ഭൂപ്രദേശമായ ഗാസ ഇന്ന് കത്തിയെരിയുകയാണ്. ലോകത്തെ ഏറ്റവും വലിയ പീഡനക്യാമ്പെന്ന് പലപ്പോഴും വിശേഷിപ്പിക്കപ്പെടാറുള്ള ഈ ഭൂപ്രദേശത്തെ പതിനെട്ട് ലക്ഷത്തോളം വരുന്ന പാലസ്തീനിയൻ ജനത മരണത്തെ മുഖാമുഖം കണ്ട് കഴിയുകയാണ്. കഴിഞ്ഞ നാലര വർഷമായി സയണിസ്റ്റ് ഇസ്രയേൽ അടിച്ചേല്പിച്ചിരിക്കുന്ന ഉപരോധം മൂലം ഭക്ഷണമുൾപ്പെടെയുള്ള അവശ്യവസ്തുക്കളും സേവനങ്ങളും അവർക്ക് ലഭ്യമല്ലാതായിരിക്കുന്നു. കഴിഞ്ഞ ജൂലായ് 8 മുതൽ ഇസ്രയേൽ ഗവണ്മെന്റ് ഈ പാലസ്തീനിയൻ തുരുത്തിനെതിരെ വലിയൊരു യുദ്ധം ആരംഭിച്ചിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ സയണിസ്റ്റ് ഇസ്രയേലി ഭരണകൂടം ടൺകണക്കിന് ബോംബുകൾ വർഷിച്ച് അവിടം തവിട്പൊടിയാക്കി. 2000-ത്തിലേറെപ്പേർ ഇതിനകം കൊല്ലപ്പെട്ടു. എത്രയോ ആയിരക്കണക്കിന് പേർക്ക് പരിക്ക് പറ്റി. അനവധിപേർക്ക് അംഗവൈകല്യം സംഭവിച്ചു. ലോകജനതയുടെ അഭിപ്രായത്തെ തൃണവൽഗണിച്ചുകൊണ്ട് അങ്ങേയറ്റത്തെ മൃഗീയതയോടെ അവർ ആക്രമണം തുടരുന്നു.




*ഇസ്രായേലി കൂട്ടക്കുരുതിക്കെതിരെ പതിനഞ്ച് ഇടതുപക്ഷ പാർട്ടികൾ ചേർന്ന് കൽക്കത്തയിൽ സംഘടിപ്പിച്ച സാമ്രാജ്യത്വവിരുദ്ധറാലിയിൽ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗവും പശ്ചിമബംഗാൾ സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സൗമെൻബസു പ്രസംഗിക്കുന്നു. വേദിയിൽ സിപിഐ(എം) സംസ്ഥാന സെക്രട്ടറി ബിമൻബസു, സിപിഐ സംസ്ഥാന സെക്രട്ടറി മഞ്ജുകുമാർ മജുംദാർ, ആർഎസ്പി നേതാവ് മനോജ് ഭട്ടാചാര്യ തുടങ്ങിയവർ.*

**അ**ത്യാധുനിക ആയുധങ്ങളുപയോഗിച്ച് അവർ ജനവാസകേന്ദ്രങ്ങൾ ഒന്നൊന്നായി തകർത്തുകൊണ്ടിരിക്കുന്നു. ആക്രമണകാരികളായ ഇസ്രയേലി സൈന്യം നിരപരാധികളുടെ രക്തം ചിന്തി അവരെ കൊന്നൊടുക്കി രസിക്കുകയാണ്. ജനങ്ങളുടെ ആർത്തനാദം എങ്ങുമുയരുകയാണ്. കൊല്ലപ്പെട്ടവരിൽ നിരപരാധികളായ സാധാരണക്കാരും സ്ത്രീകളും കുട്ടികളുമുണ്ട്. ആയിരക്കണക്കിന് പേർക്ക് വീട് നഷ്ടപ്പെട്ടു. അവരുടെ ഭാവി തികഞ്ഞ അനിശ്ചിതത്വത്തിലായി. നിഷ്ഠുരതയുടെ കാര്യത്തിൽ ഈ ആക്രമണം മുൻകാലങ്ങളിലുണ്ടായ ആക്രമണങ്ങളെയെല്ലാം കടത്തിവെട്ടുന്നു. പാലസ്തീനികളുടെ മുഖ്യ പ്രതിരോധസംഘടനയായ ഹമാസിനെ അമർച്ച ചെയ്യാനെന്ന പേരിൽ ആരംഭിച്ചിരിക്കുന്ന ഈ ആക്രമണം നിരപരാധികളായ ജനങ്ങളെ ഒന്ന

*(ശേഷം 4-ാം പേജിൽ)*



## സെപ്തംബർ 9

## മാവോ സെതുങ്

### അനുസ്മരണ ദിനം

**തി**രുത്തൽവാദം, മാർക്സിസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളെ നിരാകരിക്കുന്നതും അതിന്റെ സാർവ്വത്രികമായ ഉണ്മയെ നിഷേധിക്കുന്നതുമാണ്. ബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്റെ ഒരു രൂപമാണ് തിരുത്തൽവാദം. സോഷ്യലിസവും മുതലാളിത്തവും തമ്മിലും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യവും ബൂർഷ്വാസിയുടെ സർവ്വാധിപത്യവും തമ്മിലുമുള്ള വ്യത്യാസങ്ങളെ അത് നിഷേധിക്കുന്നു. അവർ യഥാർത്ഥത്തിൽ വാദിക്കുന്നത് സോഷ്യലിസ്റ്റ് പാതയ്ക്കുവേണ്ടിയല്ല, മറിച്ച്, മുതലാളിത്ത പാതയ്ക്കുവേണ്ടിയാണ്. അനവധി സ്ഥലങ്ങളിൽ, പാർട്ടി കമ്മിറ്റികൾ ഇനിയും പ്രത്യയശാസ്ത്ര പ്രശ്നം കൈകാര്യംചെയ്ത് തുടങ്ങിയിട്ടില്ല, അഥവാ, ഇക്കാര്യത്തിൽ വളരെ കുറച്ചുമാത്രമേ പുരോഗമിച്ചിട്ടുള്ളൂ... പ്രത്യയശാസ്ത്ര പ്രശ്നം ഇപ്പോൾ വമ്പിച്ച പ്രാധാന്യം കൈവരിച്ചിരിക്കുകയാണ്.

*(തെരഞ്ഞെടുത്ത കൃതികൾ, വാല്യം 5, പേജ് 377, 434, 435)*

## ബാറുകൾ അടച്ചുപൂട്ടാനും മദ്യവ്യാപനം തടയാനുമുള്ള തീരുമാനം

# ജനകീയ സമരത്തിന്റെ വിജയം

- ഓണക്കാലത്ത് എല്ലാ മദ്യശാലകളും അടച്ചിടുക

അടച്ചുപൂട്ടിയ 418 ബാറുകൾ തുറക്കില്ലെന്നും ഇപ്പോൾ തുറന്നിരിക്കുന്ന 312 ബാറുകളും താമസംവിനാ അടച്ചുപൂട്ടുമെന്നും 10% ബിവറേജസ് ഔട്ട്ലെറ്റുകൾ വീതം ഓരോ വർഷവും നിർത്തലാക്കുമെന്നും എല്ലാ ഞായറാഴ്ചയും ഡ്രൈ ഡേ ആക്കുമെന്നുമുള്ള സർക്കാർ തീരുമാനം ജനങ്ങളുടെ വിജയമാണ്. വളരെ പ്രതീക്ഷയോടെയാണ് കേരളം ഒന്നാകെ ഈ പ്രഖ്യാപനത്തെ നോക്കിക്കാണുന്നത്, വിശേഷിച്ചും വീട്ടമ്മമാർ. സ്ത്രീകളുടെ കണ്ണുനീർ അത്രയേറെ ഈ മണ്ണിൽ വീണുകഴിഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ നേരത്തെതന്നെ എടുക്കേണ്ടിയിരുന്ന ഒരു തീരുമാനമാണിത്. ഈ തീരുമാനം ആത്മാർത്ഥമായി നടപ്പിലാക്കുവാനുള്ള ഇച്ഛാശക്തി സർക്കാർ കാണിക്കണം എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട അടുത്തപടി.

**മ**ദ്യത്തിന്റെ വ്യാപനം കുറയുമ്പോൾ കേരളീയ സമൂഹത്തിലുണ്ടാകുന്ന ഗുണപരമായ വ്യതിയാനം 418 ബാറുകൾ അടച്ചുപൂട്ടപ്പെട്ട ചുരുങ്ങിയ കാലയളവുകൊണ്ട് ബോദ്ധ്യപ്പെട്ടതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു മദ്യശാല പൂട്ടപ്പെട്ടാൽത്തന്നെ അതിന്റെ വ്യത്യാസം പ്രകടമാണ്. കേരളം ദീർഘകാലങ്ങൾക്കുശേഷം ഏതാണ്ട് സ്വസ്ഥത അനുഭവിക്കുന്നു എന്നാണ് നാനാകോണുകളിൽനിന്നുള്ള റിപ്പോർട്ടുകൾ. സ്ഥിരം മദ്യപാനികളിൽ 30 ശതമാനം കുടി നിർത്താൻ പ്രസ്തുത സാഹചര്യം ഇടവരുത്തി എന്നത് ഒരു നിസ്സാരനേട്ടമല്ല. അടിപിടി, കത്തിക്കുത്തുപോലുള്ള കുറ്റകൃത്യങ്ങളും റോഡപകടങ്ങളും ഗണ്യമായി കുറഞ്ഞിരിക്കുന്നു. തെരുവുകളിലും ബസ്സുകളിലും മദ്യപന്മാരുടെ ശല്യം കുറഞ്ഞിരിക്കുന്നു. മദ്യപന്മാരുടെ വീടുകളിൽ പ്രതീക്ഷയുടെ നാമ്പുകൾ കിളിർത്തിരിക്കുന്നു, അങ്ങനെ ഗുണപരമായ ഒട്ടേറെ വ്യതിയാനങ്ങൾ വന്നിരിക്കുന്നു എന്നാണ് റിപ്പോർട്ടുകൾ. കേവലം 418 ബാറുകൾ പൂട്ടിയപ്പോഴാണ് ഈ സ്ഥിതി എന്നത് ഓർക്കണം. അതുകൊണ്ടുതന്നെ നാടിന്റെ ഭദ്രതയെക്കരുതി ബിവറേജസ് ഔട്ട്ലെറ്റുകളടക്കം മദ്യശാലകളുടെ എണ്ണം കുറയ്ക്കുവാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്.

മദ്യത്തിന്റെ ലഭ്യത മദ്യപാനശീലം വളർത്തുന്നതിൽ നിർണ്ണായകമായ ഘടകമാണ്. കുട്ടികളിൽ വളർന്നുവരുന്ന മദ്യപാനശീലം പരിശോധിച്ചാൽ, ലഭ്യതയും, മദ്യത്തിനനുകൂലമായ പ്രചാരണവുമാണ് അവരെ ഈ ശീലത്തിലേയ്ക്ക് നയിക്കുന്നതെന്നുകാണാം.

തീരുമാനം ധൃതി പിടിച്ചതാണെന്നും മദ്യനിരോധനം വ്യാജമദ്യദുരന്തത്തിന് ഇടയാക്കുമെന്നും മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് കേരളത്തിലെ സാഹചര്യത്തിൽ ഉത്തമം എന്നും നിരീക്ഷണങ്ങൾ വന്നു കഴിഞ്ഞു. കേരളം എത്രയോ കാലംകൊണ്ട് ആവശ്യപ്പെടുന്ന നടപടിയാണിത്. ഘട്ടം ഘട്ടമായി മദ്യശാലകളുടെ എണ്ണം കുറയ്ക്കുമെന്ന് പലപ്പോഴായി വാഗ്ദാനം ചെയ്തതാണ് പലസർക്കാരുകളും കേരളത്തിൽ അധികാരത്തിൽ കയറിയിട്ടുള്ളത്. എന്നാൽ കേരളത്തെ മദ്യം വിഴുങ്ങുന്ന സാഹചര്യമുണ്ടായിട്ടും സന്ദർഭത്തിന്റെ ഗൗരവം മനസ്സിലാക്കിയുള്ള ഉത്തരവാദിത്തപൂർണ്ണമായ നടപടി ഒരു സർക്കാരിന്റെയും ഭാഗത്തുനിന്ന് ഉണ്ടായില്ല. അധികാരത്തിലെത്തിയാൽ മദ്യലോബിക്കുവേണ്ടിയാണ് നയനടപടികൾ സ്വീകരിക്കുന്നത് എന്നതാണ് നാം പിന്നീട് കാണുന്നുത്. കേരളത്തിൽ ഒരാൾ കുടിച്ചുതുടങ്ങുന്ന ശരാശരി പ്രായം പതിനൊന്നു വയസ്സാണ് എന്നത് അധികാരികളിൽ ആശങ്ക ഉണർത്തുന്നില്ല. മദ്യശാലകളുടെ എണ്ണം കുറച്ചുകൊണ്ടല്ലാതെ മദ്യവർജ്ജനത്തെക്കുറിച്ച് പറയുന്നതിൽ എന്താണ് അർത്ഥം. ഒറ്റയടിക്ക് മദ്യനിരോധനം സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടില്ല. ഘട്ടം ഘട്ടമായുള്ള നടപടികളാണ് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ ചുവടുപിടിച്ച് വ്യാജമദ്യവിപണനവും മദ്യദുരന്തവും ഉണ്ടാകാനുള്ള സാദ്ധ്യത ഇതിനകം ചൂണ്ടിക്കാട്ടപ്പെട്ടു കഴിഞ്ഞു. അതിനുള്ള സാദ്ധ്യത മുൻകൂട്ടിക്കണ്ട് എക്സൈസ്, പോലീസ് വകുപ്പുകളെ ശക്തിപ്പെടുത്തി സാഹചര്യത്തെ നേരിടുവാൻ സർക്കാരിന് കഴിയണം. സർക്കാർ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കാത്തിടത്താണ് വ്യാജമദ്യം ദുരന്തം വിതയ്ക്കുന്നത്.

വ്യാജമദ്യവിപണനവും മദ്യദുരന്തവും മറ്റും ഫലപ്രദമായി തടയുവാനുള്ള മുൻകരുതൽ സർക്കാർ സ്വീകരിക്കുന്നതോടൊപ്പം ഓണക്കാലത്ത് മദ്യശാലകൾ അടച്ചിടണം. മദ്യലഭ്യത പരിമിതപ്പെടുത്തുന്ന നടപടികൾ ഫലപ്രദമായി നടപ്പിലാക്കുവാനുള്ള സമ്മർദ്ദം സർക്കാരിന്റെ മേൽ ചെലുത്തുവാനുതകുന്ന ജാഗ്രതാകൂട്ടായ്മകൾ ശക്തിപ്പെടുത്തിക്കൊണ്ടേ ജനങ്ങൾക്ക് ഈ നേട്ടം നിലനിർത്താനാകൂ.

# പ്രതിച്ഛായയും ഇടതുപക്ഷധർമ്മവും

**തെരഞ്ഞെടുപ്പിൽ തോൽക്കുമ്പോഴാണ് സിപിഎം, സിപിഐ പാർട്ടികൾക്ക് പരിസരബോധമുണ്ടാകുന്നത്. ജനസ്വാധീനം വർദ്ധിപ്പിക്കാനുള്ള ഉപായങ്ങളെക്കുറിച്ചാണ് പിന്നെ ചിന്തയത്രയും. ജീവകാരുണ്യപ്രവർത്തനം തൊട്ട് സിപിഎം-സിപിഐ ലയനം വരെയുള്ള എന്ത് സാഹസത്തിനും അവർ മാനസികമായി തയ്യാറെടുക്കും. തൊട്ടടുത്ത തെരഞ്ഞെടുപ്പിൽ അല്പം ഭേദപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കാനായാൽ പിന്നെ സ്ഥിതിമാറും. ജനങ്ങളെ വെല്ലുവിളിക്കും. അധാർമ്മിക പ്രവൃത്തികൾ വർദ്ധിതവീര്യമാർജ്ജിക്കും. തുടർച്ചയായി പരാജയപ്പെട്ടുകൊണ്ടിരുന്നാലേ രക്ഷയുള്ളൂ എന്നർത്ഥം.**

ഇക്കുറി തോൽവിയുടെ ആഘാതം ഏറ്റവുമധികം ഏൽക്കേണ്ടിവന്നത് ബേബിസഖാവിനാണ്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിബന്ധനകളെല്ലാം കാറ്റിൽപ്പറത്തി, പണമൊഴുക്കി, ആഘോഷമായിട്ടാണ് മത്സരിച്ചത്. കേരളത്തിലെ ഒട്ടുമിക്ക സാംസ്കാരിക നായകരെയും മണ്ഡലത്തിലെത്തിച്ചു. എത്താൻ കഴിയാതെ പോയവരുടെ വക പ്രസ്താവനയുമിറക്കി. എന്നിട്ടും തോറ്റു. അതും വലിയ വ്യത്യാസത്തിൽ. സിറ്റിംഗ് എംഎൽഎയും സാംസ്കാരികപ്രമുഖനും സർവ്വോപരി മുൻസാംസ്കാരിക വകുപ്പ് മന്ത്രിയുമൊക്കെയായിട്ടും സ്വന്തം അസംബ്ലി സീറ്റിൽപ്പോലും കനത്ത തോൽവിയാണുണ്ടായത്. ധാർമ്മികമായി നോക്കിയാൽ പിന്നെ എംഎൽഎയായി തുടരുന്നത് ശരിയല്ല. ഇതിനേക്കാളൊക്കെ മനോവിഷമം ഉണ്ടാക്കിയ കാര്യം, പാർട്ടിക്കുള്ളിൽ നടന്ന ഗൂഢനീക്കമാണ് തോൽവി ഉറപ്പാക്കിയതെന്ന തിരിച്ചറിവാണ്. എംഎൽഎ സ്ഥാനം രാജിവെയ്ക്കുമെന്ന ഭീഷണി മുഴക്കി പാർട്ടി നേതൃത്വത്തെ പ്രതിസന്ധിയിലാക്കാൻ തീരുമാനിച്ചത് ഇതിന്റെ പ്രതികാരമെന്നോണമാണ്. ഒപ്പം, ആദർശരാഷ്ട്രീയക്കാരൻ എന്ന ഖ്യാതിയും നേടാം. തോൽവിക്ക് ഉത്തരവാദി വ്യക്തിയാവുമ്പോൾ വിജയം വ്യക്തിയുടെ നേട്ടവുമാകുമല്ലോ. മാർക്സിസത്തിന്റെ പ്രാഥമിക ധാരണകൾക്കുപോലും നിരക്കുന്നതല്ല ഈ കാഴ്ചപ്പാട്. എന്നിട്ടും ഏതാനും ദിവസം നിയമസഭയിൽ നിന്നും ഒഴിഞ്ഞുനിന്നു. ഒരു പട നയിക്കാനുള്ള പാങ്ങില്ലാത്തതുകൊണ്ടുമാത്രം തൽക്കാലം പിൻവാങ്ങി.

സിപിഎം, സിപിഐ ലയനത്തെക്കുറിച്ചുള്ള ആദ്യവെടി പൊട്ടിച്ചതും വ്രണിത ഹൃദയനായ ബേബി തന്നെ. സിപിഐക്ക് ഇത് വലിയ ആശ്വാസമായി. തിരുവനന്തപുരം സീറ്റ് കച്ചവടം ചെയ്തതിന്റെ പേരിൽ നാണംകെട്ട് നിൽക്കുകയായിരുന്നു സിപിഐ. വിഷയത്തിൽ നിന്ന് ജനശ്രദ്ധ തിരിക്കാൻ സിപിഎമ്മിനും ഒരു പ്രത്യേക താല്പര്യം ഉണ്ടായിരുന്നുവത്രെ. സ്വാഭാവികമായും ലയനമുദ്രാവാക്യത്തിന് നല്ല പിന്തുണ കിട്ടി. ലയനമാണോ ഏകീകരണമാണോ വേണ്ടത് തുടങ്ങിയ ക്രമപ്രശ്നങ്ങളും ഉന്നയിക്കപ്പെട്ടു. ഇങ്ങനെയൊക്കെയാണെങ്കിലും, സിപിഎം, സിപിഐ പാർട്ടികൾ ഒന്നായെന്ന് കരുതി വോട്ടിന്റെ എണ്ണം കൂടില്ലല്ലോ. ഇരുകൂട്ടരും ഇക്കുറിയും ഒരേ സ്ഥാനാർത്ഥിക്കല്ലേ വോട്ട് ചെയ്തത്. അപ്പോൾ പിന്നെ കമ്മ്യൂണിസ്റ്റെന്നവകാശപ്പെടുന്ന മറ്റ് ചിലരെക്കൂടി ഉൾപ്പെടുത്തി ഏകീകരണം നടത്തുകയാവും അഭികാമ്യം എന്നായി ചില നേതാക്കൾ. ആർഎസ്പി പാർട്ടികൾ ഈയിടെ പുനരേകീകരണം നടത്തി വല്ലാതെയങ്ങ് കരുത്താർജ്ജിച്ചതിന്റെ അനുഭവപാഠവും പ്രചോദനമായിക്കാണും.

ലയനത്തിനുള്ള അപേക്ഷയുമായി സിപിഐ നേതാക്കൾ സിപിഎം ഓഫീസ് കയറിയിറങ്ങാൻ തുടങ്ങിയിട്ട് വർഷങ്ങളായി. പല തലമുതിർന്ന നേതാക്കളും ഈ അഭിലാഷം പൂവണിയുന്നത് കാണാൻ കഴിയാതെ മൺമറഞ്ഞു. ഇപ്പോഴിതാ സിപിഎം കനിഞ്ഞിരിക്കുന്നു. പൊടുന്നനെ സിപിഐ എങ്ങനെ ഇതിന് അർഹത നേടി എന്നാവും സംശയം. രണ്ട് പരീക്ഷകളാണ് അവർ ഭേദപ്പെട്ട നിലയിൽ പാസായത്. ഒന്ന് കോടികളുടെ അവിഹിത ഇടപാട് നടത്തി ശേഷി തെളിയിച്ചു. രണ്ട് അത് പരസ്യമായിട്ടും തൊലിക്കട്ടിയോടെ നേരിട്ടു. മാധ്യമങ്ങളിൽ നിരന്തരം വാർത്തകൾ, തെരുവിൽ നേതാക്കളുടെ വിഴുപ്പലക്കൽ, അച്ചടക്ക നടപടി തുടങ്ങിയ ചേരുവകളും കൂടിയായപ്പോൾ ലക്ഷണമൊത്തൊരു പാർട്ടിയായി സിപിഐ. സിപിഎം പോലൊരു പാർട്ടിയുമായി ലയിക്കാൻ ഇനി മണിയാശാനെ പോലൊരു നേതാവിന്റെ അഭാവമെങ്ങാൻ പ്രശ്നമായെങ്കിലേയുള്ളൂ.

ജീവകാരുണ്യ പ്രവർത്തനത്തിന്റെ കാര്യം ഇതിലും ഗഹനമാണ്. കാൻസർ, വൃക്ക രോഗികൾക്ക് സഹായം, മരുന്ന് വിതരണം തുടങ്ങിയ പദ്ധതികളുമായി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സൊസൈറ്റിയുമായാണ് ജീവകാരുണ്യപ്രവർത്തനത്തിനിറങ്ങുന്നത്. ഈ നാമധേയത്തിൽ നാട്ടിൽ നടക്കുന്നത് പലതും പുറത്ത് പറയാൻ കൊള്ളാത്ത കാര്യങ്ങളാണ്. പലർക്കും ഇതൊരു ധനാഗമമാർഗ്ഗമാണ്. സൊസൈറ്റി എന്നാൽ പണം കായ്ക്കുന്ന മരം എന്നാണല്ലോ അർത്ഥം. ഒരുവട്ടം കൂടി ഭരണം നഷ്ടപ്പെട്ടാലും ഇനി പിടിച്ചുനിൽക്കാം. പ്രതിച്ഛായ നന്നാക്കാൻ നേതാക്കൾ മാന്യമായി സംസാരിക്കണമെന്ന് തീരുമാനിച്ചത് പോലെ ആകാതിരുന്നാൽ മതി.

ജീവകാരുണ്യ പ്രവർത്തനത്തിന് മാന്യതയും മഹത്വവും ഉണ്ട്. എന്നാൽ ജനങ്ങളെ ദുരിതത്തിലേയ്ക്കും നിസ്സഹായതയിലേക്കും തള്ളിവിടുന്ന മുതലാളിത്ത വ്യവസ്ഥയിൽ അത് നിഷ്ഫലമായേ പരിണമിക്കൂ. ഈ വസ്തുത ഏറ്റവും ശരിയായി മനസ്സിലാക്കുന്നത് കമ്മ്യൂണിസ്റ്റുകളാണ്. അതുകൊണ്ടാണവർ മുതലാളിത്ത വ്യവസ്ഥിതിയെ അടിസ്ഥാനപരമായി മാറ്റിത്തീർക്കാനുള്ള വിപ്ലവപ്രസ്ഥാനത്തിന് രൂപം നൽകുന്നത്. ഏറ്റവും അർത്ഥവത്തായ ജീവിതരീതി വിപ്ലവപ്രവർത്തനമാകുന്നതും അതുകൊണ്ടുതന്നെ. വിപ്ലവപ്രവർത്തനത്തിന് ശമ്പളം നിശ്ചയിക്കുന്നതിലൂടെ അതിന്റെ അന്തസ് കെടുത്തിയിരിക്കുന്നു സിപിഐ(എം). വിപ്ലവത്തിന്റെയും കമ്മ്യൂണിസത്തിന്റെയും അന്തസ്സത്ത ഒരിക്കലും ശരിയായി ഗ്രഹിക്കാൻ കഴിയാതിരുന്ന അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നുണ്ടായ സിപിഎം പോലുള്ള പാർട്ടികൾ ജീവകാരുണ്യപ്രവർത്തനങ്ങളിലേക്ക് തിരിയുന്നതിന്റെ പിന്നിൽ ലാഭേച്ഛയോടൊപ്പം മാർക്സിസത്തിലുള്ള ധാരണക്കുറവും ഒരു കാരണമാകാം. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം ശാസ്ത്രമാണോ എന്നറിയാത്ത പോളിറ്റ് ബ്യൂറോ മെമ്പർമാരാണല്ലോ അതിനെ നയിക്കുന്നത്.

സിപിഎം-സിപിഐ ലയനത്തിലേക്ക് വരാം. ലയനത്തെക്കുറിച്ച് പറയുമ്പോൾ എന്തുകൊണ്ട് പിളർന്നു എന്നതിനാണ് ആദ്യം ഉത്തരം കണ്ടെത്തേണ്ടത്. അടിസ്ഥാനപരമായ ഒരു വ്യത്യാസവും ഈ പാർട്ടികൾ തമ്മിലില്ല. പാർട്ടിലൈനും കാഴ്ചപ്പാടും നിലപാടും സ്വഭാവവുമൊക്കെ ഏതാണ്ട് ഒരുപോലെ തന്നെ. എന്നിട്ടും പിളർന്നു. ഇപ്പോഴും പിളർന്നുകൊണ്ടേയിരിക്കുന്നു. വ്യക്തിവാദം എന്ന മുതലാളിത്ത സംസ്കാരമാണ് ഇതിന് മൂലകാരണമെന്ന് സമുന്നത മാർക്സിസ്റ്റ് ദാർശനികൻ സഖാവ് ശിബ്ദാസ്ഘോഷ് മാർക്സിസ്റ്റ് പാഠങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. വ്യക്തിവാദം നിർമ്മാർജ്ജനം ചെയ്ത് തൊഴിലാളിവർഗ്ഗ സംസ്കാരമായ സാമൂഹികതയുടെ സംസ്കാരം ആർജ്ജിക്കാനുള്ള തീക്ഷ്ണമായ ജീവിതസമരം ഏറ്റെടുക്കാത്തിടത്തോളം പിളർപ്പും ഗ്രൂപ്പിസവും അനന്തമായി തുടരുക തന്നെ ചെയ്യും. ലയനവും പുനരേകീകരണവുമൊന്നും പ്രശ്നപരിഹാരമാവില്ല എന്നർത്ഥം.

പ്രതിച്ഛായ നന്നാക്കാൻ കുറുക്കുവഴികളില്ല. ജനങ്ങളോടുള്ള അചഞ്ചലമായ കൂറാണ് പ്രതിച്ഛായയുടെ മാനദണ്ഡം. ഭരണം കയ്യാളുമ്പോഴെല്ലാം ജനവിരുദ്ധ നയങ്ങൾ നടപ്പിലാക്കി ജനജീവിതം താറുമാറാക്കിയിട്ട് ഭരണം നഷ്ടപ്പെടുമ്പോൾ ആശ്വാസ നടപടികളുമായി എത്തുന്നത് ജനങ്ങളെ പരിഹസിക്കലാണ്. ജീവിതത്തിന്റെ സർവ്വമേഖലകളിലും കടുത്ത ആക്രമണങ്ങൾക്കാണ് ജനങ്ങൾ ഇന്ന് ഇരയായിക്കൊണ്ടിരിക്കുന്നത്. രാജ്യം ഒരു ഫാസിസ്റ്റ് വിപത്ത് മുന്നിൽക്കാണുന്നു. ജനാധിപത്യമതേതര ശക്തികളുടെ വിശാലമായ സമരനിര കെട്ടിപ്പടുത്തുകൊണ്ടേ ഇതിനെ നേരിടാനാകൂ. സമരപാത വെടിഞ്ഞ് പാർലമെന്ററി നേട്ടങ്ങളുടെ പിന്നാലെ പാഞ്ഞ് അവസരവാദത്തിലും അഴിമതിയിലും അഭിരമിക്കാതെ അദ്ധ്വാനിച്ച് ജീവിക്കുന്നവരോടൊപ്പം നിലകൊള്ളുകയാണ് ഇടതുപക്ഷ ധർമ്മം എന്ന് മറക്കാതിരിക്കുക. ●

## നിർമ്മാണ മേഖലയിലെ തൊഴിൽ സ്തംഭനം ഉടൻ പരിഹരിക്കുക

# നിർമ്മാണത്തൊഴിലാളികളുടെ കോട്ടയം കലക്ട്രേറ്റ് മാർച്ച്

നിർമ്മാണ മേഖലയിലെ തൊഴിൽ സ്തംഭനം ഉടൻ പരിഹരിക്കുക, അവശ്യനിത്യോപയോഗ സാധനങ്ങളുടെയും നിർമ്മാണസാമഗ്രികളുടെയും വിലക്കയറ്റം തടയുക, തൊഴിൽ പുനരാരംഭിക്കുംവരെ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും പ്രത്യേക ധനസഹായം നൽകുക, മിനിമം പെൻഷൻ 2000 രൂപയായും മറ്റ് ആനുകൂല്യങ്ങൾ ഇരട്ടിയായും വർദ്ധിപ്പിക്കുക, ക്ഷേമനിധി അംഗത്വത്തിന് ആധാർ നിർബന്ധമാക്കരുത്, നിർമ്മാണത്തൊഴിലാളികളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുക, നിർമ്മാണമേഖലയിൽ പ്രത്യക്ഷ വിദേശ നിക്ഷേപം (FDI) അനുവദിക്കുവാനുള്ള തീരുമാനം പിൻവലിക്കുക തുടങ്ങിയ 11 ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് ആഗസ്റ്റ് 25ന് കോട്ടയം ജില്ലാ കളക്ട്രേറ്റിലേക്ക് കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയന്റെയും ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ്‌യൂണിയൻ സെന്ററി(എഐയുറ്റിയുസി)ന്റെയും സംയുക്ത നേതൃത്വത്തിൽ നിർമ്മാണതൊഴിലാളികൾ മാർച്ച് നടത്തി. ആൾ ഇന്ത്യ യുറ്റിയുസി സംസ്ഥാന വൈസ് പ്രസിഡന്റും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന ട്രഷററുമായ സഖാവ് പി.എം.ദിനേശൻ മാർച്ച് ഉദ്ഘാടനം ചെയ്തു.

ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായി എല്ലാ തൊഴിൽ മേഖലകളും തകർന്നടിഞ്ഞപ്പോൾ അല്പമെങ്കിലും തൊഴിൽ സാധ്യത നിലനിന്നിരുന്നത് നിർമ്മാണ മേഖലയിലായിരുന്നുവെന്നും നിർമ്മാണ സാമഗ്രികളുടെ ഭീകരമായ വിലക്കയറ്റം ഈ മേഖലയെയും തകർത്തിരിക്കുന്നുവെന്നും മാർച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. മാസങ്ങളായി നിർമ്മാണമേഖലയിൽ പണിയില്ല. തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലും ദുരിതത്തിലുമാണ്. ഈ തൊഴിലാളികൾക്ക് സർക്കാർ അടിയന്തിര സഹായമെത്തിക്കണം. തൊഴിലാളികൾ അടച്ച 600 കോടിയിലേറെ രൂപ ക്ഷേമനിധി ഫണ്ടിൽ കെട്ടിക്കിടക്കുമ്പോൾ അതിലെ അംഗങ്ങളായ തൊഴിലാളികൾ പട്ടിണിയിലാണ്. ആയതിനാൽ ശക്തമായ ബഹുജനപ്രക്ഷോഭം വളർത്തിയെടുക്കുവാൻ തൊഴിലാളികൾ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു. ഇൻഡ്യ സ്വതന്ത്രമാകുന്ന കാലത്തുതന്നെ തൊഴിലാളികൾ പൊരുതി നേടിയ തൊഴിലവകാശങ്ങളും, നിയമങ്ങളും വൻകിട കോർപ്പറേറ്റുകൾക്കുവേണ്ടി പൊളിച്ചെഴുതുകയാണ് മോഡി സർക്കാരെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപം കൊണ്ടിട്ടുള്ള ക്ഷേമനിധി ബോർഡിൽ നിന്ന് കുത്തകകൾക്ക് വ്യാവസായിക ആവശ്യങ്ങൾക്കായി പണം കൊടുക്കുമ്പോഴും അതിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ചില്ലിത്തുട്ടുപോലും കൊടുക്കുവാൻ സർക്കാർ തയ്യാറാകുന്നില്ലെന്നും സങ്കുചിത കക്ഷിരാഷ്ട്രീയ താൽപര്യങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ബോർഡിനെ കാര്യക്ഷമവും ജനാധിപത്യപരവുമാക്കിത്തീർക്കുവാൻ തൊഴിലാളികളുടെ യോജിച്ച പ്രക്ഷോഭം വളർത്തിയെടുക്കണമെന്നും എഐയുറ്റിയുസി ജില്ലാ പ്രസിഡന്റ് സഖാവ് കെ.പി. വിജയൻ അഭിവാദ്യപ്രസംഗത്തിൽ പറഞ്ഞു. എഐയുറ്റിയുസി ജില്ലാ സെക്രട്ടറിയും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ജില്ലാ പ്രസിഡന്റുമായ വി.പി കൊച്ചുമോൻ അദ്ധ്യക്ഷത വഹിച്ചു. കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി കെ.എൻ.രാജൻ സ്വാഗതം ആശംസിച്ചു. എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് എൻ.കെ. ബിജു, എഐയുറ്റിയുസി നേതാക്കളായ സഖാക്കൾ എം.കെ.കണ്ണൻ, എ.ജി.അജയകുമാർ, കെ.എസ്.ചെല്ലമ്മ, കെ.ജെ.ജോയി, റ്റി.എം. ബോസ് തുടങ്ങിയവർ പ്രസംഗിച്ചു. കോട്ടയം ഗാന്ധി സ്ക്വയറിൽ നിന്നാരംഭിച്ച പ്രകടനത്തിന് കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ നേതാക്കളായ സഖാക്കൾ ബെന്നി ദേവസ്യാ, കെ.പി. പ്രസാദ്, പി.സി. മധു, പി.ജെ.ചാക്കോ, ഷീബാ സാലു തുടങ്ങിയവർ നേതൃത്വം നൽകി. ●




*കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ കോട്ടയം കളക്ട്രേറ്റിലേക്ക് നടത്തിയ മാർച്ചിന് സഖാക്കൾ വി.പി.കൊച്ചുമോൻ, കെ.എൻ.രാജൻ, എം.കെ.കണ്ണൻ, എ.ജി.അജയകുമാർ, കെ.എസ്.ചെല്ലമ്മ, കെ.ജെ.ജോയി, റ്റി.എം.ബോസ തുടങ്ങിയവർ നേതൃത്വം നൽകുന്നു.*

**സൈദ്ധാന്തിക പാഠങ്ങൾ**

# മാർക്സിസം പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതെങ്ങനെ?

**– മാവോ സെ തുങ്**

**മാ**ർക്സിസം പഠിക്കുന്നതിന്റെ ശരിയായ രീതി എടുത്തുകാട്ടിക്കൊണ്ട് മാവോ സെ തുങ് പറഞ്ഞു:

"മാർക്സ്, ഏംഗൽസ്, ലെനിൻ, സ്റ്റാലിൻ എന്നിവരുടെ സിദ്ധാന്തത്തിന് സാർവ്വത്രികമായ പ്രയോഗക്ഷമതയുണ്ട്. ഇതിനെ ഒരു വരട്ടുതത്ത്വവാദമായല്ല, മറിച്ച് പ്രവർത്തനത്തിനുള്ള ഒരു വഴികാട്ടി എന്ന നിലയ്ക്കാണ് നാം പരിഗണിക്കേണ്ടത്. പദങ്ങളും പദാവലികളും വെറുതേ മനസ്സിലാക്കുക എന്നതല്ല ഇതിന്റെ പഠനം കൊണ്ട് ഉദ്ദേശിക്കുന്നത്. മറിച്ച്, വിപ്ലവശാസ്ത്രം എന്ന നിലയിൽ മാർക്സിസം-ലെനിനിസം മനസ്സിലാക്കുക എന്നതാണ്. യഥാർത്ഥ ജീവിതത്തിൽനിന്നും വിപ്ലവാനുഭവങ്ങളിൽനിന്നും മാർക്സും ഏംഗൽസും ലെനിനും സ്റ്റാലിനും അനുമാനിച്ചെടുത്ത പൊതുനിയമങ്ങൾ മനസ്സിലാക്കുക എന്നതു മാത്രവുമല്ല, പ്രശ്നങ്ങൾ പരിശോധിക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിൽ അവർ സ്വീകരിച്ച സമീപനവും രീതിയും പഠിക്കുക എന്നതുകൂടിയുമാണ്." (*മാവോ കൃതികളിൽനിന്നുള്ള തെരഞ്ഞെടുത്ത ഭാഗങ്ങൾ*, പേജ് 155).

മാർക്സിസം-ലെനിനിസത്തോടുള്ള യാന്ത്രികമായ സമീപനം നേതൃത്വത്തിൽ ഉദ്യോഗസ്ഥഗർവ്വും അണികളിൽ അന്ധമായ വിധേയത്വവും രൂപംകൊള്ളാനിടയാക്കും. ഇവ രണ്ടും മാർക്സിസം-ലെനിനിസത്തിനും കമ്മ്യൂണിസ്റ്റ് നൈതികതയ്ക്കും വിരുദ്ധമാണ്. ഈ രണ്ട് പ്രവണതകൾക്കുമെതിരെ മാവോ കഠിനമായ പോരാട്ടമാണ് നടത്തിയത്. അദ്ദേഹം പാർട്ടി അംഗങ്ങളെ ഉപദേശിച്ചു:

"ഗൗരവപൂർവ്വം പരിഗണിക്കേണ്ടത്ര വ്യാപ്തിയിൽ നമ്മുടെ പാർട്ടിയിൽ നിലനിൽക്കുന്ന അന്ധതയെ ഒഴിവാക്കുന്നതിനുവേണ്ടി, സ്വയം ചിന്തിക്കാനും വിശകലനരീതി സ്വായത്തമാക്കാനും വിശകലന ശീലം വളർത്താനും സഖാക്കളെ പ്രോത്സാഹിപ്പിക്കണം; സഖാക്കൾക്ക് അതിനുവേണ്ട ധൈര്യം പകരണം...

"... കമ്മ്യൂണിസ്റ്റുകാർ എല്ലായ്പ്പോഴും ഏതൊരു കാര്യത്തിന്റെയും കാരണങ്ങളിലേക്ക് കടന്നുചെല്ലണം. അവർ അവരുടെ സ്വന്തം ബുദ്ധി ഉപയോഗിക്കുകയും അത് യാഥാർത്ഥ്യത്തിന് നിരക്കുന്നതും സുസ്ഥാപിതവുമാണോ അല്ലയോ എന്ന് ശ്രദ്ധാപൂർവ്വം ചിന്തിക്കുകയും വേണം. യാതൊരു കാരണവശാലും അവർ അന്ധമായി പിന്തുടരുകയോ ദാസ്യമനോഭാവത്തെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുത്... പാർട്ടി അംഗങ്ങളും കേഡർമാരും അവരുടെ മുൻകൈ പ്രവർത്തനത്തിന് പൂർണ്ണപ്രകാശനം നൽകണം. കേഡർമാർക്കും പാർട്ടി അണികൾക്കും സർഗ്ഗാത്മകമായി പ്രവർത്തിക്കാനുള്ള ശേഷിയിലും, ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള സന്നദ്ധതയിലും, പ്രവർത്തനങ്ങളിൽ അവർ കാട്ടുന്ന ഊർജ്ജസ്വലതയിലും, ചോദ്യങ്ങൾ ഉന്നയിക്കാനും അഭിപ്രായങ്ങൾ പറയാനും ന്യൂനതകളെ വിമർശിക്കാനുമുള്ള അവരുടെ ധൈര്യത്തിലും കഴിവിലും, നേതൃതലത്തിലുള്ള കമ്മിറ്റികളുടെയും കേഡർമാരുടെയും മേൽ നിലനിർത്തപ്പെടേണ്ട ഹാർദ്ദമായ, വിമർശനാത്മകമായ മേൽനോട്ടത്തിലും, ഈ മുൻകൈ പ്രവർത്തനം മൂർത്തമായി പ്രദർശിപ്പിക്കപ്പെടണം. അല്ലാത്തപക്ഷം, 'മുൻകൈ പ്രവർത്തനം' അർത്ഥശൂന്യമാവും". (മേൽപുസ്തകം, പേജ് 149–50, 227, 308).

"... തെറ്റുതിരുത്തൽ പ്രസ്ഥാനമെന്നത് 'മാർക്സിസ്റ്റ് വിദ്യാഭ്യാസത്തിനുള്ള ചടുലവും വ്യാപകവുമായ ഒരു പ്രസ്ഥാനമാണ്'. വിമർശനത്തിലൂടെയും സ്വയംവിമർശനത്തിലൂടെയും പാർട്ടി ഒന്നാകെ മാർക്സിസം പഠിക്കുന്നു എന്നാണ് തെറ്റുതിരുത്തലിന്റെ അർത്ഥം." (മാവോ സെ തുങ്: തെരഞ്ഞെടുത്ത കൃതികൾ, വാല്യം 5, പേജ് 428).

"നമ്മൾ കമ്മ്യൂണിസ്റ്റുകാർക്ക്, എല്ലാക്കാര്യങ്ങളിലും ജനങ്ങളുമായി നമ്മെത്തന്നെ സമന്വയിപ്പിക്കാൻ കഴിയണം. നമ്മുടെ പാർട്ടി അംഗങ്ങൾ ജീവിതകാലം മുഴുവൻ അകത്തളങ്ങളിൽ ചടഞ്ഞിരിക്കുകയും ലോകത്തെ നേരിടാനും കൊടുങ്കാറ്റുകളെ അഭിമുഖീകരിക്കാനും വേണ്ടി ഒരിക്കലും പുറത്തിറങ്ങാതിരിക്കുകയുമാണെങ്കിൽ, എന്ത് പ്രയോജനമാണ് അവരെക്കൊണ്ടുള്ളത്? ഒന്നുമില്ല. അത്തരമാളുകളെ പാർട്ടി അംഗങ്ങളായി നമുക്ക് ആവശ്യമില്ല. നമ്മൾ കമ്മ്യൂണിസ്റ്റുകാർ ബഹുജന സമരത്തിന്റെ മഹത്തായ ലോകത്തെ നേരിടുകയും ജനകീയ പോരാട്ടങ്ങളുടെ പ്രചണ്ഡമായ കൊടുങ്കാറ്റുകളെ അഭിമുഖീകരിക്കുകയും വേണം... നാം ജനങ്ങൾക്കിടയിലേക്ക് പോവുകയും അവരിൽനിന്ന് പഠിക്കുകയും വേണം. അവരുടെ അനുഭവങ്ങളെ കൂടുതൽ മെച്ചപ്പെട്ടതും വ്യക്തവുമായ തത്ത്വങ്ങളായും സമ്പ്രദായങ്ങളായും രൂപപ്പെടുത്തണം. എന്നിട്ട്, അത് ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കണം. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിമോചനവും സന്തുഷ്ടിയും കരഗതമാക്കുന്നതിനും വേണ്ടി ഈ തത്ത്വങ്ങളും സമ്പ്രദായങ്ങളും പ്രാവർത്തികമാക്കേണ്ടതുണ്ടെന്ന് നാം അവരെ ബോദ്ധ്യപ്പെടുത്തണം.

"... വരട്ടുതത്ത്വവാദവും അനുഭവമാത്രവാദവും ആജ്ഞാപനരീതിയും വാലിൽത്തൂങ്ങൽ സ്വഭാവവും വിഭാഗീയ ചിന്താഗതിയും ഉദ്യോഗസ്ഥ ഗർവ്വും പ്രവർത്തനത്തിൽ കാട്ടുന്ന ധാർഷ്ട്യമനോഭാവവും പോലുള്ള ദോഷങ്ങൾ നിശ്ചയമായും അപകടകരവും അസഹ്യവുമാണ്; ഇത്തരം ദോഷങ്ങൾ പേറുന്നവർ അവയെ അതിജീവിക്കേണ്ടതുണ്ട്; എന്തുകൊണ്ടെന്നാൽ, അവ നമ്മെ ജനങ്ങളിൽനിന്ന് അകറ്റിക്കളയും". (*മാവോ കൃതികളിൽനിന്നുള്ള തെരഞ്ഞെടുത്ത ഭാഗങ്ങൾ*, പേജ് 301, 315). ●

# ആലപ്പുഴ ജില്ലയിൽ ചെമ്മീൻ പീലിംഗ് തൊഴിലാളികളുടെ സമരത്തിന് വൻവിജയം




*കെഎംഎസ്ടിയുവിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കളക്ട്രേറ്റിലേക്ക് നടന്ന പ്രകടനം*

**ആ**ലപ്പുഴ ജില്ലയിൽ അരൂർ മേഖലയിലെ പീലിംഗ് തൊഴിലാളികൾ പതിറ്റാണ്ടുകളായി അനുഭവിച്ചിരുന്ന കടുത്ത ചൂഷണത്തിനെതിരെ സംഘടിതമായ മുന്നേറ്റത്തിലൂടെ ചരിത്രത്തിലാദ്യമായി സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്ന ഒരു കരാർ നേടിയെടുത്തിരിക്കുന്നു. എഴുപുന്ന ശ്രീനാരായണപുരത്ത് കൂലിക്കുറവിനെതിരെ പ്രതിഷേധിച്ചുകൊണ്ട് തെരുവിലിറങ്ങിയ സ്ത്രീ തൊഴിലാളികളാണ് സമരം ആരംഭിച്ചത്. ഈ തൊഴിലാളികൾക്ക് വ്യക്തമായ ദിശാബോധം നൽകിക്കൊണ്ട് കേരള മത്സ്യസംസ്കരണത്തൊഴിലാളി യൂണിയൻ (KMSTU) രംഗത്തുവന്നു. സമരത്തെ അരൂരിന്റെ തെക്കൻമേഖലയിലേക്കും വടക്കൻ മേഖലയിലേക്കും വ്യാപിപ്പിച്ചു. സമരം ശക്തിപ്പെടുന്നുവെന്നു കണ്ടപ്പോൾ മറ്റു ചില യൂണിയനുകളും സമരത്തിന് പിൻതുണയുമായി എത്തി. 2011 ലും 2012 ലും അമ്പലപ്പുഴ മേഖലയിൽ നടത്തിയ പണിമുടക്ക് സമരത്തിന്റെ വിജയാനുഭവമുള്ള കെഎംഎസ്ടിയു ചിട്ടയായി പടുത്തുയർത്തിയ സമരമാണ് ആഗസ്റ്റ് 18-ാം തീയതി ആലപ്പുഴ കളക്ട്രേറ്റിൽ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന ഒത്തുതീർപ്പു ചർച്ചയിൽ എം.പി.യും എം.എൽ.എ.മാരും അടക്കമുള്ള ജനപ്രതിനിധികളും രാഷ്ട്രീയനേതാക്കളും എത്തിച്ചേരേണ്ടുന്ന സാഹചര്യമൊരുക്കിയത്.

തൊഴിലാളി സമര ചരിത്രത്തിൽ ഇത്തരമൊരു ഉന്നത തല ഒത്തുതീർപ്പുചർച്ച ആലപ്പുഴ ജില്ലയിൽ ആദ്യത്തേതാണ്. കൂലി 10 രൂപ എന്നുള്ളത് 14 രൂപയായും ഒരു കിലോ യൂണിറ്റ് എന്നത് ഒരു വ്യവസ്ഥയായും നിലവിൽവന്നു. മിനിമം കൂലിയും, ഇഎസ്ഐ, പ്രോവിഡന്റ്ഫണ്ട്, ബോണസ്, വർക്കർമാരുടെ വേതനവർദ്ധനവ് എന്നീ വിഷയങ്ങൾ പരിഹരിക്കുന്നതിന് കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല മോണിറ്ററിംഗ് സമിതിയും നിലവിൽവന്നു. ഡി.എൽ.ഒ, ഡി.എം.ഒ, യൂണിയൻ പ്രതിനിധികൾ, ഉടമകളുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ടതാണ് സമിതി. ഈ സമിതിയിൽ കെഎംഎസ്ടിയുവിനെ പ്രതിനിധീകരിച്ച് യൂണിയന്റെ ജനറൽ സെക്രട്ടറി സഖാവ് എസ്.സീതിലാൽ, വനിതാ പ്രതിനിധി കെ.പി.സുബൈദ എന്നിവർ അംഗങ്ങളാണ്.

ആഗസ്റ്റ് 4 മുതൽ പണിമുടക്കിയ തൊഴിലാളികൾ 15 ദിവസവും മുതലാളിമാരുടെ സംഘടനയുടെ ഓഫീസിനുമുന്നിലും സർക്കാർ ഓഫീസുകൾക്കുമുന്നിലും ഉശിരാർന്ന സമരത്തിലായിരുന്നു. അവസാനദിവസം കളക്ട്രേറ്റിനുമുന്നിൽ കെഎംഎസ്ടിയുവിന്റെ നേതൃത്വത്തിൽ രാവിലെ 10 മുതൽ 100 കണക്കിന് തൊഴിലാളികൾ ആരംഭിച്ച ധർണ്ണ ഒത്തുതീർപ്പ് ചർച്ച തീരുന്നതുവരെ തുടരുകയും സമരം ഒത്തുതീർപ്പാക്കാതെ ഉടമകൾക്ക് പുറത്തുകടക്കാനാകാത്ത അവസ്ഥ സൃഷ്ടിക്കുകയും ചെയ്തു. ഇവ്വിധം കടുത്ത സമർദ്ദത്തിലായതാണ് കിലോയ്ക്ക് 14 രൂപയ്ക്കെങ്കിലും ഒത്തുതീർപ്പാക്കുവാൻ ഉടമകളെ നിർബന്ധിതമാക്കിയത്.

സമരത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആൾ ഇന്ത്യാ യുടിയുസി നേതാക്കളായ സഖാക്കൾ പി.ആർ. സതീശൻ, അഡ്വ.എം.എ.ബിന്ദു, ആർ.അർജ്ജുനൻ, പി.പി.വിജയകുമാർ, കെ.പി.സുബൈദ, കെ.പി.മനോഹരൻ എന്നിവർ സമരത്തിന് നേതൃത്വം നൽകി. കെഎംഎസ്ടിയു അരൂർ മേഖലാ ഭാരവാഹികളായ കെ.പ്രതാപൻ, എം.പി. കാർത്തികേയൻ, കെ.കെ.വിക്രമൻ, ജീനാ ജോസഫ്, റോക്കി സന്ധ്യാവ്, എം.ബൈജു, കെ.എസ്.ശശിധരൻ, പി.കൃഷ്ണകുമാർ, കെ.കെ.രാജേഷ്, ഗീതാ ഷിബു, സിന്ധു വിശ്വംഭരൻ, സിന്ധു മധു, ഹേമ സുരേഷ്, ഷീബ, രാജേശ്വരി കുഞ്ഞുമോൻ, വിജയലക്ഷ്മി, ഷൈമ, ഷേർളി, സുമ, പ്രിയ കാർത്തികേയൻ, രേണുക, സാവിത്രി കാർത്തികേയൻ, ശോഭ പ്രസാദ്, പുഷ്പ എന്നിവർ പ്രക്ഷോഭത്തിലുടനീളം തൊഴിലാളികൾക്കൊപ്പം നിലകൊണ്ടു.

നേട്ടങ്ങൾ നിലനിർത്താനും പുതിയ അവകാശങ്ങൾ നേടാനും തൊഴിലാളികളൊടൊപ്പം നിലനിൽക്കുമെന്നും തൊഴിലാളികളെ വഞ്ചിക്കുകയില്ലെന്നും ഉറപ്പാക്കാവുന്ന ഒരേയൊരു യൂണിയൻ കേന്ദ്ര ട്രേഡ്യൂണിയനായ ആൾ ഇന്ത്യാ യുടിയുസിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കെഎംഎസ്ടിയു ആണെന്ന യാഥാർത്ഥ്യം കൂടുതൽ കൂടുതൽ തൊഴിലാളികൾ മനസ്സിലാക്കിവരുകയാണ്. അതിനനുസരിച്ച് യൂണിയനെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ സമരാനന്തരം നേതൃത്വം മുഴുകിയിരിക്കുന്നു. ●



*കേരള മത്സ്യസംസ്കരണത്തൊഴിലാളി യൂണിയൻ(കെഎംഎസ്ടിയു) ആലപ്പുഴ കളക്ട്രേറ്റിലേക്ക് നടത്തിയ മാർച്ചിനെ സഖാവ് കെ.പി.സുബൈദ അഭിവാദ്യം ചെയ്യുന്നു*

# സയണിസം വളർത്തിയത് അമേരിക്കൻ സാമ്രാജ്യത്വം

(1-ാം പേജിന്റെ തുടർച്ച)

ടങ്കം ഭയചകിതരാക്കാനും അവരെ കൊന്നൊടുക്കാനും ലക്ഷ്യം വച്ചുള്ള ഭരണകൂട ഭീകരതയാണ്.

ഈ ആക്രമണം ഗാസയിൽ വരുത്തിത്തീർത്തിരിക്കുന്ന നാശനഷ്ടങ്ങൾ അളവറ്റതാണ്. പള്ളികളും ആശുപത്രികളും സ്കൂളുകളും ആക്രമണത്തിനിരയായി. ഐക്യരാഷ്ട്രസംഘടനയുടെ ദുരിതാശ്വാസ ക്യാമ്പുകൾ പോലും ഒഴിവാക്കപ്പെട്ടില്ല. മിക്ക വീടുകളിലും വൈദ്യുതി വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. ജലവിതരണവും ശുചീകരണസംവിധാനങ്ങളും തകരാറിലായിരിക്കുന്നു. മരുന്നോ ചികിത്സാസൗകര്യങ്ങളോ ലഭ്യമല്ലാതായിരിക്കുന്നു. ഫലത്തിൽ ഇത് മനുഷ്യരാശിക്കെതിരായ യുദ്ധമാണ്. വെടിനിർത്തലിനെപ്പറ്റി ഇടയ്ക്കിടെ കേൾക്കുന്നുണ്ടെങ്കിലും തോക്കുകൾ സദാ ഗർജ്ജിച്ചുകൊണ്ടിരിക്കുന്നു.

ഇസ്രയേലി ഭരണാധികാരികൾ ഇത്ര ധാർഷ്ട്യത്തോടെയും സ്വേച്ഛാപരമായും പെരുമാറുന്നതെന്തുകൊണ്ട്? പാലസ്തീനിലെ ജനങ്ങൾ തെരഞ്ഞെടുപ്പിലൂടെ ഹമാസിനെ അധികാരത്തിലേറ്റിയതുമുതൽ സയണിസ്റ്റ് ഇസ്രയേലി ഭരണകൂടം ഹമാസിന്റെ നേതാക്കളെയും പ്രവർത്തകരെയും കൊലപ്പെടുത്താൻ നിത്തരം ശ്രമിച്ചുവരുന്നതെന്തുകൊണ്ട്? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണമെങ്കിൽ അല്പം ചരിത്രം മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്.

### എന്താണ് സയണിസം?

1896-ൽ തിയോഡർ ഹെർസൽ ആരംഭിച്ച ഒരു പ്രസ്ഥാനമാണ് സയണിസ്റ്റ് പ്രസ്ഥാനം. യഹൂദജനതയ്ക്ക് ഇസ്രയേൽ മണ്ണിലേയ്ക്ക് അഥവാ ജറുസലേമിലേയ്ക്ക് മടങ്ങിച്ചെല്ലണം എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ജറുസലേമിലെ ദേവാലയം സ്ഥിതിചെയ്യുന്ന മലയുടെ പേരായ സയൺ-ൽ നിന്നാണ് ഈ വാക്കുണ്ടായിരിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങളിൽ യഹൂദർക്കെതിരെ നടന്ന ഭീകരമായ മതപീഡനങ്ങളോടും യഹൂദവിരുദ്ധ പ്രസ്ഥാനങ്ങളോടുമുള്ള പ്രതികരണമെന്ന നിലയിലാണ് പത്തൊമ്പതാം നൂറ്റാണ്ടൊടുവിൽ ആധുനിക സയണിസം ജന്മം കൊണ്ടത്. ബൈബിളിലെ പഴയ നിയമത്തിൽ പറയുന്നതനുസരിച്ച് പണ്ട് യഹൂദരുടെ ഭൂമിയായിരുന്നതും പിന്നീട് നഷ്ടപ്പെട്ടുപോയതുമായ സ്ഥലം വീണ്ടെടുക്കുക എന്ന ആശയത്തിന്റെയും, അങ്ങേയറ്റം സങ്കുചിതമായ ദേശീയവാദത്തിന്റെയും ഒത്തുചേരലിലൂടെയാണ് ഇസ്രയേൽ എന്ന ഒരു ആധുനിക യഹൂദരാഷ്ട്രം സ്ഥാപിക്കുക എന്ന സയണിസ്റ്റ് കാഴ്ചപ്പാട് ഉണ്ടായത്.

ഈ പ്രസ്ഥാനം മതപരവും വംശീയവുമായ വികാരങ്ങളെ അടിസ്ഥാനപ്പെടുത്തി വളർന്നുവന്നു. അങ്ങനെ സയണിസം തീവ്രദേശീയവാദപരവും സങ്കുചിതവാദപരവും പ്രതിലോമകരവുമായ ഒരാശയമെന്ന നിലയിൽ കരുത്താർജ്ജിച്ചു. സാമ്രാജ്യത്വ വൻശക്തികളുടെ, വിശിഷ്യ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ, പരിലാളനയിൽ വളർന്നുവന്ന സയണിസം അറബിജനതയുടെ ഭൂമി കൈയടക്കി ഇസ്രയേലിൽ വേരുറപ്പിച്ചു.

### ഇസ്രയേൽ-പാലസ്തീൻ സംഘർഷത്തിന്റെ തുടക്കം

നൂറ്റാണ്ടുകളായി അറബിജനത പാർപ്പുറപ്പിച്ചിരുന്ന മനോഹരമായ ഭൂപ്രദേശമായിരുന്നു പാലസ്തീൻ. ദീർഘകാലം അത് തുർക്കിയിലെ ഓട്ടോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. ഒന്നാം ലോകയുദ്ധകാലത്ത് ബ്രിട്ടൺ പാലസ്തീനിൽ അധിനിവേശം നടത്തി. സാമ്രാജ്യത്വശക്തികൾക്ക് പതിവുള്ളതുപോലെ ബ്രിട്ടൺ 1917-ൽ പുറപ്പെടുവിച്ച ബൽഫോർ പ്രഖ്യാപനത്തിലൂടെ സയണിസ്റ്റ് ഫെഡറേഷന് ഒരുറപ്പ് നൽകി. പാലസ്തീനിൽ യഹൂദജനതയ്ക്ക് സ്വന്തമായൊരു രാജ്യം സ്ഥാപിക്കാൻ വേണ്ട സഹായം നൽകാമെന്നായിരുന്നു അത്. തദ്ദേശീയരായ അറബികൾ താമസമുറപ്പിച്ചിരുന്ന ഭൂപ്രദേശമായിരുന്നു അന്ന് പാലസ്തീൻ. അങ്ങനെ സാമ്രാജ്യത്വശക്തികൾ സയണിസ്റ്റ് പദ്ധതിക്ക് അംഗീകാരം നൽകി. ഒരു ജൂത ദേശീയരാഷ്ട്രമായി ഇസ്രയേൽ സ്ഥാപിക്കുകയെന്ന ബ്രിട്ടന്റെ പദ്ധതിക്ക് ലീഗ് ഓഫ് നേഷൻസ് പോലും അംഗീകാരം നൽകി. അതോടെ വീര്യം വർദ്ധിച്ച സയണിസ്റ്റുകൾ നിയമപരമായും, അതുപോലെ തന്നെ നിയമവിരുദ്ധമായും, പാലസ്തീനിലേയ്ക്ക് ജൂത കുടിയേറ്റക്കാരെ അയയ്ക്കുകയെന്ന നയം ആക്രമണോത്സുകമായി നടപ്പിലാക്കിത്തുടങ്ങി. അതിനവർക്ക് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ഒത്താശയും സഹായവും ലഭിച്ചു. കാലക്രമത്തിൽ സയണിസം കൂടുതൽ കൂടുതൽ കൊളോണിയൽ പ്രവണതകളോടെയും കൊളോണിയൽ അഭിലാഷങ്ങളോടെയും, തദ്ദേശീയ അറബിജനതയോടുള്ള ശത്രുതാമനോഭാവത്തോടെയും വളർന്നുവന്നു. അറബികൾ കഠിനപ്രയത്നത്തിലൂടെ വാസയോഗ്യമാക്കിത്തീർത്ത ഭൂമി കൈയടക്കുകയെന്ന ലാക്കോടെയാണ് സയണിസ്റ്റുകൾ പ്രവർത്തിച്ചത്. ഓട്ടോമൻ നിയമങ്ങളനുസരിച്ച് അറബികളുടെ ഭൂമി വാങ്ങുകയെന്നത് ദുഷ്കരമായിരുന്നു. അതിനാൽ ജൂത കുടിയേറ്റക്കാർ ബലപ്രയോഗത്തിലൂടെ ഭൂമി കൈയടക്കാൻ ശ്രമിച്ചു. അതിന് വേണ്ടി അവർ രഹസ്യമായി പ്രവർത്തിക്കുന്ന സ്വകാര്യസൈന്യങ്ങൾ രൂപീകരിച്ചു. അറബികൾക്കെതിരെ നിയോഗിക്കാവുന്ന രഹസ്യ ഭീകരവാദസംഘടനകളായിരുന്നു അവ. സാമ്രാജ്യത്വശക്തികൾ ഈ സംഘങ്ങൾക്ക് രഹസ്യമായി ആയുധമുൾപ്പെടെയുള്ള എല്ലാ സഹായങ്ങളും നൽകി. അറബികൾക്ക് ക്രമേണ അവരുടെ ഭൂമിയും, അതുവഴി സ്വാധീനവും നഷ്ടമായി. അവിടെ യഹൂദ ഗ്രാമങ്ങൾ സ്ഥാപിക്കപ്പെട്ടു. അത്തരത്തിലുള്ള ഓരോ യഹൂദ കുടിയേറ്റകേന്ദ്രത്തിലും അതിന് മുമ്പ് അറബികൾ സ്വൈര്യ ജീവിതം നയിച്ചിരുന്ന ഗ്രാമങ്ങളുണ്ടായിരുന്നു. എന്നാൽ, ജൂത കുടിയേറ്റക്കാർ സ്ഥലം കൈയടക്കിയതോടെ അവർ അവിടെയുള്ള സകലതും, അറബികളുടെ കെട്ടിടങ്ങളും ശവകുടീരങ്ങളും വരെ, തീർത്തും നശിപ്പിച്ചു. ആ ഗ്രാമങ്ങളെ ചരിത്രത്തിൽ നിന്ന് തന്നെ തുടച്ചുനീക്കുന്ന തരത്തിലുള്ള നശീകരണമാണ് അവരവിടെ നടത്തിയത്. എന്നിട്ടവർ ലോകജനതയെ തെറ്റിദ്ധരിപ്പിക്കുന്നതിന് വേണ്ടി, വെറും മരുഭൂമിയായിരുന്ന സ്ഥലത്ത് ജൂതന്മാർ കഠിനാദ്ധ്വാനം ചെയ്ത് സ്വന്തം രാഷ്ട്രം കെട്ടിപ്പടുത്തിരിക്കുകയാണെന്ന പ്രചാരണം അഴിച്ചുവിട്ടു.

1947-ൽ ബ്രിട്ടീഷ് സാമ്രാജ്യത്വ ശക്തികളുടെ താല്പര്യാനുസരണം ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കപ്പെട്ടു. പാലസ്തീനെ യഹൂദ രാഷ്ട്രവും അറബി രാഷ്ട്രവും എന്ന നിലയിൽ രണ്ടായി വിഭജിക്കുക. മൊത്തം ഭൂഭാഗത്തിന്റെ 55 ശതമാനം യഹൂദർക്കും 45 ശതമാനം അറബികൾക്കും ലഭിക്കണം. ജെറുസലേമിനെ അന്താരാഷ്ട്ര മേഖലയാക്കുകയും വേണം - ഇതായിരുന്നു ആ നിർദ്ദേശം. അങ്ങനെ ബ്രിട്ടൺ യൂറോപ്പിൽ നിന്നുള്ള ജൂത കുടിയേറ്റത്തിന് വാതിൽ തുറന്നിട്ടു. 1930-കളിലും 40-കളിലും നാസിസവും യഹൂദവംശഹത്യകളും മൂലം യഹൂദരുടെ കുടിയേറ്റം വർദ്ധിച്ചിരുന്നുവെന്നതും പ്രസ്താവ്യമാണ്. 1948-ൽ പാലസ്തീന്റെ ജനസംഖ്യയിൽ 33 ശതമാനം യഹൂദരായിരുന്നു. എന്നാൽ, ഭൂമിയുടെ 7 ശതമാനം മാത്രമേ അവർക്ക് സ്വന്തമായുണ്ടായിരുന്നുള്ളു. എന്തായാലും, അറബികളും യഹൂദരും ഒന്നിച്ചുജീവിക്കുന്ന ഒരൊറ്റ രാഷ്ട്രം വേണമെന്ന് താല്പര്യപ്പെട്ടിരുന്ന പാലസ്തീൻകാരായ അറബികൾ രാജ്യം വിഭജിക്കുന്നതിനെതിരായിരുന്നു. ഏത് വിധത്തിലാണെങ്കിലും അത് അവർക്ക് സ്വന്തം മാതൃഭൂമി നഷ്ടപ്പെടാൻ ഇടയാക്കും എന്നതായിരുന്നു കാരണം. എന്നാൽ അവരുടെ ആവശ്യം അംഗീകരിക്കപ്പെട്ടില്ല. ഇസ്രയേൽ പാലസ്തീനികളുടെ മണ്ണിൽ ഒരു സയണിസ്റ്റ് രാഷ്ട്രം പ്രഖ്യാപിച്ചു. അവിടെ യഹൂദർ ന്യൂനപക്ഷം മാത്രമായിരുന്നു. അങ്ങനെ അവർ സ്വന്തം ജനതയുടെ താല്പര്യങ്ങളെത്തന്നെ വഞ്ചിച്ചു. 1948-ൽ യഹൂദരും അറബികളും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഇസ്രയേൽ രാഷ്ട്രം നിലവിൽ വന്നതിനുശേഷവും യുദ്ധം തുടർന്നു. ബ്രിട്ടീഷ് അമേരിക്കൻ സാമ്രാജ്യത്വശക്തികൾ നൽകിയ അത്യാധുനിക ആയുധങ്ങളണിഞ്ഞ ഇസ്രയേലി സയണിസ്റ്റുകൾ ആ യുദ്ധത്തിൽ മേൽക്കൈ നേടി. ഐക്യരാഷ്ട്ര സംഘടനയുടെ വിഭജന പദ്ധതിപ്രകാരം ഇസ്രയേലിന് അനുവദിക്കപ്പെട്ടതിലും എത്രയോ അധികം ഭൂമി സയണിസ്റ്റുകൾ പിടിച്ചെടുത്തു. ആയിരക്കണക്കിന് വർഷങ്ങളായി അവിടെ താമസിച്ചുവരുകയായിരുന്ന ആയിരക്കണക്കിന് പാലസ്തീനികളെ അവർ ഭീകരാന്തരീക്ഷം സൃഷ്ടിച്ചും കൂട്ടക്കുരുതികൾ നടത്തിയും ഉന്മൂലനം ചെയ്യുകയും തുരത്തുകയും ചെയ്തു. ആയിരക്കണക്കിന് അറബികൾ മാതൃഭൂമിയിൽ നിന്ന് പലായനം ചെയ്ത് അയൽരാജ്യങ്ങളിൽ അഭയാർത്ഥികളായി കഴിയുന്നു. ഇപ്പോഴും ആ രാജ്യത്തുതന്നെ തുടരുന്നവരെ സയണിസ്റ്റ് ഇസ്രയേലികൾ കൂടുതൽ കൂടുതൽ ഇടുങ്ങിയ ഭൂപ്രദേശത്തേയ്ക്ക് തള്ളി ഒതുക്കിയിരിക്കുന്നു. ചേരികൾ പോലുള്ള അഭയാർത്ഥി ക്യാമ്പുകളിലാണ് ഇന്നവർ ജീവിച്ചുകൊണ്ടിരിക്കുന്നത്. ജൂതന്മാർ പാലസ്തീനിന്റെ 80 ശതമാനം ഭൂപ്രദേശവും കൈയടക്കി അവിടെ ഇസ്രയേൽ സ്ഥാപിച്ചിരിക്കുന്നു. അയൽരാജ്യങ്ങളിൽ അഭയാർത്ഥികളായി കഴിയുന്ന പാലസ്തീൻകാർക്ക് സ്വന്തം മാതൃരാജ്യത്തേയ്ക്ക് മടങ്ങാനുള്ള സ്വാതന്ത്ര്യം ഇസ്രയേൽ ധിക്കാരപൂർവ്വം നിഷേധിച്ചിരിക്കുകയാണ്. അങ്ങനെ ഇസ്രയേൽ 80 ശതമാനം പാലസ്തീൻകാരെയും അവർ ജീവിച്ചുവന്ന ഭൂമിയിൽ നിന്ന് ബലാൽക്കാരം പുറത്താക്കി. 400-ൽപ്പരം പാലസ്തീനിയൻ ഗ്രാമങ്ങളെ നശിപ്പിച്ചു. ആയിരക്കണക്കിന് പാലസ്തീൻകാരെ കൂട്ടക്കുരുതി നടത്തി. പത്തുലക്ഷത്തോളം പാലസ്തീൻകാരെ അഭയാർത്ഥികളാക്കി മാറ്റി. പാലസ്തീൻകാരെ സ്വന്തം വീടുകളിലേയ്ക്ക് മടങ്ങാൻ അനുവദിക്കണമെന്ന് ഇസ്രയേലിനോട് ആവശ്യപ്പെട്ടുകൊണ്ട് ഐക്യരാഷ്ട്രസംഘടന 1948-ൽത്തന്നെ പ്രമേയം പാസ്സാക്കിയിരുന്നു (സെക്യൂരിറ്റി കൗൺസിൽ പ്രമേയം 93; ജനറൽഅസംബ്ലി പ്രമേയം 194). എന്നാൽ ഇന്നുവരെ ഇസ്രയേൽ അത് അനുസരിച്ചിട്ടില്ല. 1948 മേയ് മാസത്തിൽ ബ്രിട്ടീഷ് സൈന്യം പിൻമാറുകയും ഇസ്രയേൽ നിലവിൽവരുകയും ചെയ്യുന്നതിന് ആറ് മാസം മുമ്പ് സയണിസ്റ്റുകൾ എട്ട് ലക്ഷം പാലസ്തീൻകാരെ ബലാൽക്കാരം കുടിയൊഴിപ്പിക്കുകയും 500-ൽപ്പരം അറബി ഗ്രാമങ്ങളും 11 നഗരങ്ങളും ഒഴിപ്പിക്കുകയും ചെയ്തിരുന്നു.

പക്ഷെ, അധികം വൈകാതെ തന്നെ ബ്രിട്ടീഷ് സാമ്രാജ്യത്വശക്തികളും സയണിസ്റ്റുകളും തമ്മിലുള്ള ബന്ധം വഷളായി. അമേരിക്കൻ സാമ്രാജ്യത്വശക്തികൾ ആ മേഖലയിലേയ്ക്ക് കടന്നുകയറാൻ തുടങ്ങിയതോടെയാണത് സംഭവിച്ചത്. ഇർഗൺ പോലുള്ള സയണിസ്റ്റ് ഭീകരവാദസംഘടനകൾ ബ്രിട്ടീഷ് പട്ടാളക്കാരെ ആക്രമിക്കുകയും കൂട്ടക്കൊല ചെയ്യുകയും അറബികൾക്കെതിരെ ഭീകരാക്രമണങ്ങൾ നടത്തുകയും ചെയ്തു. ഒടുവിൽ, ബ്രിട്ടന്റെ എതിർപ്പിനെ വകവയ്ക്കാതെ സയണിസ്ററുകൾ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നേതാക്കന്മാരുമായി പരസ്യമായ കൂടിക്കാഴ്ച നടത്തി.

തുടർന്ന് 1956, 1967, 1973 എന്നീ വർഷങ്ങളിൽ നടന്ന യുദ്ധങ്ങളിലൂടെ ഇസ്രയേലി ഭരണാധികാരികൾ കൂടുതൽ കൂടുതൽ പ്രദേശങ്ങൾ നിയമവിരുദ്ധമായും ധിക്കാരപൂർവ്വവും കൈയടക്കി. അധിനിവിഷ്ട പ്രദേശങ്ങൾ വിട്ടൊഴിയണമെന്ന ലോകാഭിപ്രായത്തെ അവർ തൃണവൽഗണിച്ചു. ഇക്കാര്യത്തിൽ അമേരിക്കൻസാമ്രാജ്യത്വവും ഇതര സാമ്രാജ്യത്വശക്തികളും അവർക്ക് പൂർണ്ണ പിന്തുണ നൽകി. ഇസ്രയേലിന്റെ ഈ കിരാതമായ ആക്രമണനയം ഫലത്തിൽ ഒരു ജനതയെ ഒന്നാകെ അവരുടെ മാതൃഭൂമിയിൽ നിന്ന് പുറത്താക്കുകയും, രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ അവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ട് ദുരിതമയമായ അഭയാർത്ഥിക്യാമ്പുകളിൽ ജീവിക്കാൻ അവരെ നിർബന്ധിതരാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു.

ഇസ്രയേൽ വെസ്റ്റ്ബാങ്കിലും ഗാസയിലും സൈനിക അധിനിവേശം ആരംഭിച്ചത് 1967-ലാണ്. അതിന് മുമ്പ് ഗാസ മിക്കവാറും ഈജിപ്തിന്റെയും വെസ്റ്റ്ബാങ്ക് ജോർദാന്റെയും നിയന്ത്രണത്തിലായിരുന്നു. 1967-ൽ ഇസ്രയേലും അയൽ അറബി രാജ്യങ്ങളും തമ്മിൽ ഒരു യുദ്ധമുണ്ടായി. ആ സമയത്താണ് ഈ രണ്ട് പാലസ്തീൻ പ്രദേശങ്ങളും ഇസ്രയേൽ കൈയടക്കിയത്. 1981-ൽ ഇസ്രയേൽ സിറിയയുടെ ഗോലാൻ കുന്നുകൾ പിടിച്ചെടുത്തു. അതേ വർഷം തന്നെ ഈജിപ്തിൽ നിന്ന് സിനായ് ഉപദ്വീപും പിടിച്ചെടുത്തു. 1982-ൽ അതവർ ഈജിപ്തിന് തിരിച്ചുനൽകി.

ഇസ്രയേലി രാഷ്ട്രത്തിൽ പൊള്ളയായ ജനാധിപത്യമാണ് നിലനിൽക്കുന്നത്. ഒരു വരേണ്യവിഭാഗമാണ് ഭരണത്തിൽ പിടിമുറുക്കിയിരിക്കുന്നത്. നിരങ്കുശമായ സൈ

(ശേഷം 5-ാം പേജിൽ)

## കൊട്ടാരക്കരയിൽ ഖുദിറാം ബോസ് രക്തസാക്ഷിത്വ ദിനാചരണം




*സമ്മേളനം സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു*

**ഇ**ൻഡ്യൻ സ്വാതന്ത്ര്യസമരത്തിലെ ഉജ്ജ്വല രക്തസാക്ഷി ഖുദിറാം ബോസിന്റെ 106-ാം രക്തസാക്ഷിത്വ ദിനാചരണ സമ്മേളനം കൊട്ടാരക്കര പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ ആഗസ്റ്റ് 11 ന് നടന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ ദേശീയ സ്വാതന്ത്ര്യസമരത്തിലെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തെ തുടർന്ന് വിചാരണചെയ്ത് തൂക്കിലേറ്റപ്പെട്ട ആദ്യത്തെ രക്തസാക്ഷിയാണ് 19 വയസ്സുകാരനായിരുന്ന ഖുദിറാം ബോസ്. യുവാക്കളെയും വിദ്യാർത്ഥികളെയും സംഘടിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ഇന്നത്തെ തലമുറയ്ക്ക് മാതൃകയാണ്. ഭരണാധികാരികൾ ബോധപൂർവ്വം ഈ ചരിത്രം മറച്ചുവച്ചിരിക്കുകയാണെന്ന് ദിനാചരണയോഗം ഉദ്ഘാടനംചെയ്ത് സംസാരിച്ച എ.ഐ.ഡി.വൈ.ഒ സംസ്ഥാന പ്രസിഡന്റ് സ.ടി.കെ.സുധീർകുമാർ അഭിപ്രായപ്പെട്ടു.

അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പിന്തുണയോടെ ഗാസയിൽ ഇസ്രയേൽ നടത്തുന്ന കൂട്ടക്കുരുതിയെ അപലപിക്കുക പോലും ചെയ്യാത്ത കേന്ദ്രത്തിലെ നരേന്ദ്ര മോദി ഗവൺമെന്റ് നമ്മുടെ മഹത്തായ സാമ്രാജ്യത്വ വിരുദ്ധ പാരമ്പര്യത്തിന് കളങ്കമാണെന്നും അദ്ദേഹം പറഞ്ഞു. യോഗത്തിൽ എ.ഐ.ഡി.വൈ.ഒ ജില്ലാ കമ്മിറ്റിയംഗം എസ്.ഷാനവാസ് അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ പി.പി.പ്രശാന്ത്കുമാർ, കെ.മഹേഷ്, ജി.സതീശൻ, എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) കൊട്ടാരക്കര ലോക്കൽ കമ്മിറ്റിയംഗം സ. ഇ.കുഞ്ഞുമോൻ എന്നിവർ പ്രസംഗിച്ചു.

# ഇസ്രായേൽ പാലസ്തീൻജനതയെ മാതൃഭൂമിയിൽനിന്ന് ആട്ടിപ്പായിക്കുന്നു

(4-ാം പേജിന്റെ തുടർച്ച)

നികവൽക്കരണം, സൈന്യത്തിൽ മതഭ്രാന്തന്മാരുടെ ആധിപത്യം, പൗരാവകാശങ്ങളുടെ കാര്യത്തിലുള്ള ശോഷണം, അസത്യപ്രചാരണവും വംശീയതയും അഴിമതിയും ദുർബ്ബലരോടുള്ള ക്രൂരതയും മുഖമുദ്രയാക്കിയ ഗവണ്മെന്റ് എന്നിവയും ആ രാഷ്ട്രത്തിന്റെ സ്വഭാവവിശേഷണങ്ങളത്രേ. ബലാൽക്കാരം കുടിയൊഴിപ്പിക്കപ്പെട്ടവരും ഗാസയിൽ നിയമവിരുദ്ധമായ ഉപരോധത്തെ നേരിടുന്നവരുമായ അറബികൾക്ക് 'ആത്മരക്ഷയ്ക്കുള്ള അവകാശം' അനുവദിക്കപ്പെട്ടിട്ടില്ല. ഇസ്രയേലി സയണിസ്റ്റുകൾ അമേരിക്കയുടെ പിന്തുണയോടെ എല്ലാ സാർവ്വദേശീയ നിയമങ്ങളും മര്യാദകളും ലംഘിച്ചുകൊണ്ടിരിക്കുകയാണ്. ഐക്യരാഷ്ട്രസംഘടനയുടെ പ്രമേയങ്ങളെ അവർ നിർബ്ബാധം ലംഘിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ അവർ, രാജ്യസ്നേഹികളായ പാലസ്തീൻ ജനതയ്ക്ക് അവരുടെ മാതൃഭൂമിയിലുള്ള അവകാശത്തെത്തന്നെ നിഷേധിക്കുകയും എന്തെങ്കിലുമൊക്കെ തൊടുന്യായം പറഞ്ഞ് അവർക്കെതിരെ സൈനികാക്രമണങ്ങൾ നടത്തുകയും ചെയ്യുന്നു.

**സയണിസ്റ്റ് ഇസ്രയേൽ – സാമ്രാജ്യത്വ പിന്തുണയുള്ള ഭീകരഭരണകൂടം**

മുകളിൽ സൂചിപ്പിച്ചതുപോലെ, രണ്ടാം ലോകയുദ്ധാനന്തരം, സാമ്രാജ്യത്വശക്തികളുടെ കരുനീക്കങ്ങളുടെ ഫലമായാണ് 1947 നവംബർ 29-ന് ഐക്യരാഷ്ട്രസംഘടന ജനറൽഅസംബ്ലി 181-ാം നമ്പർ പ്രമേയത്തിലൂടെ പാലസ്തീനിനെ യഹൂദരാജ്യവും അറബിരാജ്യവുമെന്ന രണ്ട് രാജ്യങ്ങളായി വിഭജിക്കാൻ തീരുമാനമെടുത്തത്. അങ്ങനെ 1948 മേയ് 15-ന് ഇസ്രയേൽ രാഷ്ട്രം നിലവിൽ വന്നു. സയണിസ്റ്റ് ഇസ്രയേലി രാഷ്ട്രം വ്യക്തമായും സാമ്രാജ്യത്വ ഗൂഢാലോചനയുടെ ഫലമാണ്. സാമ്രാജ്യത്വശക്തികളുടെ താല്പര്യാർത്ഥമാണത് രൂപീകരിക്കപ്പെട്ടത്. സാമ്രാജ്യത്വശക്തികൾ, വിശിഷ്യ അമേരിക്കൻ സാമ്രാജ്യത്വം, ഇസ്രയേലിന് സൈനികവും സാമ്പത്തികവും രാഷ്ട്രീയവുമായി നിർലോഭമായ സഹായം നൽകിവരുന്നു. ഈ സഹായങ്ങളും പിന്തുണയുമെല്ലാം ഉപയോഗപ്പെടുത്തി ഇസ്രയേൽ അത്യന്താധുനികങ്ങളായ ആയുധങ്ങൾ സമാഹരിച്ച് ലോകത്തിലെ ഏറ്റവും വലിയ യുദ്ധവെറിയൻ ശക്തികളിലൊന്നായി മാറിയിരിക്കുന്നു. ചാരപ്രവർത്തനത്തിനും അട്ടിമറിക്കും കടന്നാക്രമണത്തിനുമുള്ള വമ്പിച്ച ശക്തിയോടുകൂടിയ ഇസ്രയേൽ പാലസ്തീൻകാരുടെ മാത്രമല്ല, പശ്ചിമേഷ്യയിലെ എല്ലാ അറബിരാജ്യങ്ങളുടെയും നിലനില്പിനുതന്നെ ഭീഷണിയായിരിക്കുന്നു. സൈനികശക്തിയിൽ അധിഷ്ഠിതവും വെട്ടിപ്പിടുത്ത സ്വഭാവത്തോടുകൂടിയതുമായ രാജ്യങ്ങളുടെ എല്ലാ ലക്ഷണങ്ങളുമുള്ള ഈ സയണിസ്റ്റ് രാഷ്ട്രം പുതിയ പുതിയ പ്രദേശങ്ങളിലേയ്ക്ക് അധിനിവേശം നടത്തി സ്വന്തം അധീനമേഖല വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ഓരോ അധിനിവേശത്തിന്റെയും അർത്ഥം കൂടുതൽ കൂടുതൽ അറബികൾ ബഹിഷ്കൃതരും കുടിയൊഴിപ്പിക്കപ്പെട്ടവരും ആയിത്തീരുന്നുവെന്നാണ്. അധിനിവേശത്തിനെതിരായ അറബികളുടെ ഏതൊരു പ്രതിഷേധത്തെയും അമർച്ച ചെയ്യുന്നതിന് വേണ്ടി സയണിസ്റ്റുകൾ അവരുടെ രക്ഷിതാക്കളായ അമേരിക്കൻ സാമ്രാജ്യത്വവുമായിച്ചേർന്ന് അത്തരം പ്രതിരോധങ്ങളെയെല്ലാം ഭീകരപ്രവർത്തനങ്ങളെന്ന് മുദ്രയടിക്കുന്നു. അധിനിവിഷ്ട മേഖലകളിലെ അറബികൾക്കെതിരെ കൊടിയ ഭരണകൂടഭീകരത അഴിച്ചുവിടുന്നു. വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തുന്നവരെ ഒറ്റപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ, അറബിജനതയെ ആകമാനം ശിക്ഷിക്കുന്ന തരത്തിലാണ് ഈ ഭീകരമർദ്ദനം നടത്തുന്നത്. പാലസ്തീൻ വിമോചനപ്പോരാളികൾക്ക് പിന്തുണയും അഭയവും നൽകുന്നുവെന്നാരോപിച്ച് അവർ മറ്റ് അറബിരാജ്യങ്ങൾക്കെതിരെ പോലും ആവർത്തിച്ച് ആക്രമണങ്ങളും ഉപരോധങ്ങളും നടത്തുകയുണ്ടായി. ഉദാഹരണമായി 1967-ലെ 6-ദിവസ യുദ്ധത്തിൽ ഇസ്രയേൽ ഈജിപ്ത്, സിറിയ, ലെബനൻ എന്നീ അയൽരാജ്യങ്ങളെ ആക്രമിക്കുകയും അവയുടെ ഭൂപ്രദേശങ്ങൾ പിടിച്ചെടുക്കുകയുമുണ്ടായി.

**പാലസ്തീൻ വിമോചനപ്രസ്ഥാനം**

ജന്മനാട്ടിൽ നിന്നും ഉപജീവനമാർഗ്ഗങ്ങളിൽ നിന്നും പിഴുതെറിയപ്പെട്ട പാലസ്തീൻകാരായ അറബികൾ ദാരിദ്ര്യവും അനിശ്ചിതത്വവും നിറഞ്ഞ ദയനീയമായ ഒരു ജീവിതത്തിലേയ്ക്കാണ് ചെന്നുപതിച്ചത്. സ്വാതന്ത്ര്യത്തോടെയും അന്തസ്സോടെയും ജീവിക്കാനുള്ള കഠിന യത്നത്തിൽ അവർ ഒടുവിൽ പാലസ്തീൻ ലിബറേഷൻ ഓർഗനൈസേഷന്റെ (PLO) നേതൃത്വത്തിൽ സംഘടിത സമരം വളർത്തിയെടുത്തു. യാസർ അറാഫത്തായിരുന്നു അവരുടെ നേതാവ്. ചെറുത്തുനില്പ് യുദ്ധമെന്ന നിലയിൽ ആരംഭിച്ച ആ സമരം വൈകാതെ തന്നെ സ്വതന്ത്ര മാതൃരാജ്യത്തിനും, അതായത് പാലസ്തീൻ രാഷ്ട്രത്തിനും, അറബികൾക്ക് അവരുടെ മാതൃരാജ്യത്തേയ്ക്ക് മടങ്ങാനുള്ള അവകാശത്തിനും വേണ്ടിയുള്ള പോരാട്ടമായി പരിണമിച്ചു. അവർ തങ്ങളുടെ സമരവീര്യത്തിന് ചേർന്ന വണ്ണം ധീരമായി പോരാടി. പക്ഷെ, ദൗർഭാഗ്യവശാൽ, പാലസ്തീൻകാർക്ക് അനുകൂലമായ നിലപാടെടുക്കുന്ന കാര്യത്തിൽ അറബിലോകത്തിൽ അഭിപ്രായൈക്യമുണ്ടായില്ല. അതിന് പുറമെ, അന്നത്തെ സോവിയറ്റ് യൂണിയനിൽ അധികാരത്തിലിരുന്ന തിരുത്തൽവാദി നേതൃത്വത്തിന് പാലസ്തീൻ ജനതയുടെ തികച്ചും ന്യായമായ ദേശീയവിമോചനപ്പോരാട്ടത്തിന് അനുകൂലമായ ഉറച്ച നിലപാടെടുക്കാൻ കഴിഞ്ഞില്ല; അവർ അതിന് തയ്യാറായില്ല. അങ്ങനെ, പാലസ്തീൻ വിമോചനപ്രസ്ഥാനത്തിന് ഗണ്യമായ ഒരു മുന്നേറ്റവും കൈവരിക്കാൻ കഴിഞ്ഞില്ല. പല വളവ് തിരിവുകളിലൂടെയും അത് കടന്നുപോയി.

സാമ്രാജ്യത്വശക്തികളുടെ ഒത്താശയോടെ തിരുത്തൽവാദികൾ നടത്തിയ ഗൂഢാലോചനയുടെ ഫലമായി സോവിയറ്റ് യൂണിയനും സോഷ്യലിസ്റ്റ് ചേരിക്കുമുണ്ടായ ദുഃഖകരമായ പതനം ലോകസംഭവഗതികളെ വലിയൊരളവിൽ സ്വാധീനിക്കുകയുണ്ടായി. സാമ്രാജ്യത്വ മുതലാളിത്ത ശക്തികൾക്കും സയണിസ്റ്റ് ഇസ്രയേലിനും കൂടുതൽ വീറോടെ ആക്രമണങ്ങൾ തുടരാൻ അത് ഉത്തേജനം നൽകി. ഇസ്രയേലിന്റെ അതിക്രമത്തിനെതിരെ വളർന്നുവരുന്ന ബഹുജനാഭിപ്രായം ഇടയ്ക്കൊക്കെ ഇസ്രയേലിനെയും അവരുടെ രക്ഷിതാവായ അമേരിക്കൻ സാമ്രാജ്യത്വശക്തികളെയും താല്ക്കാലിക ഒത്തുതീർപ്പുണ്ടാക്കാൻ നിർബ്ബന്ധിതരാക്കിത്തീർത്തു. ഉദാഹരണമായി 1967-ലെ യുദ്ധത്തിൽ ഇസ്രയേൽ ഈജിപ്തിൽ നിന്ന് പിടിച്ചടക്കിയ ഭൂപ്രദേശങ്ങളിൽ ചിലത് തിരിച്ചുകൊടുക്കാൻ അവർ നിർബ്ബന്ധിതരായി. വീണ്ടും, ഓസ്ലോ കരാറിൻപ്രകാരമുള്ള മദ്ധ്യപൂർവേഷ്യൻ സമാധാനപ്രക്രിയ എന്നറിയപ്പെടുന്നതിന്റെ ഭാഗമായി ഇസ്രയേൽ പാലസ്തീന് ഒരു ദ്വൈരാജ്യപദവി അംഗീകരിച്ചുനൽകാനും, കഴിവതും നേരത്തേ ഒരു അറബി പാലസ്തീനിയൻ രാഷ്ട്രം രൂപീകരിക്കുന്നതിനും സമ്മതിച്ചു. അറാഫത്തിന്റെ നിര്യാണത്തിന് ശേഷം ഉയർന്നുവന്ന പാലസ്തീനിയൻ അറബി നേതൃത്വവും അതിനോട് യോജിച്ചു. പക്ഷെ, സയണിസ്റ്റ് ഇസ്രയേലിന്റെയും യുദ്ധവെറിയൻ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും ആക്രമണോത്സുക നടപടികൾക്കെതിരായ ശക്തമായ ബഹുജനാഭിപ്രായത്തിന്റെ സമ്മർദ്ദം മൂലം സ്വീകരിക്കേണ്ടി വന്ന ഇത്തരം ഒത്തുതീർപ്പുകളുടെയും കരാറുകളുടെയുമെല്ലാം കാര്യത്തിൽ, മനുഷ്യരാശിയുടെ ഈ രണ്ട് കൊടിയ ശത്രുക്കളും വഞ്ചനയുടെയും ധാർഷ്ട്യത്തിന്റെയും നയമാണ് കൈക്കൊണ്ടിട്ടുള്ളത്. ഏതെങ്കിലുമൊരു കരാറുണ്ടാക്കിക്കഴിഞ്ഞാൽ അടുത്ത നിമിഷം തന്നെ അത് ലംഘിക്കാനും, ഐക്യരാഷ്ട്രസംഘടനയുടെ പ്രമേയങ്ങളെപ്പോലും ചവിട്ടിമെതിച്ചുകൊണ്ട് തങ്ങളുടെ വെട്ടിപ്പിടുത്ത നയവുമായി മുന്നോട്ടുപോകാനുമുള്ള എന്തെങ്കിലുമൊരു തൊടുന്യായം അവർ കണ്ടെത്തുന്നു.

**ഹമാസിന്റെ ആവിർഭാവം**

ഇസ്രയേലിനെതിരെ പൊരുതുന്ന തീവ്രനിലപാടുള്ള പല ഇസ്ലാമിസ്റ്റ് ഗ്രൂപ്പുകളുടെ കൂട്ടത്തിൽ ഏറ്റവും പ്രബല ഗ്രൂപ്പായി ഹമാസ് ഉയർന്നുവന്നതെങ്ങനെ എന്ന് മനസ്സിലാക്കിയിരിക്കേണ്ടതാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ 1967-ൽ ഇസ്രയേൽ ഈജിപ്തിനെ പരാജയപ്പെടുത്തി ഗാസ പിടിച്ചെടുത്തു. തുടർന്ന് ഇസ്രയേലി ഭരണാധികാരികളുടെ ആദ്യത്തെ ചെയ്തി, മതേതര പ്രസ്ഥാനമായ പാലസ്തീൻ ലിബറേഷൻ ഓർഗനൈസേഷനെ(പി.എൽ.ഒ) അമർച്ച ചെയ്യുകയും വ്യത്യസ്ത ഇസ്ലാമിക് ഗ്രൂപ്പുകൾക്ക് പിന്തുണ നൽകുകയും ചെയ്യുകയെന്നതായിരുന്നു. അത്തരം ഗ്രൂപ്പുകളിൽ അന്നുവരെ രഹസ്യമായി പ്രവർത്തിച്ചുവന്നിരുന്ന പലതും അതോടെ തലപൊക്കാൻ തുടങ്ങി. ഷെയ്ഖ് അഹമ്മദ് യാസീൻ അന്ന് ഗാസയിലെ മുസ്ലീം ബ്രദർഹുഡിന്റെ നേതാവായിരുന്നു. ഇസ്രയേലി ഭരണാധികാരികൾ അദ്ദേഹത്തിന് ഇസ്ലാമിസ്റ്റ് ഗ്രൂപ്പുകളെ പുനരുജ്ജീവിപ്പിക്കാനുള്ള ചുമതല നൽകി. അവസരം മുതലെടുത്തുകൊണ്ട് അദ്ദേഹം മുസാമ അൽ ഇസ്ലാമിയ എന്ന തീവ്ര ഇസ്ലാമിസ്റ്റ് ഗ്രൂപ്പിന് രൂപം നൽകി. ഇസ്രയേൽ മുസാമയെ ഒരു ജീവകാരുണ്യ സംഘടനയെന്ന് വിശേഷിപ്പിച്ചുകൊണ്ട് അതിന്റെ സഹായത്തോടെ ഇടതുപക്ഷ മതേതര ശക്തികളെ അടിച്ചമർത്താൻ ശ്രമിച്ചു. ചുരുക്കം വർഷങ്ങൾക്കുള്ളിൽ മുസാമ പി.എൽ.ഒ-യെയും അവരുടെ വലിയ ജനസ്വാധീനമുള്ള സംഘടനയായ ഫത്തയെയും ഫലത്തിൽ ഒതുക്കി. ഇസ്രയേലി അധികൃതർ മുസാമയ്ക്ക് കൈയയച്ച് ധനസഹായം നൽകി. എന്നാൽ, ഷെയ്ഖ് യാസീന്റെ അനുയായികൾ ഗാസയിൽ ആയുധങ്ങൾ സംഭരിച്ചുകൊണ്ടിരിക്കുകയാണെന്ന്, ഒരു ദാശാബ്ദത്തിന് ശേഷം ഇസ്രയേൽ മനസ്സിലാക്കി. ഉടൻ തന്നെ യാസീൻ അറസ്റ്റ് ചെയ്യപ്പെട്ടു. എന്നാൽ, തങ്ങൾ സംഭരിച്ചിരിക്കുന്ന ആയുധങ്ങൾ മതേതര ശക്തികൾക്കെതിരെ പ്രയോഗിക്കാനുള്ളതാണെന്ന് ഇസ്രയേലി ഭരണാധികാരികളെ ബോദ്ധ്യപ്പെടുത്താൻ കൗശലക്കാരനായ യാസീന് കഴിഞ്ഞു. 1987-ൽ ഒരു ഇസ്രയേലി ഓടിച്ചിരുന്ന കാർ ഏതാനും പാലസ്തീൻ പൗരന്മാരുടെ മേൽ പാഞ്ഞുകയറിയതിനെത്തുടർന്ന് പാലസ്തീനിൽ സ്ഫോടനാത്മകമായ സാഹചര്യം ഉടലെടുത്തു. ഇസ്രയേൽ അധിനിവേശത്തിലുള്ള വെസ്റ്റ് ബാങ്കിലും ഗാസയിലും പ്രതിഷേധം കലാപത്തിന്റെ സ്വഭാവം കൈക്കൊണ്ടു. യാസീൻ ഈ പ്രതിഷേധങ്ങൾക്ക് നേതൃത്വം നൽകി. മുസ്ലീം ബ്രദർഹുഡിന്റെ പിന്തുണ അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തു. ഈ പൊട്ടിത്തെറിയിൽ നിന്നാണ് ഹമാസ് ജന്മമെടുത്തത്. ഒരർത്ഥത്തിൽ ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം ഹമാസ് ഒരു ഫ്രാങ്കസ്റ്റീൻ ആണെന്ന് പറയാം.

ജന്മമെടുത്ത് രണ്ട് കൊല്ലത്തിന് ശേഷം ഹമാസ് ഇസ്രയേലിനെതിരായ പ്രത്യാക്രമണം ആരംഭിച്ചു. അക്കാലത്ത് ലെബനൻ ഇസ്രയേലി അധിനിവേശത്തിൻ കീഴിലായിരുന്നു. ലെബനനെ ഇസ്രയേലി നുകത്തിൻ കീഴിൽ നിന്ന് മോചിപ്പിക്കാൻ വേണ്ടി പ്രവർത്തിച്ചിരുന്ന വീറുറ്റ സാമ്രാജ്യത്വവിരുദ്ധസംഘടനയായ ഹിസ്ബൊള്ളയുമായി ബന്ധം സ്ഥാപിക്കാൻ ഹമാസ് ശ്രമിച്ചു. 1991-ൽ ഹമാസ് ഇസസ് അദ് ദിൻ അൽ ഖസം എന്ന സായുധ വിഭാഗത്തിന് രൂപം നൽകിക്കൊണ്ട് ഇസ്രയേലിനെതിരെ സമ്പൂർണ്ണമായ പോരാട്ടത്തിനിറങ്ങി. 2005-ൽ അധിനിവിഷ്ട പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ പിഎൽഒ നേതാവ് യാസർ അറാഫത്തിന്റെ സംഘടനയായ ഫത്ത ഹമാസിനെ പരാജയപ്പെടുത്തി. 2006-ൽ പാലസ്തീൻ ലെജിസ്ലേറ്റീവ് കൗൺസിൽ തെരഞ്ഞെടുപ്പിൽ ഹമാസ് മത്സരിച്ചത് സായുധ കലാപത്തിലൂടെ ഇസ്രയേലിന് കനത്ത പരാജയമേല്പിക്കുക എന്ന ആഹ്വാനമുയർത്തിക്കൊണ്ടായിരുന്നു. ഈ ആഹ്വാനത്തിന് പാലസ്തീൻ ജനതയിൽ നിന്ന് വമ്പിച്ച പ്രതികരണമാണ് ലഭിച്ചത്. ഹമാസ് വൻ വിജയം നേടി. നാല്പത് വർഷമായി നിലനിർത്തിവന്ന സ്ഥാനം പി.എൽ.ഒ-യ്ക്ക് നഷ്ടപ്പെട്ടു. 1967-ൽ ഇസ്രയേൽ കൈയടക്കിയ വെസ്റ്റ്ബാങ്ക്, ഗാസ, കിഴക്കൻ ജെറുസലേം എന്നിവിടങ്ങളിൽ നിന്ന് ഇസ്രയേൽ പൂർണ്ണമായും പിന്മാറുകയാണെങ്കിൽ 10 കൊല്ലത്തേയ്ക്ക് വെടിനിർത്തലിന് തയ്യാറാണെന്ന വാഗ്ദാനം അക്കൊല്ലം തന്നെ ഹമാസ് മുന്നോട്ടുവച്ചു. 1967-ലെ അതിർത്തി നിർണ്ണയ ഉടമ്പടി അംഗീകരിക്കാൻ തങ്ങൾ തയ്യാറാണെന്ന ഒരു കത്ത് അവർ അമേരിക്കൻ പ്രസിഡന്റിനും അയച്ചു. പക്ഷെ, അമേരിക്ക അതിനോട് പ്രതികരിച്ചില്ല. തൽഫലമായി സംഘർഷങ്ങളും സംഘട്ടനങ്ങളും തുടർന്നു. അവ വർദ്ധിച്ചുവരികയും ചെയ്തു. 1994-ന് ശേഷം പി.എൽ.ഒ സമരം നയിക്കാൻ ശേഷി നഷ്ടപ്പെട്ട അവസ്ഥയിൽ കാണപ്പെട്ടു. നിരാശരായ പി.എൽ.ഒ പ്രവർത്തകരെയും ദരിദ്രരായ ആൾക്കാരെയും ആകർഷിച്ച് ചേർക്കാനും അവർക്ക് ഇസ്രയേലികൾക്കെതിരെ പൊരുതാനുള്ള ഉപാധികൾ നൽകാനും കഴിഞ്ഞതിലൂടെ ഹമാസ് കരുത്താർജ്ജിച്ചു. ഹമാസിന്റെ മുദ്രാവാക്യങ്ങൾ പി.എൽ.ഒയുടെ സമരോത്സുക കാലഘട്ടത്തെ അനുസ്മരിപ്പിച്ചു. ഹമാസ് ഒറ്റയ്ക്കായിരുന്നില്ല. പോപ്പുലർ ഫ്രണ്ട് ഫോർ ലിബറേ

(ശേഷം 8-ാം പേജിൽ)



പതിനഞ്ച് ഇടതുപക്ഷ പാർട്ടികളുടെ ആഭിമുഖ്യത്തിൽ കൽക്കത്തയിൽ നടന്ന സാമ്രാജ്യത്വവിരുദ്ധറാലി

## വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുക • വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്തം സർക്കാരിന്റേത്

# ഐഎൻപിഎ സെക്രട്ടേറിയറ്റ് മാർച്ച്




*ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസ്സോസിയേഷൻ സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് മാർച്ച് ഡോ. ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്യുന്നു*

**വി**ദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്ന് ഡോ.ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. ഐഎൻപിഎ സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.“ ഒരു ബിഷപ്പ് എന്ന നിലയിലല്ല രക്ഷാകർത്താവ് എന്ന നിലയിലാണ് ഞാൻ നിങ്ങളുടെ മുമ്പാകെ നിൽക്കുന്നത്. സമൂഹത്തിന്റെ ആരോഗ്യവും ജീവനും സംരക്ഷിക്കുക എന്ന വലിയ ഉത്തരവാദിത്തം നിർവ്വഹിക്കുന്ന നഴ്സുമാരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം സമൂഹത്തിനുണ്ട്, സർക്കാരിനുണ്ട്. കേന്ദ്രത്തിലും സംസ്ഥാനത്തും മാറിമാറി വരുന്ന സർക്കാരുകൾ സാധാരണക്കാരന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാനല്ല മറിച്ച് വൻകിട മൂലധനശക്തികളുടെ സംരക്ഷണത്തിനായാണ് സമയവും പണവും വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സർക്കാർ, ബാർ മുതലാളിമാരുടെയും പാറമട മുതലാളിമാരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിലാണ് ശ്രദ്ധാലുക്കളായിരിക്കുന്നത്. ഏറെ സ്വപ്നങ്ങളോടെ മക്കളെ പഠിപ്പിക്കാൻ തുനിഞ്ഞ മാതാപിതാക്കൾ ഇന്ന് വലിയ കടബാദ്ധ്യതക്കാരായി മാറിയിരിക്കുന്നു. വായ്പയെടുത്താലേ പഠിക്കാൻ സാധിക്കൂ എന്ന സ്ഥിതി സൃഷ്ടിച്ചത് മാറിമാറിവന്ന സർക്കാരുകളാണ്. ആത്മഹത്യ പരിഹാരമല്ല.” അദ്ദേഹം അഭിപ്രായപ്പെട്ടു. വിജയം വരെയും സമരപാതയിലുറച്ചു നിൽക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി.വേണുഗോപാൽ, ഫാ. എബ്രഹാം ജോസഫ്, ഡോ.കെ.ഹരിപ്രസാദ്, നന്ദനൻ വലിയപറമ്പിൽ, എം.വി.ചെറിയാൻ, കെ.ജെ. ജോസഫ്, മിനി കെ.ഫിലിപ്പ്, എൻ.ആർ. മോഹൻകുമാർ, കെ.ജെ.ഷീല, പ്രൊഫ.എൻ.ജി.മേരി, എസ്.രാഘവൻ, മേരി തോമസ്, എൻ.വിനോദ്കുമാർ, മേരി എബ്രഹാം, ജി.ആർ.സുഭാഷ്, സി.കെ.ശിവദാസൻ, ഇ.വി.പ്രകാശ്, കെ.ടി.ജോയ്, ഡി.ഹരികൃഷ്ണൻ, സിസിലി ഏലിയാസ്, ബിനുബേബി തുടങ്ങിയവർ പ്രസംഗിച്ചു.

വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായി സർക്കാർ ഏറ്റെടുക്കുക, കുടുംബങ്ങളെ കടക്കെണിയിൽ നിന്നും രക്ഷിക്കുക, ഡോ.എസ്. ബലരാമൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക, എല്ലാമേഖലകളിലും പി.എസ്.സി. വഴിയുള്ള സ്ഥിരം നിയമനങ്ങൾ നടത്തുക, കാലഹരണപ്പെട്ട സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുക, സ്വകാര്യ മേഖലകളിലെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തി ഏകീകരിക്കുവാൻ സർക്കാർ നിയമനിർമ്മാണം നടത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് ഐഎൻപിഎ സെക്രട്ടേറിയറ്റ് മാർച്ച് സംഘടിപ്പിച്ചത്. മുഖ്യമന്ത്രിക്ക് നിവേദനവും സമർപ്പിച്ചു. ●

## ലിബിയയിൽ നിന്നും മടങ്ങിവന്ന നഴ്സുമാരുടെ പുനരധിവാസം ഉറപ്പാക്കണം –ഐ.എൻ.പി.എ

**രൂ**ക്ഷമായ ആഭ്യന്തരകലാപത്തെ തുടർന്ന് ലിബിയയിൽ നിന്നുംമടങ്ങിവന്ന നഴ്സുമാരുടെ പുനരധിവാസം ഉറപ്പാക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് ഐഎൻപിഎ സംസ്ഥാനകമ്മിറ്റി ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഒരു വർഷം മുമ്പ് ലിബിയയിൽ ആഭ്യന്തരകലാപത്തിൽ അകപ്പെട്ടുപോയ നഴ്സുമാരെ ഐഎൻപിഎയുടെ മുൻകൈ പ്രവർത്തനത്തെതുടർന്നാണ് സുരക്ഷിതസ്ഥാനത്തെത്തിച്ചത്. തുടർന്ന് അത്തരം കലാപകലുഷിതമായ സ്ഥലത്തേക്ക് ഏജൻസികൾ ജോലിക്കായി നഴ്സുമാരെ അയയ്ക്കുന്നത് തടയണമെന്ന് ഗവൺമെന്റിനോട് നാം ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ ഏജൻസികൾ കലാപം നടക്കുന്ന സമയത്തുതന്നെ ഏതാണ്ട് 700 ഓളം നഴ്സുമാരെ രഹസ്യ റിക്രൂട്ടിംഗ് നടത്തി ലിബിയയിലേക്ക് അയച്ചു. ഗവൺമെന്റാകട്ടെ വേണ്ട മുൻകരുതലുകൾ എടുത്തിരുന്നുമില്ല. അന്നുപോയ നഴ്സുമാരാണ് ഇപ്പോൾ കലാപത്തിൽപെട്ടുഴലുന്നത്. ആയതിനാൽ വിദേശത്തേക്ക് തൊഴിൽ തേടി പോകുന്ന നഴ്സുമാരുടെ കാര്യത്തിൽ കർശനമായ മുൻകരുതൽ കൈക്കൊള്ളണമെന്നും സംഘടന ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ●

## വയനാട്ടിൽ നഴ്സിന്റെ ആത്മഹത്യ: സർക്കാരും ബാങ്കും ഉത്തരവാദികൾ




*ബാങ്ക് വായ്പക്കെണിയിൽപ്പെട്ട് നഴ്സ് ആത്മഹത്യചെയ്ത സംഭവത്തിൽ പ്രതിഷേധിച്ച് ഐഎൻപിഎ കോട്ടയത്ത് നടത്തിയ പ്രതിഷേധം*

**വ**യനാട്ടിൽ പുൽപ്പള്ളി സ്വദേശി സജിത്തിന്റെ ആത്മഹത്യയുടെ ഉത്തരവാദികൾ ബാങ്ക് അധികാരികളും സർക്കാരുമാണെന്ന് ഐഎൻപിഎ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ്, സെക്രട്ടറി എസ്. മിനി എന്നിവർ ആരോപിച്ചു. സജിത്തിന്റെ വായ്പ പൂർണ്ണമായും എഴുതിത്തള്ളണമെന്നും കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകണമെന്നും അവർ ആവശ്യപ്പെട്ടു.

വായ്പയെടുത്ത് നഴ്സിംഗ് പഠനം പൂർത്തിയാക്കിയ സജിത് തുച്ഛമായ തുകയ്ക്ക് ബാംഗ്ലൂരിലെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യവേ, വായ്പയുടെ തിരിച്ചടവുമായി ബന്ധപ്പെട്ട് ബാങ്ക് തുടർച്ചയായി നടത്തിവന്ന നടപടികളുടെയും ഭീഷണിയുടെയും സമ്മർദ്ദത്താലാണ് ആത്മഹത്യചെയ്തത്.

വിദ്യാഭ്യാസ വായ്പയെടുത്ത് പഠിച്ച നഴ്സുമാരും ഇതര മേഖലകളിലുള്ളവരും ആത്മഹത്യയുടെ വക്കിലാണ്. വായ്പ തിരിച്ചടയ്ക്കാൻ ജോലിയോ, ജോലിക്ക് മതിയായ ശമ്പളമോ സർക്കാർ ഉറപ്പാക്കുന്നില്ല.

റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി കനത്തപലിശയാണ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പയ്ക്ക് ഈടാക്കിക്കൊണ്ടിരിക്കുന്നത്. വായ്പയുടെ ഇരട്ടിയും അതിലേറെയും പലിശ വരുന്നത് ഈ കള്ളക്കണക്കുകൾ മൂലമാണ്. ഈ കണക്കുകൾ പരിശോധിക്കാൻ നിലവിൽ യാതൊരു സംവിധാനവുമില്ല. വിദ്യാഭ്യാസ വായ്പയുടെ പലിശ എഴുതിത്തള്ളാൻ കഴിഞ്ഞ ബജറ്റിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 2600 കോടി രൂപ കൈപ്പറ്റിയശേഷമാണ് ബാങ്കുകൾ ഭീഷണിയുമായി ഇറങ്ങിയിരിക്കുന്നത്. മാത്രവുമല്ല, വിദ്യാഭ്യാസ വായ്പയുടെ റവന്യൂറിക്കവറി നടപടികൾക്ക് സർക്കാർ മൊറട്ടോറിയവും പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ പോലും ബാങ്കുകളുടെ ഭീഷണി അവസാനിക്കുന്നില്ല.

അതിനാൽ ബാങ്കുകളെ നിലയ്ക്ക് നിർത്താനുള്ള കർശന നടപടി സർക്കാർ അടിയന്തിരമായി കൈക്കൊള്ളണം. വിദ്യാഭ്യാസ വായ്പ സർക്കാർ ഏറ്റെടുക്കുക എന്നതാണ് ഈ വിഷയത്തിന്റെ ശാശ്വത പരിഹാരമെന്നും അവർ അറിയിച്ചു. ●

## മദ്യവിപത്തിനെതിരെ ജാഗ്രതാ കൂട്ടായ്മ

**അ**ടച്ചുപൂട്ടിയ ബാറുകൾ തുറക്കേണ്ടതില്ല എന്ന തീരുമാനവും തുറന്നിരിക്കുന്നവയിൽ 312 എണ്ണം അടച്ചുപൂട്ടുമെന്ന പ്രഖ്യാപനവും ബിവറേജസ് ഔട്ട്ലെറ്റുകൾ പ്രതിവർഷം 10 ശതമാനം വീതം അടച്ചുപൂട്ടാനുള്ള നടപടിയും, മദ്യത്തിന്റെ വ്യാപനം ഘട്ടംഘട്ടമായി കുറയ്ക്കണം എന്ന ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യത്തിന്റെ അംഗീകാരമാണ് എന്ന് ജനകീയ പ്രതിരോധ സമിതി കൊല്ലം ജില്ലാ പ്രസിഡന്റ് എ.ജയിംസ് അഭിപ്രായപ്പെട്ടു. കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതി കൊല്ലത്ത് സംഘടിപ്പിച്ച ജാഗ്രതാ കൂട്ടായ്മ ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മദ്യലോബിയുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ സർക്കാർ നിലപാടിൽ ഉറച്ചുനിൽക്കണം. ശക്തമായ ബോധവൽക്കരണവും മദ്യപന്മാർക്ക് സൗജന്യ ചികിത്സയും സർക്കാർ ഉറപ്പാക്കണം. എക്സൈസ്-പോലീസ് ഡിപ്പാർട്ട്മെന്റുകളെ ശക്തിപ്പെടുത്തിക്കൊണ്ട് മദ്യവിപത്തിനെ നേരിടണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഫാ.ഗീവർഗ്ഗീസ് തരകന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇരവിപുരം ഭാസി, കളമത്ത് ഗോപാലകൃഷ്ണൻ, ജി.ധ്രുവകുമാർ, ഡോ. കുഞ്ചാണ്ടിച്ചൻ, കെ.ഒ. മാത്യു പണിക്കർ തുടങ്ങിയവർ പ്രസംഗിച്ചു. ●




കൊല്ലം ടൗണിൽ മദ്യവിരുദ്ധ ജനകീയ സമര സമിതി സംഘടിപ്പിച്ച ജാഗ്രതാ കൂട്ടായ്മ ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജയിംസ് ഉദ്ഘാടനം ചെയ്യുന്നു

## അൺഎയ്ഡഡ് അദ്ധ്യാപകരുടെ തൊഴിലവകാശ സംരക്ഷണ കൺവൻഷൻ

# തുല്യജോലിക്ക് തുല്യവേതനം നൽകുന്ന നിയമമാണ് വേണ്ടത്

**–ജസ്റ്റിസ് കെ. സുകുമാരൻ**






*അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെയും അനധ്യാപകരുടെയും കൺവൻഷൻ തിരുവനന്തപുരത്ത് ആഗസ്റ്റ് 24 ന് ജസ്റ്റിസ് കെ.സുകുമാരൻ ഉദ്ഘാടനം ചെയ്യുന്നു*

സംസ്ഥാനത്തെ എല്ലാ അൺഎയ്ഡഡ് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും അർഹതപ്പെട്ട സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കാൻ സമഗ്രനിയമം നടപ്പാക്കണമെന്നാവശ്യപ്പെട്ട് കേരള അൺഎയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ (കെയുഎസ്റ്റിഒ) ആഗസ്റ്റ് 24-ന് തൊഴിൽ അവകാശ സംരക്ഷണ കൺവൻഷൻ സംഘടിപ്പിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽകളിൽനിന്നുമുള്ള അദ്ധ്യാപക പ്രതിനിധികളുടെ പങ്കാളിത്തത്തോടെ തിരുവനന്തപുരത്ത് അദ്ധ്യാപക ഭവനിൽ സംഘടിപ്പിച്ച കൺവൻഷൻ ജസ്റ്റിസ് കെ. സുകുമാരൻ ഉദ്ഘാടനം ചെയ്തു.

ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ, അൺഎയ്ഡഡ് അദ്ധ്യാപനരംഗത്തും തുല്യജോലിക്ക് തുല്യവേതനം നൽകുന്ന വ്യവസ്ഥ ഉൾപ്പെടുന്ന നിയമമാണ് കൊണ്ടുവരേണ്ടതെന്ന് ജസ്റ്റിസ് കെ.സുകുമാരൻ അഭിപ്രായപ്പെട്ടു. കേവലം മിനിമം വേതനം മാത്രമല്ല അദ്ധ്യാപകരുടെ അന്തസ്സും ആത്മാഭിമാനവും സംരക്ഷിക്കപ്പെടുന്ന തൊഴിൽ സാഹചര്യം സൃഷ്ടിക്കാൻ സംസ്ഥാന സർക്കാർ ബാധ്യസ്ഥമാണെന്നും അദ്ദേഹം പറഞ്ഞു. കെ.യു.എസ്.റ്റി.ഒയുടെ നേതൃത്വത്തിൽ അൺഎയ്ഡഡ് അദ്ധ്യാപകർ ഒത്തൊരുമിച്ചുനടത്തിയ പരിശ്രമങ്ങൾക്ക് ഫലം കണ്ടുതുടങ്ങിയതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കെയുഎസ്റ്റിഒ സംസ്ഥാന വൈസ് പ്രസിഡന്റ് എം.ഷാജർഖാൻ പ്രമേയം അവതരിപ്പിച്ചു. അൺഎയ്ഡഡ് അദ്ധ്യാപകർക്ക് മിനിമം ശമ്പളം ഉറപ്പാക്കാൻ ഒരു തൊഴിൽനിയമം പാസ്സാക്കാൻ തൊഴിൽ വകുപ്പ് നടത്തുന്ന പരിശ്രമങ്ങളെ കൺവൻഷൻ സ്വാഗതം ചെയ്തു. ഈ മേഖല അഭിമുഖീകരിക്കുന്ന ഗുരുതരങ്ങളായ തൊഴിലവകാശ ലംഘനങ്ങൾ അവസാനിപ്പിക്കാൻ മിനിമം വേജ് നിയമം പര്യാപ്തമല്ലെങ്കിലും അൺഎയ്ഡഡ് അദ്ധ്യാപകർക്കായി ഒരു തരത്തിലുള്ള നിയമവും നിലവിലില്ലാതിരിക്കുന്ന സാഹചര്യത്തിൽ, നിയമപരിരക്ഷ പരിമിതമായെങ്കിലും ഉറപ്പാക്കുന്ന ഒന്നെന്ന നിലയിലാണ് കെയുഎസ്റ്റിഒ മിനിമം വേജ് നിയമത്തെ സ്വാഗതം ചെയ്യുന്നത്. ഇന്ത്യയിൽ നിലവിലുള്ള മിനിമം വേതന നിയമം (Minimum Wage Act, 1948), 1978-ലെ ബാംഗ്ലൂർ വാട്ടർ സപ്ലൈ കേസിലെ സുപ്രീം കോടതി വിധി (AIR, 1978, SC 548) എന്നിവയുടെ അടിസ്ഥാനത്തിലും അൺഎയ്ഡഡ് അദ്ധ്യാപകർ ഇന്ത്യൻ ട്രേഡ് യൂണിയൻ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്നവരാണ്. അൺഎയ്ഡഡ് മേഖലയ്ക്കുവേണ്ടിയുള്ള മിനിമം വേജ് നിയമം അവയുടെ അടിസ്ഥാനത്തിലായിരിക്കണം രൂപപ്പെടുത്തേണ്ടത്. സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി കൈപ്പറ്റി കേരളത്തിൽ പ്രവർത്തിക്കുന്ന സി.ബി.സി.ഇ, ഐ.സി.എസ്.ഇ, ഇതര സിലബസ് സ്കൂളുകൾ തുടങ്ങിയ എല്ലാ അൺഎയ്ഡഡ് സ്കുളുകളും ഈ നിയമത്തിന്റെ പരിധിയിൽപ്പെടുമെന്ന് വ്യക്തമാക്കണം. മുഴുവൻ അദ്ധ്യാപകർക്കും നിയമന ഉത്തരവ് (Appointment Order) നൽകിയിരിക്കണമെന്ന് നിയമത്തിൽ നിഷ്ക്കർഷിക്കണം. വേജ് രജിസ്റ്റർ പോലുള്ള റിക്കോർഡുകളോടൊപ്പം സർവ്വീസ് ബുക്ക് മെയിന്റെയിൻ ചെയ്യണമെന്നുകൂടി വ്യവസ്ഥ ചെയ്യണം. മിനിമം ശമ്പളം നിർണ്ണയിക്കാനും പരിഷ്ക്കരിക്കാനും ഐ.ആർ.സി(Industrial Relations Committe), രേഖകൾ പരിശോധിക്കാൻ ഇൻസ്പെക്ഷൻ, ശമ്പളം നൽകുന്നില്ലായെങ്കിൽ നടപടിയെടുക്കാൻ ജുഡീഷ്യൽ അധികാരങ്ങളുള്ള സമിതി തുടങ്ങിയ സംവിധാനങ്ങളും മിനിമം വേജ് നിയമത്തിൽ വ്യവസ്ഥ ചെയ്യപ്പെടണം. അൺഎയ്ഡഡ് അദ്ധ്യാപക മേഖല അഭിമുഖീകരിക്കുന്ന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്ന് സർക്കാർ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ മുകളിൽ സൂചിപ്പിച്ച ആവശ്യങ്ങൾ അംഗീകരിക്കണമെന്നും കൺവൻഷൻ ആവശ്യപ്പെട്ടു.

കെ.യു.എസ്.റ്റി.ഒ സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി. വേണുഗോപാൽ, കേരള അൺഎയ്ഡഡ് സ്കൂൾ സ്റ്റാഫ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ, കെ.യു.എസ്.റ്റി.ഒ സംസ്ഥാന നേതാക്കളായ കെ.എൻ.ലജീഷ്, മാർട്ടിൻ പോൾ, ടി.സി.സിജു, റെജി മലയാലപ്പുഴ, അനൂപ് ജോൺ, ബെന്നി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. സംസ്ഥാന സെക്രട്ടറി വിദ്യ.ആർ.ശേഖർ സ്വാഗതവും ജില്ലാ പ്രസിഡന്റ് ഷൈനാ മേബൽ കൃതജ്ഞതയും പറഞ്ഞു. ●

# ഇറാഖിൽ നിന്നും മടങ്ങിവന്ന നഴ്സുമാരുടെ സംഗമം സെക്രട്ടേറിയറ്റിനുമുന്നിൽ




*നഴ്സുമാരുടെ സംഗമം ജനകീയപ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു*

ഇറാഖിലേക്ക് തൊഴിൽ തേടിപോയ നഴ്സുമാർ ആഭ്യന്തരകലാപത്തിനിരയായി ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങി വരികയുണ്ടായി. ആഭ്യന്തരകലാപം ഏതുനിമിഷവും പൊട്ടിപ്പുറപ്പെടാവുന്ന രാജ്യമാണ് ഇറാഖ്. ലക്ഷക്കണക്കിന് രൂപ വായ്പയെടുത്ത് പഠിച്ചവരാണ് ബഹുഭൂരിപക്ഷം നഴ്സുമാരും. വായ്പാ തുക ഇരട്ടിയും അതിലധികമാവുകയും നമ്മുടെ നാട്ടിൽ മാന്യമായ വേതനം ഉറപ്പാക്കാൻ പറ്റുന്ന ഒരു തൊഴിൽ ലഭ്യമാകാതെയും വന്ന സാഹചര്യത്തിലാണ് നഴ്സുമാർ ഇറാഖിലേക്ക് പോയത്.

ഇപ്പോൾ ആഭ്യന്തരകലാപത്തിന്റെ മരണമുഖത്തുനിന്നും വളരെയേറെ യാതനകൾ സഹിച്ചുകൊണ്ട് പ്രാണരക്ഷാർത്ഥം നഴ്സുമാർ തിരികെ കേരളത്തിലേക്ക് മടങ്ങിവന്നിരിക്കുകയാണ്. വിദ്യാഭ്യാസ വായ്പയ്ക്കുപുറമേ ഇറാഖിലേക്ക് പോകുന്നതിനായി ഏജൻസിക്ക് മുടക്കിയ ലക്ഷങ്ങളടക്കം വലിയൊരു തുകയുടെ ബാധ്യതക്കാരാണ് ഏതാണ്ടെല്ലാവരും. വാഗ്ദാനം ചെയ്യപ്പെട്ട ശമ്പളം ബഹുഭൂരിപക്ഷം നഴ്സുമാർക്കും ലഭിച്ചിട്ടില്ല.

കലാപം തുടങ്ങിയപ്പോൾ തന്നെ ഈ നഴ്സുമാരുടെ തിരിച്ചുവരവിന്റെ കാര്യം ഐഎൻപിഎ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും കേരളഗവൺമെന്റ് അത് ചെവിക്കൊണ്ടിരുന്നില്ല. എന്നാൽ പ്രശ്നങ്ങൾ രൂക്ഷമാവുകയും ഇനി ഗവൺമെന്റ് ശവപ്പെട്ടികൾ അയയ്ക്കട്ടെ എന്നും നഴ്സുമാർ പറയുന്ന സാഹചര്യം ഉണ്ടായപ്പോഴാണ് ഗവൺമെന്റ് ഉണർന്ന് പ്രവർത്തിച്ചത്.

തുടർന്ന് മടങ്ങിവന്ന നഴ്സുമാർ ജൂലൈ 26 ന് കോട്ടയം ആനന്ദമന്ദിരത്തിൽ യോഗം ചേർന്നു. യോഗം ഐഎൻപിഎ സംസ്ഥാന വൈസ്പ്രസിഡന്റ് ഡോ.കെ. ഹരിപ്രസാദ് ഉദ്ഘാടനം ചെയ്തു. തങ്ങളുടേതല്ലാത്ത കാരണത്താൽ ജോലി നഷ്ടപ്പെട്ട് മടങ്ങിവരേണ്ടിവന്നവരുടെ പുനരധിവാസം ഉറപ്പാക്കണമെന്നാണ് യോഗം ആവശ്യപ്പെട്ടത്. അതിനായി ചില ഡിമാന്റുകൾക്കും യോഗം രൂപം നൽകി. സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയും പരിഗണനയും ആദ്യം മടങ്ങിവന്ന നഴ്സുമാർക്ക് മാത്രമായി ചുരുക്കുന്നതിനെ ഐഎൻപിഎ ശക്തമായി എതിർത്തു. തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്ന മുഴുവൻ നഴ്സുമാരെയും പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടേറിയറ്റ് ധർണ്ണ സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു.

ജൂലൈ 30ന് സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ ധർണ്ണ ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽസെക്രട്ടറി ഡോ. വി.വേണുഗോപാൽ ഉദ്ഘാടനംചെയ്തു. സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന കൺവീനർ ശ്രീമതി മിനി കെ.ഫിലിപ്പ്, ഐഎൻപിഎ നേതാക്കളായ എസ്.മിനി, കെ.ജെ.ജോസഫ്, നന്ദനൻ വലിയപറമ്പിൽ, ഇ.വി.പ്രകാശ്, സദാനന്ദൻ, ഇറാഖിൽ നിന്നും മടങ്ങിവന്ന നഴ്സുമാരുടെ പ്രതിനിധി സനീഷ് എന്നിവർ സംസാരിച്ചു. ധർണ്ണയ്ക്കുശേഷം നഴ്സുമാർ ഐഎൻപിഎ. സംസ്ഥാന സെക്രട്ടറി എസ്. മിനിയുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചു.

ഇറാഖിൽ നിന്നും മടങ്ങിവന്നവർക്ക് മാന്യമായ ശമ്പളത്തിൽ ജോലി ഉറപ്പാക്കാനുള്ള നടപടികൾ കൈക്കൊള്ളുക,വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക, മറ്റ് സാമ്പത്തിക ബാധ്യതയുടെ കാര്യത്തിലും തീർപ്പുകൽപ്പിക്കുക,ഒഡെപെക് വഴി വിദേശ റിക്രൂട്ടിംഗ് ഉറപ്പാക്കുക, സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളെ നിയന്ത്രിക്കുക, ഇറാഖിൽ ജോലിചെയ്തതിന്റെ ശമ്പളകുടിശ്ശിക വാങ്ങിനൽകാനുള്ള നടപടികളെടുക്കുക, വിദേശത്തുനിന്നും തങ്ങളുടേതല്ലാത്ത കാരണത്താൽ മടങ്ങിവരേണ്ടിവന്ന നഴ്സുമാരുടെ പുനരധിവാസത്തിനായി പ്രത്യേക പുനരധിവാസപാക്കേജ് തയ്യാറാക്കുക, വിദേശത്തേക്ക് പോകുന്ന നഴ്സുമാരുടെ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സംവിധാനം സർക്കാർ തലത്തിൽ ഉടൻ രൂപപ്പെടുത്തുക, ഇറാഖിൽ നിന്നും മടങ്ങിവന്നവർക്ക് മാന്യമായ ശമ്പളത്തിൽ ജോലി ഉറപ്പാക്കാനുള്ള നടപടികൾ കൈക്കൊള്ളുക, വിദേശത്ത് തൊഴിൽചെയ്യാനാവശ്യമായ പരിശീലനം സർക്കാർ തലത്തിൽ ഉറപ്പുവരുത്തുക എന്നീ ഡിമാന്റുകളടങ്ങിയ നിവേദനമാണ് സമർപ്പിച്ചത്. മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയതിനെതുടർന്ന് മടങ്ങിവന്ന മുഴുവൻ ആളുകളേയും പരിഗണിക്കാമെന്ന് അദ്ദേഹം ഉറപ്പ് നൽകി.അതേ തുടർന്ന് ആഗസ്റ്റ് 6ന് നോർക്കയുടെ ആഭിമുഖ്യത്തിൽ നടന്ന യോഗത്തിൽ മുഴുവൻ നഴ്സുമാരെയും പരിഗണിക്കുകയും ഐഎൻപിഎ ഉന്നയിച്ച ഡിമാന്റുകൾ പരിഗണിക്കുവാനുള്ള നടപടികൾ നോർക്ക കൈക്കൊള്ളുകയും ചെയ്തു. ●

# പാലസ്തീന് ലോകജനത ക്രിയാത്മക പിന്തുണ നൽകണം

(5-ാം പേജിന്റെ തുടർച്ച)

ഷൻ ഓഫ് പാലസ്തീൻ (പിഎഫ്എൽപി), പോപ്പുലർ റെസിസ്റ്റൻസ് കമ്മിറ്റികൾ എന്നിവയും ഒപ്പമുണ്ടായിരുന്നു. അവർ ചെറുത്തുനില്പിന്റെ ജ്വാല കെടാതെ സൂക്ഷിച്ചു. തുടർന്ന്, ഇപ്പോൾ ഗാസ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ഹമാസുമായി അബ്ബാസിന്റെ നേതൃത്വത്തിലുള്ള പിഎൽ.ഒ ഒരു ഒത്തുതീർപ്പ് കരാർ ഒപ്പിട്ടു.

### ഇസ്രയേലിന്റെ കിരാതമായ ആക്രമണം

സ്വന്തം ജന്മഭൂമിയിൽ സ്വന്തം രാഷ്ട്രം എന്ന പാലസ്തീൻ ജനതയുടെ തികച്ചും ന്യായമായ ആവശ്യം അംഗീകരിക്കാൻ, അമേരിക്കൻ പിന്തുണയുള്ള ഇസ്രയേൽ സന്നദ്ധമായില്ല. സയണിസ്റ്റ് ഇസ്രയേൽ 'സമാധാനപ്രക്രിയയുടേതായ' ഈ വർഷങ്ങളിലെല്ലാം അറബി പാലസ്തീൻ രാഷ്ട്രത്തിന്റെ ഉയർന്നുവരവിനെ തടഞ്ഞു. മാത്രവുമല്ല. ജനാധിപത്യപരമായ ഒരു തെരഞ്ഞെടുപ്പിലൂടെ ഹമാസ് പാലസ്തീനിൽ അധികാരത്തിലേറുകയും, സ്വതന്ത്ര രാഷ്ട്രമെന്ന പാലസ്തീൻ ജനതയുടെ ന്യായമായ ആവശ്യം നേടിയെടുക്കുന്നതുവരെ വിട്ടുവീഴ്ചയില്ലാത്ത ചെറുത്തുനില്പ് തുടരുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ, ഹമാസ് ഭരണത്തെ അംഗീകരിക്കാൻ ഇസ്രയേലിലെ സയണിസ്റ്റ് ഭരണാധികാരികൾ വിസമ്മതിച്ചു. പകരം സയണിസ്റ്റുകൾ, അനുരഞ്ജനപരമായ നിലപാടെടുത്തിരിക്കുന്ന ഫത്താ നേതൃത്വവും ഹമാസും തമ്മിലുള്ള കടുത്ത ശത്രുതയെ മുതലെടുത്തുകൊണ്ട്, വെസ്റ്റ് ബാങ്കിൽ പാലസ്തീൻ അതോറിറ്റി എന്ന് വിളിക്കപ്പെടുന്നവരുടെ ഒരു സമാന്തര ഗവണ്മെന്റ് നിലനിർത്താൻ ഫത്താ നേതൃത്വത്തിന് പ്രോത്സാഹനവും പിന്തുണയും നൽകി. അതിനവർക്ക് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഒത്താശയും ലഭിച്ചു. ഹമാസിനെ ബന്ധനസ്ഥമാക്കാനും അധികാരത്തിൽ നിന്ന് പുറന്തള്ളാൻ പോലും, ലക്ഷ്യം വച്ചുകൊണ്ട് ഇസ്രയേൽ ഗാസയ്ക്കെതിരെ മനുഷ്യത്വരഹിതവും സമ്പൂർണ്ണവുമായ ഉപരോധം അടിച്ചേല്പിച്ചു. കഴിഞ്ഞ നിരവധി വർഷങ്ങളായി അത് തുടർന്നുവരുകയാണ്. അതിനും പുറമെ, ഇസ്രയേലി ഭരണാധികാരികൾ തുടർച്ചയായ വ്യോമാക്രമണത്തിലൂടെയും വെടിനിർത്തൽ ലംഘനത്തിലൂടെയും ഹമാസ് നേതാക്കളെ കൊലപ്പെടുത്താനും അവരുടെ സൈനികശക്തിയെ തകർക്കാനും ശ്രമിച്ചുവരുന്നു. അതിനാൽ ഗാസയിലെ ഇന്നത്തെ പ്രതിസന്ധി ദീർഘകാലമായി സയണിസ്റ്റ് ഇസ്രയേൽ വച്ചുപുലർത്തുന്ന ശത്രുതയുടെ തുടർച്ചയായ, തികച്ചും അന്യായമായ കടന്നാക്രമണമല്ലാതെ മറ്റൊന്നുമല്ല. ഗാസയിലെ ധീരോദാത്തരായ ജനത ഹമാസിന്റെ നേതൃത്വത്തിൽ ഈ കടന്നാക്രമണത്തെ വിട്ടുവീഴ്ചയില്ലാതെ നേരിട്ടുകൊണ്ടിരിക്കുന്നു.

### അമേരിക്കൻ സാമ്രാജ്യത്വശക്തികളും കൂട്ടാളികളും കുഴപ്പങ്ങൾ പരിഹരിക്കാതെ നിലനിർത്താൻ ശ്രമിക്കുന്നു

ഗാസയ്ക്കെതിരെ ഇസ്രയേൽ അഴിച്ചുവിട്ടിരിക്കുന്ന അക്രമത്തിന്റെ പ്രശ്നത്തിൽ അമേരിക്ക പതിവ് പോലെ ഇസ്രയേലിന്റെ വക്കാലത്ത് ഏറ്റെടുത്തിരിക്കുകയാണ്. ആ പിന്തുണയില്ലായിരുന്നെങ്കിൽ ഇസ്രയേലിന് അവരുടെ അതിക്രമം അധികനാൾ തുടരാൻ കഴിയുമായിരുന്നില്ല. അമേരിക്കൻ രാഷ്ട്രീയക്കാർ ഇസ്രയേലിനെ പിന്തുണച്ചുകൊണ്ടും ഹമാസ് ഇസ്രയേലിനെതിരെ നടത്തുന്ന റോക്കറ്റാക്രമണത്തെ അപലപിച്ചുകൊണ്ടും കടുത്ത ഭാഷയിലുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കുന്ന കാര്യത്തിൽ പരസ്പരം മത്സരിക്കുകയാണ്. പിഞ്ചുകുഞ്ഞുങ്ങളുൾപ്പെടെയുള്ള നിരപരാധികളെ നിഷ്ഠുരം കൊന്നൊടുക്കുന്ന ഇസ്രയേലിന്റെ നടപടിയെ ന്യായീകരിച്ചുകൊണ്ട് അമേരിക്കൻ പ്രസിഡന്റ് ഒബാമ പറഞ്ഞത് ഇസ്രയേലിന് ആത്മരക്ഷാർത്ഥമുള്ള പ്രതിരോധത്തിന് അവകാശമുണ്ടെന്നാണ്. അതേ സമയം, തങ്ങളുടെ പരിമിതമായ വെടിക്കോപ്പുകളുപയോഗിച്ച് ഇസ്രയേലിന്റെ ആക്രമണത്തെ പ്രതിരോധിക്കാൻ ശ്രമിക്കുന്ന പാലസ്തീൻ ജനതയെയും ഹമാസിനെയും, അവർ ഇസ്രയേലിനെ പ്രകോപിപ്പിക്കുന്നുവെന്ന് പറഞ്ഞ് കുറ്റപ്പെടുത്തുന്നു. എത്ര പരിഹാസ്യമായ വാദം! ലോകത്തെ ഏറ്റവും വലിയ ജയിൽ എന്ന് വിളിക്കാവുന്ന തരത്തിലുള്ള സ്ഥലത്ത് വിദേശാധിപത്യത്തിനും ഉപരോധത്തിനുമിരകളായി ജീവിക്കുന്ന ഒരു ജനവിഭാഗത്തെ ആക്രമണകാരികളെന്നും, ഭീകരമായ ശക്തിയോടെ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്ന ഇസ്രയേലിനെ ഇരയെന്നും വിശേഷിപ്പിക്കുന്ന ഈ വിചിത്രമായ യുക്തി അമേരിക്കൻ സാമ്രാജ്യത്വവാദികളുടെ തനിനിറം വ്യക്തമാക്കുന്നു. അമേരിക്കയുടെ ഈ സമീപനമാണ് സാമ്രാജ്യത്വശക്തികളുടെ നിയന്ത്രണത്തിലുള്ള മാധ്യമങ്ങളിലൂടെ നടന്നുവരുന്ന പ്രചാരണത്തിലും പ്രതിഫലിക്കുന്നത്. ഹമാസ് പ്രവർത്തകർ യാതൊരു പ്രകോപനവുമില്ലാതെ ഇസ്രയേലിന്റെ തെക്കൻമേഖലകളിലേയ്ക്ക് നടത്തുന്ന റോക്കറ്റാക്രമണത്തിനുള്ള തിരിച്ചടി മാത്രമാണ് സയണിസ്റ്റ് ഇസ്രയേൽ നടത്തിവരുന്ന ഈ പൈശാചികമായ ആക്രമണങ്ങളെന്ന് ലോകത്തെ വിശ്വസിപ്പിക്കാനാണ് അവർ ശ്രമിക്കുന്നത്. വെസ്റ്റ് ബാങ്കിലും ഗാസയിലുമുള്ള അറബികളെ പുറന്തള്ളുകയെന്ന തങ്ങളുടെ ആത്യന്തിക ലക്ഷ്യത്തെ ന്യായീകരിക്കാൻ വേണ്ടിയുള്ള ഈ പാലസ്തീൻവിരുദ്ധ പ്രചാരണത്തിൽ, ജനറൽ ഇലക്ട്രിക്കിനെപ്പോലുള്ള അമേരിക്കയിലെ ആയുധ നിർമ്മാതാക്കളായ വൻ ബഹുരാഷ്ട്രകുത്തകകളുടെ നിയന്ത്രണത്തിലുള്ള മാധ്യമങ്ങളെയും (NBC) ഇസ്രയേൽ ആശ്രയിക്കുന്നുണ്ട്. എങ്കിലും, സാധാരണജനങ്ങളെ കൊന്നൊടുക്കുന്ന ഇസ്രയേലി കാടത്തത്തിനെതിരെ ഉയരുന്ന ജനവികാരം കണക്കിലെടുത്ത് അടുത്തയിടെയായി അവർ പ്രചാരണത്തിന്റെ സ്വഭാവത്തിൽ ചെറിയ വ്യത്യാസം വരുത്തിയിട്ടുണ്ട്. ഇന്നത്തെ പ്രതിസന്ധിക്ക് ഇസ്രയേലും ഹമാസും, രണ്ടുകൂട്ടരും ഒരുപോലെ ഉത്തരവാദികളാണ് എന്നതാണ് ഇപ്പോഴത്തെ ഭാഷ്യം. ആക്രമണകാരിയും ഇരയും ഒരേപോലെ ഉത്തരവാദികളാണെന്ന്. അമേരിക്കൻ സാമ്രാജ്യത്വശക്തികളും സയണിസ്റ്റ് ഇസ്രയേലും കൂട്ടാളികളും ദീർഘകാലമായി നിലനിന്നുവരുന്ന ഈ പ്രശ്നത്തിന് ന്യായമായ ഒരു പരിഹാരം കണ്ടെത്താൻ താല്പര്യപ്പെടുന്നില്ല എന്നതാണ് വ്യക്തമായ കാര്യം. പകരം, പ്രശ്നത്തെ നിലനിർത്തുകയും സംഘർഷം സജീവമാക്കി നിർത്തുകയും പാലസ്തീൻ ജനതയ്ക്കുമേൽ നിരന്തരം മാരകമായ കടന്നാക്രമണങ്ങൾ നടത്തുകയും ചെയ്തുകൊണ്ട് പശ്ചിമേഷ്യയെ സംഘർഷാവസ്ഥയിലും നിരന്തരമായ യുദ്ധഭീഷണിയിലും നിലനിർത്തുക എന്നതാണവരുടെ താല്പര്യം.

ഇവിടെ അമേരിക്കൻ സാമ്രാജ്യത്വശക്തികൾക്ക് മറ്റൊരു താല്പര്യവും കൂടിയുണ്ട്. അമേരിക്കയ്ക്ക് പശ്ചിമേഷ്യയിലാകെ അവരുടെ ആധിപത്യം സ്ഥാപിക്കുകയെന്ന പദ്ധതി മുന്നോട്ടുകൊണ്ടുപോകാനും, അവരുടെ ആജ്ഞാനുവർത്തികളാകാൻ തയ്യാറല്ലാത്ത ഇറാനെയും സിറിയയെയും മറ്റും പോലെയുള്ള രാജ്യങ്ങളെ സദാ മുൾമുനയിൽ നിർത്താനും, ഇസ്രയേലിനെപ്പോലെ കരുത്തുറ്റതും യുദ്ധവെറി പൂണ്ടതുമായ ഒരു ശക്തി ആ മേഖലയിലുണ്ടാകേണ്ടത് ആവശ്യമാണ്. ഈ ഗൂഢപദ്ധതി പുറത്തുവരാതിരിക്കാൻ വേണ്ടി അമേരിക്കൻ സാമ്രാജ്യത്വശക്തികൾ ഹമാസിനും പീഡിതരായ പാലസ്തീൻ ജനതയ്ക്കുമെതിരെ പ്രചാരണം അഴിച്ചുവിടുന്നു.

### വെടിനിർത്തലിനുള്ള ഹമാസിന്റെ നിർദ്ദേശം

ഈജിപ്തിന്റെ മുൻകൈയോടെ വന്ന വെടിനിർത്തൽ നിർദ്ദേശം സ്വീകരിച്ചില്ല എന്ന പേരിൽ അമേരിക്കൻ സാമ്രാജ്യത്വശക്തികളും ഇസ്രയേലി അധികാരികളും ഹമാസിനെ കുറ്റപ്പെടുത്തുന്നു. എന്നാൽ യാഥാർത്ഥ്യമെന്താണ്? ഈജിപ്തിന്റെ വെടിനിർത്തൽ നിർദ്ദേശം ഇസ്രയേലുമായും മറ്റ് ശക്തികളുമായും ചേർന്ന് തീരുമാനിച്ചതും, എന്നാൽ ഹമാസുമായി ഒരിക്കൽപ്പോലും ചർച്ച ചെയ്തിട്ടില്ലാത്തതുമാണ്. ഇസ്രയേൽ അടിച്ചേല്പിച്ചിരിക്കുന്ന ഉപരോധം പിൻവലിക്കുന്നത് സംബന്ധിച്ച ഒരു വ്യവസ്ഥയും ആ നിർദ്ദേശത്തിലില്ല. 2012-ലെ ഒരു വെടിനിർത്തലിന്റെ ഭാഗമായിട്ടാണ് അത് നിലവിൽ വന്നതെന്ന് കരുതപ്പെടുന്നു. 2012-ൽ ഇസ്രയേൽ ഗാസയിൽ കടന്ന് ഒരു തുരങ്കം നശിപ്പിച്ച് പ്രകോപനമുണ്ടാക്കി, ഒരു റോക്കറ്റാക്രമണത്തിന് ഹേതുവുണ്ടാക്കി; അതിനെത്തുടർന്ന് ഓപ്പറേഷൻ കാസ്റ്റ് ലെഡ് എന്ന് വിളിക്കപ്പെട്ട ഒരു ആക്രമണം അഴിച്ചുവിട്ടു. ഇസ്രയേലിന്റെ ഓരോ പ്രകോപനവും ഹമാസിന്റെ ഭാഗത്തുനിന്ന് ഒരു നടപടിക്ക് ഹേതുവാകുകയും, തുടർന്ന് ആ ന്യായം പറഞ്ഞ് ഇസ്രയേൽ ഗാസയെ തവിട് പൊടിയാക്കുകയും ചെയ്യുന്നു. ഗാസയുടെ കാര്യത്തിൽ സയണിസ്റ്റ് ഇസ്രയേൽ അനുവർത്തിച്ചു വരുന്ന നയമിതാണ്. ഇസ്രയേൽ അടിച്ചേല്പിച്ചിരിക്കുന്ന ഉപരോധം പൂർണ്ണമായും പിൻവലിക്കണമെന്നത് വെടിനിർത്തലിനുള്ള ഉപാധിയാക്കണം എന്നതാണ് ഹമാസും ഗാസയിലെ മിക്കവാറും എല്ലാ ജനങ്ങളും മറ്റ് പാലസ്തീൻകാരും ആവശ്യപ്പെടുന്നത്.

### ഗാസയ്ക്കെതിരായ ഇസ്രയേലിന്റെ യുദ്ധത്തിനെതിരെ ലോകമെമ്പാടുമുള്ള ജനലക്ഷങ്ങളുടെ പ്രതിഷേധം

സാമ്രാജ്യത്വശക്തികൾ കിണഞ്ഞ് ശ്രമിച്ചിട്ടും ലോകജനതയെ നിശ്ശബ്ദരാക്കാൻ കഴിഞ്ഞിട്ടില്ല. ആക്രമണകാരിയായ ഇസ്രയേലിലുള്ളവരുൾപ്പെടെ ലോകത്തെങ്ങുമുള്ള സമാധാനപ്രേമികളായ ജനങ്ങൾ, മനുഷ്യരാശിക്കെതിരായ ഈ കൊടിയ കുറ്റകൃത്യത്തിന്റെ പേരിൽ ഇസ്രയേലിനെയും അവരുടെ സംരക്ഷകരായ അമേരിക്കൻ സാമ്രാജ്യത്വത്തെയും നിശിതമായി അപലപിക്കുന്നു. ഇസ്രയേലിന്റെ തലസ്ഥാനമായ ടെൽ അവീവിൽ ജൂലൈ 26-ന് അയ്യായിരത്തിൽപ്പരം ഇസ്രയേലികൾ ഗാസ അധിനിവേശവും ഉപരോധവും അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രകടനം നടത്തി. ഇസ്രയേലി കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇസ്രയേലിന്റെ ഗാസ ആക്രമണത്തെ അപലപിച്ചുകൊണ്ടും ഗാസയിലെ ജനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായി. ഇറാനിൽ നഗരങ്ങളും പട്ടണങ്ങളുമായി 770-ലേറെ ഇടങ്ങളിൽ ദശലക്ഷക്കണക്കിനാളുകൾ പ്രതിഷേധ പ്രകടനങ്ങളിൽ അണിനിരന്നു. ടെഹ്റാനിൽ പതിനായിരങ്ങൾ അണിനിരന്ന ഒരു റാലിയിൽ ഒരു കൂറ്റൻ പാലസ്തീൻ പതാക പിടിച്ചിരുന്നു. ഈജിപ്തിൽ, ഗാസയിൽ നിന്ന് ഈജിപ്തിലേയ്ക്കുള്ള തന്ത്രപ്രധാനമായ പാതകൾ അടച്ചതിലൂടെ ഇസ്രയേലിന്റെ ഗാസ ഉപരോധത്തെ സഹായിക്കുന്ന ഈജിപ്ത് പ്രസിഡന്റ് സിസിയുടെ നടപടിയിൽ പ്രതിഷേധിച്ച് ജൂലൈ 25-ന് പ്രകടനങ്ങൾ നടന്നു. നിരോധിക്കപ്പെട്ടിരിക്കുന്ന മുസ്ലീംബ്രദർഹുഡിന്റെ നേതൃത്വത്തിലുള്ള അട്ടിമറിവിരുദ്ധ സഖ്യമാണ് അതിന് നേതൃത്വം നൽകിയത്. പാകിസ്ഥാനിലെ ഏറ്റവും വലിയ നഗരമായ കറാച്ചിയിൽ പതിനായിരങ്ങൾ ഇസ്രയേലിനും അമേരിക്കയ്ക്കുമെതിരെ മുദ്രാവാക്യം മുഴക്കിക്കൊണ്ട് പ്രകടനം നടത്തി. അധിനിവിഷ്ട പാലസ്തീനുമായുള്ള ലെബനന്റെ തെക്കൻ അതിർത്തിയിലെ ഒരു ഗ്രാമമായ മർവാഹിനിൽ സുന്നി ഷിയ മതപണ്ഡിതന്മാർ സംയുക്തമായി പ്രതിഷേധപരിപാടി നടത്തി. ഇസ്രയേൽ ഗാസ ആക്രമണം ആരംഭിച്ച ദിവസം മുതൽ എല്ലാ ദിവസവും ഇസ്താംബൂളിലും അങ്കാറയിലും തുർക്കി പ്രതിഷേധക്കാർ ഇസ്രയേലി എംബസികളിലേയ്ക്ക് പ്രതിഷേധമാർച്ച് നടത്തിവരുന്നു. ജോർദാൻ, സിറിയ, സൗദിഅറേബ്യ, ബഹ്റൈൻ, അൽജീരിയ, സുഡാൻ, ഇറാഖ്, അഫ്ഘാനിസ്ഥാൻ, കിർഗിസ്ഥാൻ, ബംഗ്ലാദേശ്, തായ്‌ലന്റ്, ജപ്പാൻ, ആസ്ട്രേലിയ, നൈജീരിയ എന്നിവിടങ്ങളിലും പ്രതിഷേധറാലികൾ നടന്നു. ജൂലൈ 25-ന് സ്പെയിൻ, ഇറ്റലി, ബെൽജിയം, സ്വീഡൻ, മാസിഡോണിയ തുടങ്ങിയവ ഉൾപ്പെടെയുള്ള നിരവധി യൂറോപ്യൻ രാജ്യങ്ങളിലെ നഗരങ്ങളിൽ പാലസ്തീൻ ഐക്യദാർഢ്യ പ്രകടനങ്ങൾ നടന്നു. ജർമ്മനിയിലെ ബർലിനിൽ യഹൂദ ജനത പാലസ്തീൻ അനുകൂല പ്രകടനത്തിൽ പങ്കുചേർന്നു. ഫ്രാൻസിൽ, പ്രകടനങ്ങൾക്കുമേലുള്ള നിരോധനം ലംഘിച്ചുകൊണ്ട് ജൂലൈ 23-ന് പാരീസിലും ഇതര നഗരങ്ങളിലുമായി പതിനായിരക്കണക്കിന് പേർ പാലസ്തീൻ അനുകൂല പ്രകടനങ്ങളിൽ അണിനിരന്നു. ജൂലൈ 25-ന് ലണ്ടനിലെ ഇസ്രയേലി എംബസിക്ക് മുന്നിൽ അമ്പതിനായിരത്തിൽപ്പരം പേർ പ്രകടനം നട

(ശേഷം 9-ാം പേജിൽ)




## മുളന്തുരുത്തിയിൽ മദ്യവിരുദ്ധ റാലി

**ബാ**റുകൾ അടച്ചുപൂട്ടാനുള്ള സർക്കാർ തീരുമാനം ജനകീയ സമരത്തിന്റെ ഫലമാണെന്നും മദ്യശാലകൾ അടച്ചുപൂട്ടുന്നത് കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക അന്തരീക്ഷത്തെ മെച്ചപ്പെടുത്തുമെന്നും സ്ത്രീസുരക്ഷാ സമിതി സംസ്ഥാന കൺവീനർ ഡോ.വിൻസെന്റ് മാളിയേക്കൽ അഭിപ്രായപ്പെട്ടു. മദ്യത്തിന്റെ വ്യാപനം തടയുവാനും ബാറുകൾ അടച്ചുപൂട്ടുവാനുമുള്ള സർക്കാർ തീരുമാനത്തെ സ്വാഗതം ചെയ്തുകൊണ്ട് കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതി മുളന്തുരുത്തിയിൽ നടത്തിയ ജനകീയ റാലി ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യാജമദ്യദുരന്തത്തെ നേരിടുവാൻ സർക്കാർ സംവിധാനങ്ങൾ ജാഗ്രതയോടെ പ്രവർത്തിക്കണം. മദ്യലഭ്യത പരിമിതപ്പെടുത്തുവാനുള്ള നടപടികൾ ഫലപ്രദമായി നടപ്പിലാക്കിയെടുക്കുവാൻ ജനങ്ങൾ നിതാന്ത ജാഗ്രത പുലർത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മുളന്തുരുത്തി പള്ളിത്താഴത്തുനിന്നും ആരംഭിച്ച റാലിക്കും സമ്മേളനത്തിനും മദ്യവിരുദ്ധ ജനകീയ സമര സമിതി സംസ്ഥാന കൺവീനർ എൻ.ആർ.മോഹൻകുമാർ, ജില്ലാ പ്രസിഡന്റ് കെ.കെ.ഗോപിനായർ, മുളന്തുരുത്തി മേഖല കൺവീനർ എം.ആർ.സെനിത് കുമാർ, സെക്രട്ടറിമാരായ വി.ഐ.റെജി, ടി.സി.കമല, പി.പി.സജീവ് കുമാർ, വി.എ.കൃഷ്ണകുമാർ, ഇ.ആർ.മോഹൻദാസ്, എം.പി.സുധ, മേരി തോമസ്, കെ.ഒ.സുധീർ, എസ്.കെ.അടൂർ, സി.കെ.രാജേന്ദ്രൻ, എ.ജി.ലസിത, പി.സി.തങ്കച്ചൻ തുടങ്ങിയവർ നേതൃത്വം നൽകി. ●

# ഗ്രാമരക്ഷാ സംഗമം



*ഡോ.ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പൊലിത്ത ഗ്രാമരക്ഷാ സംഗമം ഉദ്ഘാടനം ചെയ്യുന്നു*

**പ**ത്തനംതിട്ട വി.കോട്ടയം ഗ്രാമരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ 2014 ആഗസ്റ്റ് 17-ന് വി.കോട്ടയം ചന്ത മൈതാനിയിൽ ഗ്രാമരക്ഷാസംഗമം നടന്നു. കഴിഞ്ഞ ഇരുപതിലേറെ വർഷങ്ങളായി ഈ മേഖലയിൽ പ്രവർത്തിച്ചുകൊിരിക്കുന്ന ജെ. ആന്റ് എസ്. ക്രഷർ യൂണിറ്റ്, അമ്പാടിയിൽ ഗ്രാനൈറ്റ്സ് എന്നീ സ്ഥാപനങ്ങൾ വൻപാരിസ്ഥിതിക ആഘാതമാണ് വരുത്തിക്കൊിരിക്കുന്നത്. എല്ലാ നിയമങ്ങളും ലംഘിച്ചുകൊും സർക്കാർഭൂമി കയ്യേറിക്കൊുമാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. പഞ്ചായത്തും റവന്യൂ അധികാരികളും ഇതിനെല്ലാം കൂട്ടുനിൽക്കുന്നു. വ്യവസ്ഥാപിത രാഷ്ട്രീയ നേതൃത്വങ്ങൾ മൗനാനുവാദം നൽകുകയും കൊള്ളമുതലിന്റെ പങ്കുപറ്റുകയും ചെയ്യുന്നു എന്നാണ് ജനങ്ങളുടെ ആക്ഷേപം. ഇതിനെതിരെ സങ്കുചിത കക്ഷിരാഷ്ട്രീയത്തിനും ജാതിമത പരിഗണനകൾക്കുമതീതമായി വി.കോട്ടയം ഗ്രാമത്തിലെ ജനങ്ങൾ സ്വമേധയാ സംഘടിച്ചുകൊ് ഗ്രാമരക്ഷാ സമിതിക്കു രൂപം നൽകി ഏതാനും മാസങ്ങളായി പ്രവർത്തിച്ചു വരുന്നു. ആഗസ്റ്റ് 16-ന് ഗ്രാമത്തിലുടനീളം വിളംബരറാലിയും ആഗസ്റ്റ് 17-ന് ഗ്രാമരക്ഷാസംഗമവും നടന്നു. സംഗമത്തിൽ നൂറുകണക്കിന് ആളുകൾ പങ്കെടുത്തു. ഡോക്ടർ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ശ്രീഭവനം ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എൻ.ശേഖരൻ, പശ്ചിമഘട്ട സംരക്ഷണ ഏകോപനസമിതി കൺവീനർ എം.ജി. സന്തോഷ്കുമാർ, ആലപ്പുഴ കരിമണൽ ഖനന വിരുദ്ധ സമരസമിതി കൺവീനർ ആർ. പാർത്ഥസാരഥി വർമ്മ, ആറന്മുള പൈതൃക ഗ്രാമ കർമ്മ സമിതി വർക്കിംഗ് പ്രസിഡന്റ് അഡ്വ. എൻ. ഹരിദാസ്, ജനകീയ പ്രതിരോധ സമിതി സംസ്ഥാനസമിതി അംഗം എസ്. രാജീവൻ, പശ്ചിമഘട്ട സംരക്ഷണസമിതി ജില്ലാ സെക്രട്ടറി റെജി മലയാലപ്പുഴ, ഗ്രാമരക്ഷാസമിതി ചെയർമാൻ കെ.എസ്. തോമസ്, കൺവീനർ എം.ജി.മധു, പ്രോഗ്രാം കൺവീനേഴ്സ് എൻ.ബി. തങ്കച്ചൻ, രാജൻ പടിയറ തുടങ്ങിയവർ പങ്കെടുത്തു. ഗ്രാമരക്ഷാ സമിതിയുടെ പ്രവർത്തനങ്ങൾകൊ് വിറളി പിടിച്ച ക്വാറി ഉടമകൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാനും സാമുദായികമായി ചേരിതിരുവുാക്കി തമ്മിലടിപ്പിക്കുവാനുമുള്ള കുത്സിത നീക്കങ്ങൾ നടത്തിക്കൊിരിക്കുന്നു. അതിനെയെല്ലാം അതിജീവിച്ച് ജനങ്ങൾ ഒറ്റക്കെട്ടായി മുന്നേറുകയാണ്. ●

## നിർഭയ സംഭവം:അരുൺ ജയ്റ്റ്ലിയുടെ പ്രസ്താവന

# എഐഎംഎസ്എസ് അപലപിച്ചു

'**നി**ർഭയ' എന്ന പെൺകുട്ടി ക്രൂരമായി പീഡിപ്പിക്കപ്പെടുകയും കൊലചെയ്യപ്പെടുകയും ചെയ്ത, അങ്ങേയറ്റം വേദനയുണർത്തുന്നതും രാജ്യത്തിന്റെ മനഃസാക്ഷിയെ നടുക്കിയതുമായ സംഭവത്തെ നിസ്സാരവൽക്കരിച്ച് പ്രസ്താവന നടത്തിയ പ്രതിരോധവകുപ്പ് മന്ത്രി അരുൺ ജെയ്റ്റ്ലിയുടെ നടപടി അങ്ങേയറ്റം അപലപനീയമാണ് എന്ന് അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന ജനറൽ സെക്രട്ടറി ഡോ.എച്ച്.ജി.ജയലക്ഷ്മി അഭിപ്രായപ്പെട്ടു.

നിർഭയ സംഭവം ആഗോളതലത്തിൽ പ്രചരിപ്പിക്കപ്പെടുകവഴി, ടൂറിസം വഴി ലഭിക്കേണ്ടിയിരുന്ന കോടിക്കണക്കിന് ഡോളർ രാജ്യത്തിന് നഷ്ടംവന്നു എന്നാണ് അരുൺ ജയ്റ്റ്ലി അഭിപ്രായപ്പെട്ടത്. എന്തുതന്നെ വിശദീകരണം നൽകിയാലും ശ്രീമാൻ ജയ്റ്റ്ലിയുടെ പ്രസ്താവന കടുത്ത നിന്ദ അർഹിക്കുന്നതാണ്. സ്ത്രീകൾക്കുനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെ നിസ്സാരമായി കാണുന്ന മനോഭാവമാണ് ഈ പ്രസ്താവനയിലൂടെ വെളിവാകുന്നത്. അതോടൊപ്പം സ്ത്രീകളുടെ അന്തസ്സിനെക്കാളും സുരക്ഷിതത്വത്തെക്കാളും ബിസിനസ്സ് താൽപ്പര്യങ്ങൾക്കാണ് പ്രാമുഖ്യം എന്നുകൂടി വെളിപ്പെടുത്തുന്നു അരുൺ ജയ്റ്റ്ലിയുടെ പ്രസ്താവന.

സ്ത്രീകൾക്കുനേരെ നടക്കുന്ന അതിക്രമങ്ങളെക്കുറിച്ച് മുലായം സിംഗ്, തപസ്സ് പാൽ തുടങ്ങിയ നേതാക്കൾ നടത്തിയ നിരുത്തരവാദപരമായ പരാമർശങ്ങളും അതിന്റെ പ്രത്യാഘാതങ്ങളും സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം പ്രസ്താവനകൾ കുറ്റകൃത്യത്തെ ലഘൂകരിച്ചുകാണിക്കുകയും കുറ്റവാളികൾക്ക് കരുത്തുപകരുകയും ചെയ്യും.

വർമ്മ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതുപോലെ, ഭരണഘടനയ്ക്ക് വിരുദ്ധമായി ഇത്തരം ഹാനികരമായ പ്രസ്താവനകൾ നടത്തുന്ന, ജനപ്രതിനിധികളെ അയോഗ്യരാക്കുന്ന നിയമം കൊണ്ടുവരണമെന്നും ഡോ.ജയലക്ഷ്മി അഭിപ്രായപ്പെട്ടു. ●

# കരുത്തുറ്റ സാമ്രാജ്യത്വവിരുദ്ധപ്രസ്ഥാനം കെട്ടിപ്പടുക്കുക

*(8-ാം പേജിന്റെ തുടർച്ച)*

ത്തി. "ഇസ്രയേലിന്റെ യുദ്ധക്കുറ്റകൃത്യങ്ങളെ പിന്തുണയ്ക്കുന്നത് അവസാനിപ്പിക്കാൻ" അവർ ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറോണിനോട് ആവശ്യപ്പെട്ടു. (*വർക്കേഴ്സ് വേൾഡ്*, 29.07.14)

**ഫലത്തിൽ ഇസ്രയേലിനെയും അമേരിക്കൻ സാമ്രാജ്യത്വത്തെയും അനുകൂലിക്കുന്ന ഇൻഡ്യാഗവണ്മെന്റിന്റെ നിലപാട്**

ഇൻഡ്യയിൽ നമ്മുടെ പാർട്ടി, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)-ന്റെയും നമ്മുടെ ബഹുജനസംഘടനകളുടെയും ആഭിമുഖ്യത്തിലും, അതുപോലെ തന്നെ ആൾ ഇൻഡ്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിലും പ്രതിഷേധ പ്രകടനങ്ങൾ നടന്നു. മറ്റ് ചില സംഘടനകളും പ്രതിഷേധിക്കുകയുണ്ടായി. എന്നാൽ, ഇൻഡ്യൻ ബൂർഷ്വാ ഗവണ്മെന്റ് കൈക്കൊണ്ട നടപടി തികച്ചും അപലപനീയമാണ്. ഇസ്രയേലിന്റെ പൈശാചികാക്രമണത്തെ അസന്ദിഗ്ദ്ധമായി അപലപിക്കാൻ തയ്യാറാവുന്നതിന് പകരം, ഇസ്രയേലുമായി ഇൻഡ്യയ്ക്ക് സൗഹൃദബന്ധമുള്ളതിനാൽ ഈ പ്രശ്നത്തിൽ പക്ഷം പിടിക്കാൻ നമുക്ക് കഴിയില്ല എന്ന നിലപാടാണ് അവർ കൈക്കൊണ്ടത്. ബിജെപി നയിക്കുന്ന ഇൻഡ്യാ ഗവണ്മെന്റ് അങ്ങനെ, നിഷ്പക്ഷതയുടെ മുഖപടമണിഞ്ഞുകൊണ്ട്, വ്യക്തമായും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും കൂട്ടാളികളുടെയും പക്ഷം ചേർന്നു. സാമ്രാജ്യത്വസ്വഭാവം ആർജ്ജിച്ചുകഴിഞ്ഞതും, ഏഷ്യയിലെ വൻശക്തിയാകുക എന്ന അഭിലാഷം നിറവേറ്റുന്നതിന് വേണ്ടി അമേരിക്കൻ സാമ്രാജ്യത്വത്തെ പ്രീണിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ഇൻഡ്യൻ മുതലാളിവർഗ്ഗം, അവരുടെ സാമ്പത്തിക രാഷ്ട്രീയ താല്പര്യങ്ങൾ മുൻനിർത്തി ഇസ്രയേലുമായി സുഹൃദ്ബന്ധം പുലർത്തുകയാണ്. അതിനാൽ, ഈ മുതലാളിവർഗ്ഗത്തിന്റെ കാര്യദർശിയായ ഇൻഡ്യൻ ഗവണ്മെന്റ് ഇസ്രയേലിന്റെ പാതകങ്ങൾക്ക് നിർലജ്ജം അരുനിൽക്കുന്നു.

**ഹിസ്ബുള്ള നേതൃത്വം ഗാസയെ സഹായിക്കാനും ഐക്യത്തിനും വേണ്ടി ആഹ്വാനം ചെയ്യുന്നു**

ലെബനൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വീറുറ്റ സാമ്രാജ്യത്വവിരുദ്ധ സംഘടനയായ ഹിസ്ബുള്ളയ്ക്ക് ഹമാസുമായി പല കാര്യങ്ങളിലും വിയോജിപ്പാണുള്ളതെങ്കിലും, ഹിസ്ബുള്ള നേതൃത്വം താഴെപ്പറയുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്: ഇക്കുറി ഈ യുദ്ധത്തെ അമേരിക്ക തുടക്കം മുതൽ പിന്തുണച്ചുവരികയാണ്. പണം, ആയുധം, മാധ്യമപിന്തുണ, രാഷ്ട്രീയപിന്തുണ ഇവയെല്ലാം അമേരിക്ക നൽകുന്നു. മറുവശത്ത് ഗാസയിലെ ജനങ്ങൾ പുലർത്തുന്ന ഹൃദയാവർജ്ജകമായ നിശ്ചയദാർഢ്യവും ഐക്യവും, ചെറുത്തുനില്പിൽ അവർ അർപ്പിക്കുന്ന വിശ്വാസവും നാം കാണുന്നു. അതുപോലെതന്നെ വേദന, യാതന, ജീവഹാനി, പലായനം എന്നിങ്ങനെയുള്ള അന്തമറ്റ ദുരിതങ്ങളോടുള്ള അവരുടെ അപാരമായ സഹനവും നാം കാണുന്നു. വ്യത്യസ്ത പാലസ്തീനിയൻ വിഭാഗങ്ങളുടെ ശ്രദ്ധേയമായ പ്രവർത്തനമികവും നാം കാണുന്നു. അന്തർദ്ദേശീയവും പ്രാദേശികവുമായ ഈ സമ്മർദ്ദങ്ങളുടെയെല്ലാം മുന്നിൽ അവർ പ്രദർശിപ്പിക്കുന്ന രാഷ്ട്രീയ നിശ്ചയദാർഢ്യം കാണുന്നു. മറ്റ് വിഷയങ്ങളിൽ നമുക്കിടയിലുള്ള എല്ലാ തർക്കങ്ങളും ഭിന്നതകളും പൊരുത്തക്കേടുകളും തൽക്കാലം മാറ്റിവയ്ക്കാം. രാഷ്ട്രീയ നിലപാടിന്റെയും മറ്റും കാര്യത്തിൽ നമുക്കിടയിൽ ഇപ്പോഴും ഭിന്നതകളുണ്ടാകാം. വിശകലനങ്ങളുടെ കാര്യത്തിൽ നമുക്ക് വിയോജിപ്പുകളുണ്ടാകാം. എങ്കിലും, ഒരു ജനതയുടെ ഒന്നാകെയുള്ള താല്പര്യമെന്ന നിലയിൽ, ഒരു ചെറുത്തുനില്പിന്റെ താല്പര്യമെന്ന നിലയിൽ, ശരിതെറ്റുകളെ സംബന്ധിച്ച് യാതൊരു വിധ അർത്ഥശങ്കയ്ക്കുമിടയില്ലാത്ത തികച്ചും ന്യായവും ശരിയുമായ ഒരു ലക്ഷ്യത്തിനുവേണ്ടി എന്ന നിലയിൽ, ഗാസയുടെ പ്രശ്നത്തിൽ നാം ഈ ഭിന്നതകളെല്ലാം തൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കണം. ഗാസയുടെ രക്തവും യാതനയും നിശ്ചയദാർഢ്യവും ധീരോദാത്തതയും മറ്റെല്ലാറ്റിനുമുപരി നമ്മുടെ പരിഗണനയിൽ വരണം. മറ്റെല്ലാ ഭിന്നതകളും മാറ്റിവച്ച് ഏവരും അവരവരുടെ കഴിവനുസരിച്ച് രാഷ്ട്രീയവും ധാർമ്മികവും സാമ്പത്തികവും ഭൗതികവുമായ സഹായവും മാധ്യമങ്ങളിലൂടെയുള്ള പിന്തുണയും, സാധിക്കുമെങ്കിൽ ആയുധങ്ങളും, നൽകി ഗാസയുടെ പോരാട്ടത്തെ സഹായിക്കണം.

**സമാധാനം സ്ഥാപിക്കാൻ എങ്ങനെ കഴിയും**

ഇപ്പോൾ ഗാസയിലുള്ള പാലസ്തീനിയൻ ജനതയുടെ ധീരോദാത്തമായ പോരാട്ടത്തിലൂടെ പ്രതിനിധാനം ചെയ്യപ്പെടുന്ന പാലസ്തീനിയൻ ജനതയുടെ ഈ ന്യായമായ പോരാട്ടം, അവരുടെ നീതിയുക്തമായ ആവശ്യങ്ങൾ അംഗീകരിക്കപ്പെടുമ്പോൾ മാത്രമേ അവസാനിക്കൂ എന്നത് നിസ്തർക്കമാണ്. ഒരു സ്വതന്ത്ര പരമാധികാര പാലസ്തീൻ രാഷ്ട്രം സ്ഥാപിക്കുക, ഇസ്രയേലിന്റെ നിയമവിരുദ്ധമായ അധിനിവേശത്തിൻ കീഴിലായിരിക്കുന്ന സ്വന്തം മാതൃരാജ്യത്തേയ്ക്ക് മടങ്ങാൻ പാലസ്തീൻ ജനതയ്ക്കുള്ള അവകാശം അംഗീകരിക്കുക, 1967-ലെ യുദ്ധത്തിൽ സിറിയയിൽ നിന്നും പാലസ്തീനിൽ നിന്നും പിടിച്ചെടുത്ത പ്രദേശങ്ങളിൽ നിന്ന് ഇസ്രയേൽ പിന്മാറുക എന്നിവയാണ് ഈ ആവശ്യങ്ങളിൽ മുഖ്യം. മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കാതെ ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള യാതൊരു നീക്കവും സാദ്ധ്യമല്ല. അതിന് ഇസ്രയേൽ ഗാസയ്ക്കെതിരെ നടത്തുന്ന ആക്രമണം ഉടൻ അവസാനിപ്പിക്കുകയും, ഗാസയ്ക്കും ഹമാസിനുമെതിരെ ഇസ്രയേൽ ഏർപ്പെടുത്തിയിരിക്കുന്ന ഉപരോധം നിരുപാധികം പിൻവലിക്കുകയും വേണം.

ആക്രമണത്തിൽ നിന്ന് സ്വയം രക്ഷിക്കാനുള്ള അവകാശം വേണ്ടെന്നുവയ്ക്കാൻ സ്വാതന്ത്ര്യസ്നേഹികളായ ഒരു ജനതയ്ക്കും സാധിക്കുകയില്ല. വിശേഷിച്ചും, സയണിസ്റ്റ് ഇസ്രയേലിനെപ്പോലെ യുദ്ധവെറിയും വെട്ടിപ്പിടുത്തനയവുമുള്ള ഒരു അയൽരാജ്യമുള്ളപ്പോൾ. ഇസ്രയേൽ അടിച്ചേല്പിച്ച സമ്പൂർണ്ണവും നിരന്തരവുമായ ഉപരോധം മൂലമുണ്ടായ ഭയാനകമായ സാഹചര്യത്തിൽ ജീവിതത്തിന് അവശ്യം വേണ്ട വസ്തുക്കളും സേവനങ്ങളും ഗാസയിലെത്തിക്കുന്നത് തുരങ്കങ്ങളുടെ ശൃംഖലയിലൂടെയാണ്. ഇസ്രായേലിന്റെ പ്രധാന ആക്രമണലക്ഷ്യങ്ങളിലൊന്ന് അതാണ്. അതിനാൽ, ഉപരോധം പിൻവലിക്കുകയെന്നത് വീണ്ടും ഗാസക്കാരുടെ ഏറ്റവും ന്യായവും അടിയന്തിരമായി അംഗീകരിക്കപ്പെടേണ്ടതുമായ ഒരാവശ്യമയിരിക്കുന്നു.

ജനങ്ങൾക്കെതിരെ അക്രമം നടത്തി അവരെ ദുരിതത്തിലാഴ്ത്തുന്നതിൽ നിന്ന് അമേരിക്കൻ സാമ്രാജ്യത്വശക്തികളെയും സയണിസ്റ്റ് ഇസ്രയേലിനെയും അവരുടെ കൂട്ടാളികളെയും തടയുക എന്നതാണ് സർവ്വപ്രധാനമായ കാര്യം. ഒരിക്കൽ സാമ്രാജ്യത്വ ആക്രമണകാരികളെ നിലയ്ക്കുനിർത്തിയിരുന്ന ശക്തമായ സോഷ്യലിസ്റ്റ് ചേരിയുടെ അഭാവത്തിൽ, ലോകവ്യാപകമായി സുസംഘടിതവും വീറുറ്റതുമായ സാമ്രാജ്യത്വവിരുദ്ധപ്രസ്ഥാനം വളർത്തിയെടുത്ത് അതിന്റെ സമ്മർദ്ദത്തിലൂടെ ചെറുത്തുനില്പിന്റെ നെടുങ്കോട്ട സൃഷ്ടിക്കുക എന്നതാണാവശ്യം. യോജിച്ചതും സുസംഘടിതവും നീണ്ടുനിൽക്കുന്നതും വീറുറ്റതുമായ യുദ്ധവിരുദ്ധ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം ലോകത്തിന്റെ ഓരോ കോണിലും വളർന്നുവരണം. ലോകത്തെ, വിശേഷിച്ചും അറബി രാജ്യങ്ങളിലെ, സ്വാതന്ത്ര്യസ്നേഹികളും സാമ്രാജ്യത്വവിരുദ്ധരും ജനാധിപത്യവിശ്വാസികളുമായ വ്യക്തികളും പ്രസ്ഥാനങ്ങളും, പൊരുതുന്ന പാലസ്തീൻ ജനതയ്ക്ക് ക്രിയാത്മകമായ പിന്തുണ നൽകിക്കൊണ്ട് അചഞ്ചലമായ ഐക്യത്തോടെ നിലകൊള്ളേണ്ടതുണ്ട്. ഗാസയിലെ ജനങ്ങളുടെ പോരാട്ടം ലോക സാമ്രാജ്യത്വവിരുദ്ധപ്രസ്ഥാനത്തിന്റെ അവിഭാജ്യഭാഗമാണെന്ന് മനസ്സിലാക്കണം. സയണിസ്റ്റ് ഇസ്രയേലും അതിന്റെ രക്ഷിതാവായ അമേരിക്കൻ സാമ്രാജ്യത്വവും ചേരുന്ന ദുഷ്ടത നിറഞ്ഞ അച്ചുതണ്ടിനെ പരാജയപ്പെടുത്തുകയെന്നത് ലോകത്തെവിടെയും മുതലാളിത്ത - സാമ്രാജ്യത്വത്തിനെതിരെ നടക്കുന്ന ബഹുജന പ്രക്ഷോഭങ്ങളുടെയും വിപ്ലവപ്പോരാട്ടങ്ങളുടെയും മുന്നേറ്റത്തിനും അനിവാര്യമാണ്. ●

# ലാഭ-നഷ്ട പരിഗണന കൂടാതെ കെഎസ്ആർടിസിയെ സർക്കാർ സംരക്ഷിക്കണം - പൊതുഗതാഗതം ശക്തിപ്പെടുത്തണം

സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.യെ തകർക്കാനും സ്വകാര്യവൽക്കരിക്കാനുമുള്ള ആസൂത്രിതമായ ശ്രമം പല കേന്ദ്രങ്ങളിൽ നിന്നായി ശക്തിയാർജ്ജിച്ചിരിക്കുകയാണിപ്പോൾ. പ്രതിമാസം 90 കോടി രൂപ നഷ്ടത്തിലാണ് സ്ഥാപനം ഓടിക്കൊണ്ടിരിക്കുന്നത് എന്ന കാരണം പറഞ്ഞാണ് കെ.എസ്.ആർ.ടി.സി.യെ നിലനിർത്തേണ്ടതുണ്ടോ എന്ന ചോദ്യം കോടതി പോലും ചോദിക്കുന്നത്. കെ.എസ്.ആർ.ടി.സി. തൊഴിലാളികളും ജനങ്ങളും ഒരു ഞെട്ടലോടെയാണ് ഈ വാർത്തകൾ ശ്രവിച്ചത്.

**ഏ**റ്റവും പ്രധാനപ്പെട്ട കാര്യം, കെ.എസ്.ആർ.ടി.സി.യെ കേവലം ഒരു വ്യവസായ സ്ഥാപനമായി മാത്രം വീക്ഷിച്ചാൽ മതിയോ എന്നതാണ്. വെള്ളം, വൈദ്യുതി, റേഷൻ, ആരോഗ്യ പരിരക്ഷ, പൊതുനിരത്ത്, പൊതു ഗതാഗതം, പൊതു വിദ്യാഭ്യാസം തുടങ്ങിയവ ഒരു ജനാധിപത്യ ഗവൺമെന്റിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ടുന്ന മിനിമം സേവനങ്ങളാണ്. നികുതി പിരിക്കുന്ന സർക്കാരിൽ നിന്നും നികുതി ദായകരായ ജനങ്ങൾക്ക് അവകാശപ്പെട്ട അടിസ്ഥാന സേവനങ്ങളാണ് ഇവ. ഇത് പാടെ നിഷേധിക്കുന്നതാണ് മുതലാളിത്ത ആഗോളവൽക്കരണനയം. പൊതുമേഖലാസ്ഥാപനങ്ങളും പൊതുസേവനങ്ങളും സ്വകാര്യ മൂലധനത്തിന്റെ കുത്തിക്കവർച്ചയ്ക്ക് വിട്ടുകൊടുക്കുകയെന്നതാണതിന്റെ കാഴ്ചപ്പാട്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി ഭരണത്തിലിരിക്കുന്ന എല്ലാ കേന്ദ്ര - സംസ്ഥാന സർക്കാരുകളും അവയെ നയിക്കുന്ന പാർട്ടികളും അഡ്മിനിസ്ട്രേഷനും കോടതിയും എല്ലാം ഈ നയത്തിന്റെ പ്രായോജകരാണെന്ന കാര്യം കെ.എസ്.ആർ.ടി.സി തൊഴിലാളികൾ മനസ്സിലാക്കണം.

ചെലവ് കുറഞ്ഞ സുരക്ഷിതയാത്ര ജനങ്ങൾക്ക് ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തോടെ 1938-ൽ തിരുവിതാംകൂർ മഹാരാജാവിന്റെ കാലത്ത് തുടങ്ങിയതാണ് കേരളത്തിൽ പൊതുഗതാഗതം. പിന്നീട് ജനാധിപത്യഭരണം വന്നപ്പോൾ ഇത് ഒരു സർക്കാർ ഡിപ്പാർട്ട്മെന്റായി. 1965-ൽ സർക്കാർ ഇതിനെ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.) ആക്കി. അപ്പോഴും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ട്-1950 നു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമെന്ന നിലയിൽ അതിന്റെ പ്രഖ്യാപിത ലക്ഷ്യം ജനങ്ങൾക്ക് ചെലവു കുറഞ്ഞ സുരക്ഷിത യാത്രാസൗകര്യം ഉറപ്പു വരുത്തുക എന്നതായിരുന്നു. എന്നാൽ ഈ ഘട്ടങ്ങളിലെല്ലാം സ്ഥാപനം കാര്യക്ഷമമായി നടത്തിയാൽ ലാഭമുണ്ടാക്കാൻ കഴിയുമെന്ന് ഏവരും അംഗീകരിച്ചിരുന്നു.

സംസ്ഥാനത്തെ പൊതുഗതാഗതത്തിന്റെ 27% മാത്രമാണ് ഇപ്പോഴും കെ.എസ്.ആർ.ടി.സി കൈകാര്യം ചെയ്യുന്നത്. ബാക്കിയുള്ള 73% വും സ്വകാര്യ മേഖലയിലാണ്. പൊതുഗതാഗതത്തിന്റെ സാന്നിദ്ധ്യം ഗണ്യമായി വർദ്ധിപ്പിക്കുകയെന്നതാണ് അടിയന്തര ആവശ്യകത. കെ.എസ്.ആർ.ടി.സി.യുടെ 27% സാന്നിദ്ധ്യം കൊണ്ടു തന്നെ സംസ്ഥാനത്തെ പൊതുയാത്രാരംഗത്ത് ജനങ്ങൾക്ക് ലഭിക്കുന്ന ആശ്വാസം വമ്പിച്ചതാണ്. അതുകൂടി സ്വകാര്യ മുതലാളിമാരുടെ കയ്യിലേക്ക് കൊടുത്താൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെയധികം ചലനാത്മകവും ഗതാഗതാവശ്യം ഏറെയുള്ളതുമായ കേരളസമൂഹത്തിന്റെ യാത്രാദുരിതം എത്ര മടങ്ങായി വർദ്ധിക്കുമെന്നത് ഊഹാതീതമാണ്. യാത്രാനിരക്ക്, സുരക്ഷിതത്വം, ആവശ്യകത, സാമൂഹ്യപ്രതിബദ്ധത തുടങ്ങിയവയുടെ കാര്യത്തിൽ സ്വകാര്യ ഗതാഗത മേഖലയുടെ മേൽ ഒരു ബ്രേയ്ക്ക് എന്നപോലെ പ്രവർത്തിക്കുന്നത് കെ.എസ്.ആർ.ടി.സി.യാണ്. അതുകൂടി ഇല്ലാതായാൽ സ്വകാര്യ മേഖലയുടെ കടിഞ്ഞാണില്ലാത്ത കടുത്ത നടപടികളെ ജനങ്ങൾ നേരിടേണ്ടി വരും. ബസ്സ് മുതലാളിമാർക്ക് ഇഷ്ടമുള്ള നിരക്കിലും ഇഷ്ടപ്പെട്ട റൂട്ടിലും തോന്നുന്ന നേരത്തുമുള്ള അപകടകരമായ യാത്രയായിരിക്കും ജനങ്ങൾക്ക് ലഭിക്കുക.

5607 ഷെഡ്യൂളുകളിലായി ഏതാണ്ട് 18 ലക്ഷം കിലോമീറ്റർ ഓടിക്കൊണ്ട് 33 ലക്ഷം യാത്രക്കാരെ പ്രതിദിനം സുരക്ഷിതമായി ലക്ഷ്യസ്ഥാനങ്ങളിലെത്തിക്കുന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. തുച്ഛശമ്പളത്തിന് ജോലി ചെയ്യുന്ന പതിനായിരത്തിലേറെ താൽക്കാലിക (എംപാനൽ) ജീവനക്കാരും കേരളത്തിലെ മറ്റേതു പൊതുമേഖലാ സ്ഥാപനങ്ങളിലും വെച്ച് ഏറ്റവും കുറഞ്ഞ ശമ്പളത്തിന് ജോലി ചെയ്യുന്ന 35000 സ്ഥിര ജീവനക്കാരുമുൾപ്പെടെ 45000 തൊഴിലാളികളാണ് ഈ മഹത്സേവനം നിർവ്വഹിക്കുന്നത്. വളരെ ദുഷ്ക്കരമായ കായികാദ്ധ്വാനം നടത്തുന്ന ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്ക് തുടങ്ങിയ തൊഴിലാളികൾക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വളരെ പരിതാപകരമാണ്. അതിൽത്തന്നെ 42% ക്ഷാമബത്തയാണ് കുടിശികയായി കിടക്കുന്നത്. എന്നുപറഞ്ഞാൽ പ്രതിവർഷം ഏറ്റവും കുറഞ്ഞത് അരലക്ഷം രൂപയെങ്കിലും ഓരോ തൊഴിലാളിക്കും നഷ്ടമാകുന്നു. ഇതുകൂടാതെ, അദ്ധ്വാനഭാരം വർദ്ധിപ്പിക്കൽ, കോസ്റ്റ് ഓഫ് ഡാമേജ് ഈടാക്കൽ, മെക്കാനിക്കൽ-വർക്ക്ഷോപ്പ് മേഖലയിലെ ശോചനീയാവസ്ഥ തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ തൊഴിലാളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

എന്നാൽ, നഷ്ടക്കണക്കും നിലനിൽപ്പ് ഭീഷണിയും ചൂണ്ടിക്കാട്ടി മാനേജ്മെന്റും പ്രബല യൂണിയനുകളും തൊഴിലാളികളെ അടിമപ്പണി ചെയ്യിക്കുകയാണ്. ആണ്ടിൽ രണ്ട് സമരപ്രഖ്യാപനം നടത്തുകയും ഫണ്ട് പിരിവ് പൂർത്തിയാകുമ്പോൾ തലേദിവസം സമരം പിൻവലിച്ചു പോകുകയും ചെയ്യുന്ന യൂണിയൻ നേതൃത്വമാണ് പ്രബല യൂണിയനുകൾക്കുള്ളത്. വർഷങ്ങളായുള്ള ഈ വർഗ്ഗവഞ്ചനയിൽ അമർഷമുള്ള തൊഴിലാളികൾ ഇപ്പോൾ ഇത്തരം യൂണിയനുകൾ വിട്ടു പുറത്തു വരുന്നുണ്ട്. കേരളത്തിലെ സമുന്നത ട്രേഡ് യൂണിയൻ നേതാവായിരുന്ന സഖാവ് കെ.പി കോസലരാമദാസ് കെട്ടിപ്പടുത്ത കെ.എസ്.ആർ.ടി.സി. വർക്കേഴ്സ് ഫെഡറേഷനിൽ അംഗത്വമെടുക്കാനും സമരം കെട്ടിപ്പടുക്കുവാനും അവർ തയ്യാറാകുന്നുണ്ട്.

നഷ്ടത്തിന്റെ കണക്കുകൾ അംഗീകരിച്ചാൽ തന്നെ, (ഇതിന്റെ സത്യാവസ്ഥ പരിശോധിക്കേണ്ടതാണ്) കഠിനാദ്ധ്വാനം ചെയ്യുന്നതൊഴിച്ച് മാനേജ്മെന്റുമായി ഒരു ബന്ധവുമില്ലാത്ത തൊഴിലാളികൾ എങ്ങിനെ ഇതിൽ കുറ്റക്കാരാകും? അതിന്റെ പേരിൽ അവരുടെ അവകാശങ്ങളിൽ കത്തിവെക്കുന്നതും കൂടുതൽ അദ്ധ്വാനഭാരം അടിച്ചേൽപ്പിക്കുന്നതും അംഗീകരിക്കുവാൻ കഴിയുമോ? വർഷങ്ങളായി പണിയെടുക്കുന്ന എം.പാനൽ ജീവനക്കാരെ പിരിച്ചുവിടുന്നത് ന്യായമാകുമോ? ലാഭ-നഷ്ടങ്ങളുടെ ബാലൻസ് ഷീറ്റിൽ തൊഴിലാളികൾക്ക് യാതൊരു പങ്കുമില്ല. അത് തൊഴിലുടമയുടെയും മാനേജ്മെന്റിന്റെയും മാത്രം ഉത്തരവാദിത്വത്തിലുള്ളതാണ്.

തുടക്കത്തിൽ പറഞ്ഞതുപോലെ, കെ.എസ്.ആർ.ടി.സി പോലുള്ള പൊതുജന അവശ്യ സർവ്വീസ് നടത്തുന്ന സ്ഥാപനത്തെ കേവലം ലാഭ-നഷ്ടങ്ങളുടെ പരിഗണനയിൽ വീക്ഷിക്കുവാൻ പാടില്ല എന്നതാണ് ഞങ്ങളുടെ ഉറച്ച അഭിപ്രായം. സ്ഥാപനം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാൻ പൊതുഖജനാവിൽ നിന്നും ആവശ്യമായ ഫണ്ട് അനുവദിക്കണം. റോഡ് ട്രാൻസപോർട്ട് കോർപ്പറേഷൻ ആക്ട് 1950 അനുസരിച്ച് 2:1 എന്ന അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നിയമാനുസൃതം നൽകേണ്ടുന്ന മൂലധനവിഹിതം പോലും ഇപ്പോൾ നൽകുന്നില്ല. 20 ലക്ഷം വിദ്യാർത്ഥികൾക്കുള്ള യാത്രാഇളവുകളുടെയും അൻപതിനായിരത്തിലേറെ വരുന്ന മറ്റ് സൗജന്യ പാസുകളുടെയും മറ്റും പ്രതിഫലം പോലും നൽകാൻ സർക്കാർ തയ്യാറാകുന്നില്ല. ഈ വകയിൽ ഇപ്പോൾത്തന്നെ നൽകാനുള്ള 1,616 കോടി രൂപയുടെ കാര്യം മിണ്ടാതെയാണ് 240 കോടി രൂപ അനുവദിക്കുന്നതിനെപ്പറ്റി മാസങ്ങളായി വകുപ്പുതല തർക്കങ്ങൾ നടത്തുന്നത്. സർക്കാർ സഹായത്തിനു വേണ്ടിയുള്ള സ്ഥിരം രോദനമവസാനിപ്പിച്ചുകൊണ്ട്, കെ.എസ്.ആർ.ടി.സി.യെ മുമ്പുണ്ടായിരുന്നതുപോലെ സർക്കാർ ഡിപ്പാർട്ട്മെന്റാക്കി മാറ്റണമെന്ന ആവശ്യം ശക്തമായി ഉയർന്നു വരണം.

കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ് വിംഗ് അടിമുടി അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും സങ്കുചിത കക്ഷി- രാഷ്ട്രീയ-യൂണിയൻ താല്പര്യങ്ങളുടെയും പിടിയിലമർന്ന് കിടക്കുകയാണ്. ചേസിസ്സ് മുതൽ സ്പെയർപാർട്സും പെയ്ന്റും വരെയുള്ള പർച്ചേസ്സിംഗ് മേഖലയിലെ ഏജന്റ് മാരും ലോബികളുമായി കൂട്ടുചേർന്ന് കാലാകാലങ്ങളിലായി വേരുറച്ചുപോയ ഈ അവിശുദ്ധ സംഘത്തിന്റെ പിടിയിൽ നിന്നും കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്തുവാൻ ഒരു ഗവൺമെന്റും ഇന്നുവരെ ശ്രമിച്ചിട്ടില്ല. കാരണം, അവർക്കെല്ലാം ഇത് സൗകര്യപ്രദമാണ് എന്നതാണ്. ഒരു ട്രിപ്പുപോലും ഓടാൻ പറ്റാത്ത ടയറുകളും പൊട്ടിത്തെറിക്കുന്ന ബാറ്ററികളും, ഒരാഴ്ച ഉപയോഗിക്കാൻ കഴിയാത്ത ഹോണുകളും, അടപ്പുപോലും തുറക്കാൻ പറ്റാത്ത പെയ്ന്റട്ടിന്നുകളും മുതൽ ചേസ്സിസ്സുകൾ വരെ എല്ലാം ഇടനിലക്കാർ വഴി വാങ്ങിക്കൂട്ടി കെട്ടിക്കിടക്കുമ്പോൾ ഒരന്വേഷണം ആവശ്യപ്പെടാൻ പോലും വൻയൂണിയൻ നേതാക്കളടക്കം ആരും തയ്യാറാകാത്തത് അതുകൊണ്ടാണ്. വൻകോർപ്പറേറ്റുകൾ മുതൽ ചെറുകിട പെയ്ന്റ് കച്ചവടക്കാർ വരെ നീണ്ടു കിടക്കുന്ന ഏജന്റുമാരുടെ ഓഫറുകളിലാണ് തലപ്പത്തുള്ളവരുടെ നോട്ടം. പിന്നെ എങ്ങിനെ സ്ഥാപനം നഷ്ടത്തിലാവാതിരിക്കും? ഇതിന്റെയെല്ലാം തിക്തഫലം തങ്ങളും അനുഭവിക്കേണ്ടിവരുന്നു എന്നതല്ലാതെ തൊഴിലാളികൾക്കിതിൽ യാതൊരു പങ്കുമില്ല.

സംസ്ഥാനത്തെ പൊതുഗതാഗതത്തിൽ കെ.എസ്.ആർ.ടി.സി. ഇപ്പോൾ നിർവ്വഹിക്കുന്ന 27%ത്തിൽ നിന്നും ഗണ്യമായ വർദ്ധന വരുത്തേണ്ടതിന്റെ ആവശ്യകത വളരെയേറെയാണ്- പൊതുആവശ്യം പരിഗണിച്ചും കെ.എസ്.ആർ.ടി.സി.യുടെ നിലനിൽപ്പ് പരിഗണിച്ചും. എന്നാൽ അതിനുള്ള ശ്രമങ്ങൾ നടത്തുന്നില്ലെന്ന് മാത്രമല്ല, ഉണ്ടായിരുന്ന ദേശസാൽകൃത റൂട്ടുകളും സൂപ്പർ ക്ലാസ് സർവ്വീസുകളും സ്വകാര്യ മേഖലക്ക് വിട്ടുകൊടുക്കുന്ന സമീപനമാണ് സർക്കാർ കൈക്കൊണ്ടത്. ഫാസ്റ്റ്പാസഞ്ചർ ഉൾപ്പെടെയുള്ള എല്ലാ സൂപ്പർക്ലാസ് സർവീസുകളും കെ.എസ്.ആർ.ടി.സി.ക്ക് മാത്രമാക്കിക്കൊണ്ടുള്ള ഉത്തരവ് സർക്കാർ നടപ്പിലാക്കുന്നില്ല. പ്രതിദിനം 18,000 രൂപക്കുമേൽ വരുമാനമുണ്ടായിരുന്ന സൂപ്പർക്ലാസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.ക്ക് ഏറ്റെടുക്കാൻ കഴിയുമായിരുന്നു. കോടതിവിധി ഉൾപ്പടെയുള്ള അനുകൂല സാഹചര്യമുണ്ടായിട്ടും കോർപ്പറേഷന്റെ കയ്യിൽ ആവശ്യത്തിന് ബസുകളും തൊഴിലാളികളും ഇല്ലെന്ന കാരണം പറഞ്ഞ് വകുപ്പ് മന്ത്രി സ്വകാര്യ ബസ്മുതലാളിമാർക്ക് ഇത് വിട്ടുകൊടുക്കുകയാണ് ചെയ്തത്. ദേശസാൽകൃത റൂട്ടുകളുടെ കാര്യത്തിലും സ്വകാര്യ ബസ്മുതലാളിമാരുടെ താൽപര്യമാണ് സർക്കാർ സംരക്ഷിച്ചത്. പ്രതിപക്ഷ നേതാക്കന്മാരും ട്രേഡ് യൂണിയൻ നേതാക്കന്മാരും സ്വകാര്യ സർവീസിന് അനുകൂലമായി നിലപാടെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് പറഞ്ഞാണ് മന്ത്രി ഇതിനെ ന്യായീകരിക്കുന്നത്. സ്വകാര്യവൽക്കരണ നയത്തിലും സ്വകാര്യ ബസ്മുതലാളിമാർക്ക് വേണ്ടി കെ.എസ്.ആർ.ടി.സി.യെ വഴിതിരിച്ചുവിടുന്നതിലും ഭരണ പ്രതിപക്ഷ ഭേദമില്ലെന്ന് സാരം.

വായ്പയുടെയും പലിശയുടെയും പേരിൽ സർക്കാർ സ്ഥാപനങ്ങൾ തന്നെ കെ.എസ്.ആർ.ടി.സി.യെ വരിഞ്ഞുമുറുക്കിയിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യെ സഹായിക്കാൻ സർക്കാർ രൂപീകരിച്ച സ്ഥാപനമാണ് കെ.റ്റി.ഡി.എഫ്.സി. എന്നാൽ കെ.എസ്.ആർ.ടി.സി.യെ വായ്പാക്കുരുക്കിൽ ശ്വാസം മുട്ടിച്ച് നശിപ്പിക്കാനാണ് ഇന്ന് ഇതിന്റെ ശ്രമം. 1300 കോടി രൂപയുടെ വായ്പക്ക് 16.5% വരെയാണ് പലിശ. നല്ല വരുമാനമുള്ള 24 ഡിപ്പോകളിലെ വരുമാനം ദിവസവും നേരെ കെ.റ്റി.ഡി.എഫ്.സി.യുടെ അക്കൗണ്ടിലേക്കാണ് പോകുന്നത്. ഈ കൊള്ളപ്പലിശ നിയന്ത്രിക്കാൻ ഒരു സർക്കാരും ശ്രമിച്ചിട്ടില്ല. മാത്രമല്ല, ഈ സ്ഥാപനമിപ്പോൾ നഗരങ്ങളിലെ കണ്ണായ സ്ഥലങ്ങളിലുള്ള കെ.എസ്.ആർ.ടി.സി.യുടെ ഭൂമിയിൽ ബി.ഒ.ടി. വ്യവസ്ഥയിൽ ഷോപ്പിംഗ് കോംപ്ലക്സ് കം ബസ് സ്റ്റാന്റുകൾ കെട്ടിപ്പൊക്കിയിരിക്കുകയാണ്. എന്നിട്ട്, കെ.എസ്.ആർ.ടി.സി. ബസുകൾക്ക് പോലും ഇതിലേക്ക് പ്രവേശനം നിഷേധിച്ചു. തിരുവനന്തപുരം തമ്പാനൂർ സ്റ്റാന്റിൽ ഹ്രസ്വദൂര കെ.എസ്.ആർ.ടി.സി.ബസ്സുകൾ റോഡരികിൽ നിർത്തിയിടേണ്ട ഗതികേടിലായി. ബി.ഒ.ടി.എന്ന ഓമനപ്പേരിൽ നടപ്പാക്കുന്ന പദ്ധതികൾ പൊതുസ്വത്ത് സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകുന്ന തട്ടിപ്പ് മാത്രമാണ്. കെ.എസ്ആർ.ടി.സിയും ഇതിന് ഇരയായിരിക്കുന്നു.

ആരോഗ്യമുള്ള കാലം മുഴുവൻ കെ.എസ്.ആർ.ടി.സി.ക്ക് വേണ്ടി പണിയെടുത്ത 37000 പെൻഷൻകാരുടെ അവസ്ഥ ആരുടെയും കരളലിയിപ്പിക്കുന്നതാണ്. 3 മാസമായി പെൻഷൻ കിട്ടാത്തതുമൂലം ഭക്ഷണത്തിനും മരുന്നിനും വകയില്ലാതെ അലഞ്ഞു നടക്കേണ്ടി വരുന്നു. ചിലർ ഈ വാർദ്ധക്യകാലത്ത് ദിവസക്കൂലിക്ക് ഓട്ടോറിക്ഷ ഓടിക്കാൻ പോകുന്നു! ഇവരോടുള്ള സർക്കാരിന്റെ മനോഭാവമാകട്ടെ മനുഷ്യത്വരഹിതമാണ്. ആയുസ്സ് വർദ്ധിച്ച് പെൻഷൻകാർ ജീവനക്കാരേക്കാൾ എണ്ണം കൂടിയത് ശാപമത്രെ! പൊതുവിൽ എല്ലാ തൊഴിൽ മേഖലയിലും പെൻഷൻ നിഷേധിക്കുന്ന നയമാണ് സർക്കാരിന്റേത്. പെൻഷൻ അവകാശമല്ലെന്നും സ്ഥാപനങ്ങളെ തകർക്കുന്നതാണെന്നുമാണ് പുതിയ നയം. കെ.എസ്.ആർ.ടി.സി പെൻഷൻകാരുടെ അവസ്ഥ മറ്റ് ജീവനക്കാർക്കും ഉണ്ടാകുമെന്ന് മുഖ്യമന്ത്രി മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. അതുകൊണ്ട് കെ.എസ്.ആർ.ടി.സി. പെൻഷൻ നിഷേധം ഒരു ചൂണ്ടുപലകയാണ്. കെ.എസ്.ആർ.ടി.സിയിൽ നടപ്പിലായാൽ ഇത് മറ്റ് പല തൊഴിൽമേഖലകളിലും കടന്നുവരുമെന്നുറപ്പാണ്. സമൂഹമൊട്ടാകെ ഈ പെൻഷൻ നിഷേധത്തിനെതിരെ ശബ്ദമുയർത്തേണ്ട സമയാണിത്. മാറ്റിവെക്കപ്പെട്ട വേതനമെന്ന നിലയിൽ പെൻഷൻ, തൊഴിലാളികളുടെ അവകാശമാണ്. അത് അട്ടിമറിക്കാൻ ഒരു സർക്കാരിനെയും അനുവദിക്കരുത്.

കെ.എസ്.ആർ.ടി.സിയുടെ നിലനിൽപ്പ് തൊഴിലാളികളുടെ മാത്രം ആവശ്യമല്ല. സമൂഹത്തിന്റെയാകെ ആവശ്യമാണ്. ചെലവ് കുറഞ്ഞ സുരക്ഷിതമായ യാത്രാസൗകര്യം ജനങ്ങളുടെ അവകാശമാണ്. അത് പ്രദാനം ചെയ്യാൻ കെ.എസ്.ആർ.ടി.സി.നിർവ്വഹിക്കുന്ന പങ്ക് നിസ്തുലമാണ്. പൊതുഗതാഗത സൗകര്യം ഗണ്യമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശക്തമായി ഉയർന്നു വരണം. ലാഭ-നഷ്ട പരിഗണന കൂടാതെ കെ.എസ്.ആർ.ടി.സി.യെ ശക്തമായി നിലനിർത്തേണ്ടുന്ന ഉത്തരവാദിത്വം സർക്കാരിന് തന്നെയാണ്. തൊഴിലാളികളുടെയും പെൻഷൻകാരുടെയും ആവശ്യങ്ങൾ മുഴുവൻ അംഗീകരിച്ച് നടപ്പാക്കിക്കൊണ്ട് മാത്രമേ സർക്കാരിന് മുന്നോട്ടു പോകാൻ കഴിയൂ. കെ.എസ്.ആർ.ടി.സി.യെ സർക്കാർ ഡിപ്പാർട്ട്മെന്റാക്കി നിലനിർത്തണം. അത് അധിക ഭാരമല്ല, ഒരു ജനാധിപത്യ സർക്കാരിന്റെ കർത്തവ്യമാണ്. ●

### തൊഴിലാളിവിരുദ്ധ–ജനവിരുദ്ധ തൊഴിൽ നിയമ ഭേദഗതിക്കും പ്രതിരോധ – ഇൻഷുറൻസ് – റെയിൽവെ മേഖലകളിൽ പ്രത്യക്ഷ വിദേശ നിക്ഷേപം അനുവദിക്കുന്നതിനുമെതിരെ

# കേന്ദ്ര ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്തിരിക്കുന്ന സെപ്റ്റംബർ 15 ന്റെ ഡൽഹി കൺവൻഷൻ വിജയിപ്പിക്കുക

**രാ**ജ്യത്തെ തൊഴിലാളികളുടെയും ജീവനക്കാരുടെയും ട്രേഡ് യൂണിയൻ അവകാശങ്ങൾ ഉൾപ്പെടെ തൊഴിൽ സാഹചര്യത്തിൽ ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കുന്ന തൊഴിൽനിയമ ഭേദഗതിക്കാണ് ഏതാനും സംസ്ഥാന സർക്കാരുകളും കേന്ദ്രസർക്കാരും ഇപ്പോൾ തയ്യാറായിരിക്കുന്നത്. ഇതിനെതിരെ രാജ്യത്തെ എല്ലാ സെൻട്രൽ ട്രേഡ് യൂണിയനുകളും ഒരുമിച്ചു ചേർന്നുകൊണ്ട് ആഗസ്റ്റ് 7ന് ഒരു പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായി. കേന്ദ്ര ട്രേഡ് യൂണിയനുകളുമായി ഇതുസംബന്ധിച്ച് കൂടിയാലോചന നടത്തുമെന്ന് തൊഴിൽവകുപ്പ് മന്ത്രി വാഗ്ദാനം നൽകിയിട്ടും അതിനുമുമ്പുതന്നെ ബിൽ ലോകസഭയിൽ അവതരിപ്പിച്ചതിനെ യോഗം ശക്തിയായി അപലപിച്ചു.

തൊഴിലാളിവിരുദ്ധവും ജനവിരുദ്ധവുമായ നിയമഭേദഗതിനീക്കത്തിനെതിരെ ശക്തമായ സംയുക്തപ്രക്ഷോഭണം രാജ്യവ്യാപകമായി കെട്ടിപ്പടുക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സെപ്റ്റംബർ 15ന് ഡൽഹിയിൽവച്ച് ദേശീയ കൺവൻഷൻ നടത്തുവാൻ തീരുമാനിച്ചു. 2014 ഒക്ടോബർ 31നകം നടക്കുന്ന സംസ്ഥാനതല കൺവൻഷനുകളുടെയും നവംബറിൽ നടക്കുന്ന പാർലമെന്റ് മാർച്ചിന്റെയും പ്രഖ്യാപനം ഈ കൺവൻഷനിൽ ഉണ്ടാകും.

ബി.ജെ.പി നയിക്കുന്ന രാജസ്ഥാൻ ഗവണ്മെണ്ട് പണിയെടുക്കുന്നവരുടെ അവകാശത്തിനും ഉപജീവനത്തിനും കടുത്ത ഹാനി വരുത്തുന്ന മൂന്ന് ഭേദഗതികൾ പാസ്സാക്കുകയുണ്ടായി. ഇവയെല്ലാം ലക്ഷ്യം വക്കുന്നത് ത്രികക്ഷി കൂടിയാലോചനാ സംവിധാനം തകർക്കുകയോ ശോഷിപ്പിക്കുകയോ ചെയ്യുകയെന്നതാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്, ഫാക്ടറീസ് ആക്ട്, കോൺട്രാക്ട് ലേബർ (റഗുലേഷൻ ആന്റ് അബോളിഷൻ) ആക്ട് എന്നീ സുപ്രധാന തൊഴിൽ നിയമങ്ങളാണ് രാജസ്ഥാൻ അസംബ്ളി ഭേദഗതി ചെയ്തത്. ഈ ഭേദഗതികളിലൂടെ ഒരു വ്യവസ്ഥയുമില്ലാതെ യഥേഷ്ടം തൊഴിലാളികളെ പണിയെടുപ്പിക്കുവാനും പിരിച്ചുവിടാനും (ഹയർ ആന്റ് ഫയർ) തൊഴിലുടമകൾക്ക് അധികാരം ലഭിച്ചിരിക്കുകയാണ്. ഒപ്പം, തൊഴിലിന്റെ കരാർവൽക്കരണം വ്യാപകമാക്കാനും കഴിയും. ഫാക്ടറീസ് ആക്ട് ഉദാരമാക്കിയ വ്യവസ്ഥയിലൂടെ ചെറുകിട – ഇടത്തരം ഫാക്ടറികളിൽ 'തൊഴിലിടങ്ങളിലെ സുരക്ഷിതത്വ'മെന്നത് അപകടത്തിലാകും. മാത്രമല്ല, ഇത്തരത്തിലുള്ള ഭൂരിപക്ഷം ഫാക്ടറികളും നിയമത്തിന്റെ പരിധിയിൽനിന്ന് പുറത്തുമാകും. അതുപോലെത്തന്നെ, 20ൽ കൂടുതൽ തൊഴിലാളികളെവച്ച് പണിയെടുപ്പിക്കുന്ന കോൺട്രാക്ടർമാർക്ക് രജിസ്ട്രേഷൻ വേണമെന്ന നിയമം 50തിൽ കൂടുതൽ തൊഴിലാളികൾ എന്നാക്കി ഭേദഗതി ചെയ്തത്, രാജ്യത്തെ ബഹുഭൂരിപക്ഷം സ്ഥാപനങ്ങളിലേയും മുഖ്യതൊഴിലുടമയെയും (പ്രിൻസിപ്പൽ എംപ്ളോയർ) കോൺട്രാക്ടറെയും തൊഴിലാളികളുടെ സേവനവ്യവസ്ഥകൾ പാലിക്കുന്നതിന് ബാധ്യതയില്ലാത്തവരാക്കിമാറ്റും.

നരേന്ദ്രമോഡിയുടെ കേന്ദ്രമന്ത്രിസഭ അംഗീകരിച്ച, ഫാക്ടറീസ് ആക്ട്, റിട്ടേൺസ് സമർപ്പിക്കുന്നതിൽനിന്നും രജിസ്റ്റർ സൂക്ഷിക്കുന്നതിൽനിന്നും ചില സ്ഥാപനങ്ങളെ ഒഴിവാക്കുന്നത് സംബന്ധിച്ച തൊഴിൽ നിയമം, അപ്രന്റീസ് ആക്ട് എന്നിവയുടെ ചില ഭേദഗതികൾ തൊഴിലാളികളുടെ സേവനവ്യവസ്ഥകളെ വളരെ പ്രതികൂലമായി ബാധിക്കും. ഒരു വലിയ വിഭാഗം തൊഴിലാളികളെ എല്ലാത്തരം അടിസ്ഥാന തൊഴിൽനിയമങ്ങളുടെയും പരിധിയിൽനിന്നും പുറത്താക്കും.

വളരെ സുപ്രധാന തൊഴിൽനിയമങ്ങളായ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്, മിനിമം വേജസ് ആക്ട് എന്നിവയിലും ഭേദഗതികൾ കൊണ്ടുവരാൻ കേന്ദ്ര ഗവണ്മെണ്ട് നീക്കമാരംഭിച്ചിരിക്കുന്നു. അപ്രന്റീസ്ഷിപ്പ് ആക്ടിലുള്ള കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട ഭേദഗതികൾ കരാർ/ താൽക്കാലിക തൊഴിലാളികളെ മാത്രമല്ല, സ്ഥിരം തൊഴിലാളികളെപ്പോലും ബാധിക്കും. താരതമ്യേന കൂലി കുറഞ്ഞ അപ്രന്റീസ് തൊഴിലാളികളെക്കൊണ്ട് സ്ഥിരം തൊഴിലാളികൾക്ക് പകരം പണിയെടുപ്പിക്കുവാൻ തൊഴിലുടമകൾക്ക് സൗകര്യം നൽകുന്നതാണ് ഇത്.

ചുരുക്കത്തിൽ, കേന്ദ്ര ഗവണ്മെണ്ടും രാജസ്ഥാൻ ഗവണ്മെണ്ടും കൊണ്ടുവന്നിട്ടുള്ള തൊഴിൽനിയമ ഭേദഗതികളെല്ലാംതന്നെ തൊഴിലാളികളുടെമേൽ റിട്രെഞ്ച്മെന്റും ലേഓഫും അടിച്ചേൽപ്പിക്കുവാനും, ഇഷ്ടമുള്ളപ്പോൾ സ്ഥാപനങ്ങൾ അടച്ചുപൂട്ടുവാനും, കരാർവൽക്കരണം വ്യാപകമായി നടപ്പാക്കുവാനും തൊഴിലുടമകൾക്ക് അധികാരവും ശക്തിയും നൽകുവാൻ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. ഇത്, രാജ്യത്തെ 70 ശതമാനത്തിലധികം വ്യവസായ സ്ഥാപനങ്ങളെയും അതിലെ തൊഴിലാളികളെയും ഏതാണ്ട് എല്ലാ തൊഴിൽ നിയമങ്ങളുടെയും പരിധിയിൽനിന്നും പുറത്താക്കുവാൻ ഉതകുംവിധം തയ്യാറാക്കപ്പെട്ടതാണ്. ഇതിലൂടെ തൊഴിലാളികളെ ഇനിയും കൂടുതൽ പിഴിയാനും ചൂഷണം ചെയ്യാനും മുതലാളിമാർക്ക് അവസരം ലഭിക്കും.

പ്രതിരോധം, ഇൻഷൂറൻസ്, റെയിൽവെ തുടങ്ങിയ മേഖലകളിൽ പ്രത്യക്ഷ വിദേശ നിക്ഷേപം (FDI) അനുവദിക്കാനുള്ള (ഉയർത്താനുള്ള) കേന്ദ്ര സർക്കാരിന്റെ വിനാശകരമായ നീക്കത്തേയും, കേന്ദ്ര പൊതുമേഖലാ യൂണിറ്റുകളുടെ ഓഹരിവിറ്റഴിക്കൽ നടപടിയെയും കേന്ദ്ര ട്രേഡ് യൂണിയനുകൾ ശക്തമായി അപലപിക്കുകയുണ്ടായി. തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യാനുള്ള രാജസ്ഥാൻ ഗവണ്മെണ്ടിന്റെ തൊഴിലാളിവിരുദ്ധ നടപടിക്കെതിരെ അവിടെ നടക്കുന്ന ട്രേഡ് യൂണിയൻ പ്രക്ഷോഭണത്തിന് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സമ്പൂർണ്ണ ഐക്യദാർഢ്യവും പ്രഖ്യാപിച്ചിട്ടുണ്ട്.

സെപ്റ്റംബർ 15ന്റെ ഡൽഹി കൺവൻഷനും തുടർന്ന് പ്രഖ്യാപിക്കപ്പെടുന്ന പാർലമെന്റ് മാർച്ച് ഉൾപ്പെടെയുള്ള പ്രക്ഷോഭപരിപാടികളും വൻവിജയമാക്കുവാൻ കേന്ദ്ര ട്രേഡ് യൂണിയനുകളിൽ ആറാം സ്ഥാനത്തുള്ള ആൾ ഇന്ത്യ യു.റ്റി.യു.സി.യുടെ അഖിലേന്ത്യാ പ്രസിഡണ്ട് സഖാവ് കൃഷ്ണചക്രവർത്തി, ജനറൽ സെക്രട്ടറി സഖാവ് ശങ്കർസാഹ എന്നിവർ രാജ്യത്തെ മുഴുവൻ തൊഴിലാളികളോടും പ്രത്യേകം ആഹ്വാനം ചെയ്യുകയുണ്ടായി. ●

## കെഎസ്ആർടിസി തൊഴിലാളികളുടെ സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും



*ധർണ്ണയെ ആൾ ഇന്ത്യാ യുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ അഭിസംബോധന ചെയ്യുന്നു*

**കെ**എസ്ആർടിസി വർക്കേഴ്സ് ഫെഡറേഷനും ട്രാൻസ്പോർട്ട് എംപ്ലോയീസ് റെവല്യൂഷണറി മൂവ്മെന്റ് സോഷ്യലിസ്റ്റും ചേർന്ന് രൂപം കൊടുത്തിട്ടുള്ള ട്രാൻസ്പോർട്ട് എംപ്ലോയീസ് കോ ഓർഡിനേഷന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 26–ന് സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ചും ധർണ്ണയും നടന്നു. ഫാസ്റ്റ് പാസ്സഞ്ചർ ഉൾപ്പെടെയുള്ള എല്ലാ സൂപ്പർഫാസ്റ്റ് സർവ്വീസുകളും കെ.എസ്.ആർ.ടി.സിക്ക് മാത്രമാക്കിക്കൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കുക, എംപാനൽ താൽക്കാലിക ജീവനക്കാരെ തൊഴിൽനിയമത്തിന് വിധേയമായി സ്ഥിരപ്പെടുത്തുക, ഡിഎ കുടിശ്ശിക പൂർണ്ണമായി ഉടൻ നൽകുക, ജീവനക്കാരിൽ നിന്ന് കോസ്റ്റ് ഓഫ് ഡാമേജ് പിടിക്കുന്നത് അവസാനിപ്പിക്കുക, പെൻഷൻ യഥാസമയം വിതരണം ചെയ്യുക, കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്മെന്റാക്കി സംരക്ഷിക്കുക, പാക്കേജിന്റെ മറവിൽ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറച്ച് അദ്ധ്വാനഭാരം വർദ്ധിപ്പിക്കാനുള്ള നീക്കം ഉപേക്ഷിക്കുക, എല്ലാ ജീവനക്കാർക്കും ബോണസിന് പുറമെ ഒരു മാസത്തെ പൂർണ്ണ ശമ്പളം ഫെസ്റ്റിവൽ അലവൻസായി നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തി കെഎസ്ആർടിസി തൊഴിലാളികളുടെ യോജിച്ച സമരങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടാണ് കോ ഓർഡിനേഷന്റെ നേതൃത്വത്തിൽ മാർച്ച് നടത്തിയത്. ചീഫ് ഓഫീസിന് മുന്നിൽ നിന്ന് ആരംഭിച്ച മാർച്ച് സെക്രട്ടേറിയറ്റിന് മുന്നിലെത്തിയതിനെത്തുടർന്ന് നടന്ന ധർണ്ണയിൽ ഫെഡറേഷൻ ജനറൽസെക്രട്ടറി ഡി.സുന്ദരേശൻ അദ്ധ്യക്ഷത വഹിച്ചു. ടെല്ലസിന്റെ പ്രസിഡന്റ് സുരേഷ്ബാബു ഉദ്ഘാടനം ചെയ്തു.വി.കെ.സദാനന്ദൻ, ജി.മധുസൂദനൻപിള്ള, വാഴിച്ചൽ ഹരികുമാർ, വി.എസ്. ഉണ്ണിക്കൃഷ്ണൻ, പി.എം.ദിനേശൻ, എം.എൻ. അനിൽ എന്നിവർ പ്രസംഗിച്ചു. ചെറ്റച്ചൽ ശ്രീകുമാരൻ നായർ, അശോകൻ പാപ്പനംകോട്, കെ.ജി.സുരേഷ്കുമാർ, സുനിൽ പീറ്റർ കോട്ടയം, കെ.സുരേഷ് വൈക്കം, ഷെറിൻ മാത്യു, ലൂക്കാ പാലാ, എബി ചങ്ങനാശ്ശേരി, ചെങ്ങന്നൂർ മധു എന്നിവർ നേതൃത്വം നൽകി. ●

## ആർഎസ്എസ് മേധാവി മോഹൻ ഭാഗവത് നടത്തിയ പരാമർശത്തെ എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് അപലപിച്ചു.

**ഹി**ന്ദു രാഷ്ട്രത്തെക്കുറിച്ചും ഹിന്ദുത്വത്തെക്കുറിച്ചും മോഹൻ ഭാഗവത് നടത്തിയ നിരീക്ഷണത്തെ അപലപിച്ചുകൊണ്ട് എസ്.യു.സി.ഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രവാഷ് ഘോഷ് താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവന പുറപ്പെടുവിച്ചു.ഹിന്ദുസ്ഥാൻ ഒരു ഹിന്ദു രാഷ്ട്രവും ഹിന്ദുത്വം നമ്മുടെ ദേശീയ മുഖമുദ്രയുമാണെന്ന ആർ.എസ്.എസ് മുഖ്യൻ മോഹൻ ഭാഗവതിന്റെ ദ്രോഹകരമായ പ്രസ്താവനയെ ഞങ്ങൾ ശക്തിയായി അപലപിക്കുന്നു. സത്യത്തിന് നിരക്കാത്തതും ദുരുദ്ദേശപൂർണ്ണവുമായ ഒരു പ്രസ്താവനയാണിത്. രാജ്യത്ത് വർഗ്ഗീയ ഭിന്നിപ്പിന് ആക്കംകൂട്ടുവാൻ ലക്ഷ്യംവച്ചുകൊണ്ടുള്ളതുമാണ്. നമ്മുടെ നവോത്ഥാന നായകരോ സ്വാതന്ത്ര്യസമരനേതാക്കളോ ഹിന്ദുരാഷ്ട്രമെന്ന ആശയം വച്ചുപുലർത്തിയവരായിരുന്നില്ല. ജാതി–മത–ദേശ–ദേശീയ പരിഗണനകൾക്കതീതമായി എല്ലാ ഇന്ത്യാക്കാരുടെയും രാഷ്ട്രമെന്ന ആശയത്തിനുവേണ്ടിയാണ് അവർ പോരാടിയതും വാദിച്ചതും. ഇന്ത്യ ഒരു മതേതര–ജനാധിപത്യ രാഷ്ട്രമാണെന്നാണ് ഭരണഘടന വിളംബരം ചെയ്തിരിക്കുന്നത്. ഇന്ത്യ ഒരു പ്രത്യേക മതവിഭാഗത്തിന്റെ രാഷ്ട്രമാണെന്ന് പ്രഖ്യാപിക്കുന്നത് ഇന്ത്യയെ ഒരു മതാധിഷ്ഠിത രാഷ്ട്രമെന്ന് മുദ്രയടിക്കുന്ന ഏർപ്പാടാണ്. ഭരണഘടനയുടെ നഗ്നമായ ലംഘനമാണ്. ആർ.എസ്.എസ് ഇക്കാലമത്രയും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഹിന്ദു ദേശീയത എന്ന പ്രചാരണം ഹിന്ദുദേശീയ ഭ്രാന്ത് വളർത്തിയെടുക്കാൻ ലക്ഷ്യംവച്ചുകൊണ്ടുള്ളതും യഥാർത്ഥ ദേശാഭിമാന വികാരത്തിന് പൂർണ്ണമായും വിരുദ്ധവുമാണ്. ആര്യൻ രക്തത്തെക്കുറിച്ച് വീമ്പിളക്കുകയും ജൂതന്മാർ ഉൾപ്പെടെയുള്ള മറ്റു വംശീയ ജനവിഭാഗങ്ങൾക്കെതിരെ വിദ്വേഷം പടർത്തുകയും ചെയ്ത ജർമ്മനിയിലെ ഫാസിസ്റ്റ് തത്ത്വചിന്തയുടെ ചുവയുള്ളതാണ് മോഹൻ ഭാഗവതിന്റെ പ്രസ്താവന. മോഹൻ ഭാഗവത് വാരിപ്പുണർന്നിരിക്കുന്നത് ഫാസിസ്റ്റ് തത്ത്വചിന്തയല്ലാതെ മറ്റൊന്നുമല്ല.

ഇത്തരം സ്ഥാപിത താൽപ്പര്യക്കാരുടെ ഹാനികരവും പിന്തിരിപ്പനുമായ വീക്ഷണത്തെ തള്ളിക്കളയുവാൻ നേരായ രീതിയിൽ ചിന്തിക്കുന്ന ഏവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇന്ത്യയിലെ അദ്ധ്വാനിക്കു ജനങ്ങളുടെ ഐക്യത്തിന്റെ ആധാരമായി മതേതര–ജനാധിപത്യ തത്ത്വങ്ങൾ ഉയർത്തിപ്പിടിക്കുവാനും തങ്ങളുടെ ഹീന പദ്ധതികൾ സ്ഥാപിച്ചെടുക്കുവാൻവേണ്ടി ഇത്തരം തെറ്റായ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്ന കൊടിയ വർഗ്ഗീയശക്തികളെ ഒറ്റപ്പെടുത്തുവാനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ●

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing September 1st, 2014.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

**UNITY**
MALAYALAM MONTHLY

Vol 41 No.5
Price : Rs 5.00
September 2014

# ഇടതുപക്ഷ ഐക്യമുന്നണി ആലപ്പുഴ ജില്ലാ കൺവൻഷൻ




*എൽയുഎഫ് ആലപ്പുഴ ജില്ലാ കൺവൻഷൻ എംസിപിഐ(യുണൈറ്റഡ്) സംസ്ഥാന സെക്രട്ടറി സഖാവ് എം.രാജൻ ഉദ്ഘാടനം ചെയ്യുന്നു. സഖാക്കൾ എസ്.സീതിലാൽ, കെ.എസ്.ഹരിഹരൻ, സി.കെ.ലൂക്കോസ്, ഇ.റ്റി.ശശി, ഡോ.വി.വേണുഗോപാൽ എന്നിവർ മുൻനിരയിൽ*

**ജ**നവിരുദ്ധ നയങ്ങളിലൂടെ ജനങ്ങളുടെ വെറുപ്പിന് പാത്രമായ കോൺഗ്രസ്സ് സർക്കാരിന്റെ കൂടുതൽ ശക്തരായ പിന്തുടർച്ചക്കാർ മാത്രമാണ് നരേന്ദ്രമോദിയുടെ സർക്കാരെന്ന് എംസിപിഐ (യു) സംസ്ഥാന സെക്രട്ടറി സഖാവ് എം. രാജൻ അഭിപ്രായപ്പെട്ടു. ജനങ്ങളുടെ അപ്രീതിയും വെറുപ്പും വളർത്താൻ ഇതിടയാക്കുമെന്ന് ഉത്തമബോദ്ധ്യമുണ്ടായിട്ടും ഈ നയങ്ങളുമായി മുന്നോട്ടുപോകുന്നത് പ്രതിസന്ധി മൂർഛിച്ചിരിക്കുന്ന മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ കടുത്ത സമ്മർദ്ദം മൂലമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇടതുപക്ഷ ഐക്യമുന്നണി ആലപ്പുഴ ജില്ലാ കൺവൻഷൻ ആഗസ്റ്റ് 22ന് ആലപ്പുഴ നഗരചത്വരത്തിൽ ഉൽഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഈ നിർണ്ണായക സാഹചര്യത്തിൽ ജനങ്ങളുടെ കരുത്തുറ്റ പ്രക്ഷോഭം വളർത്തിയെടുക്കാൻ ചരിത്രപരമായി ബാദ്ധ്യതപ്പെട്ട വ്യവസ്ഥാപിത ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പരാജയങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് മുന്നോട്ടുവരുന്നതിനുപകരം പാർലമെന്ററി കസർത്തുകളുടെയും സ്ഥാനമാനങ്ങളുടെയും പിന്നാലെയാണെന്നത് ഖേദകരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വിലക്കയറ്റം സൃഷ്ടിക്കുന്നതും രാജ്യത്തിന്റെ സമ്പത്ത് കുത്തകകൾക്ക് തീറെഴുതുന്നതുമായ നയങ്ങൾക്കും തൊഴിലാളി വിരുദ്ധമായ തൊഴിൽനിയമ പരിഷ്കാരങ്ങൾക്കും സംസ്ഥാന സർക്കാരിന്റെ അഴിമതിക്കും ചാർജ്ജ് വർദ്ധനവുകൾക്കുമെതിരെ ഇടതുപക്ഷഐക്യമുന്നണി നയിക്കുന്ന പ്രക്ഷോഭ ത്തിന് തുടക്കംകുറിച്ചുകൊണ്ട് സംസ്ഥാനമെമ്പാടും നടക്കുന്ന ജനകീയ കൺവൻഷനുകളുടെ ഭാഗമായാണ് ആലപ്പുഴ ജില്ലാ കൺവൻഷൻ നടന്നത്. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനക്കമ്മിറ്റിയംഗമായ സഖാവ് എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആർഎംപി സംസ്ഥാനസെക്രട്ടേറിയറ്റ് അംഗവും ഇടതുപക്ഷ ഐക്യമുന്നണി സംസ്ഥാന ചെയർമാനുമായ സഖാവ് കെ.എസ്.ഹരിഹരൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാ സെക്രട്ടറിയും എൽയുഎഫ് സംസ്ഥാന കൺവീനറുമായ ഡോ.വി.വേണുഗോപാൽ, എംസിപിഐ(യു) നേതാക്കളായ സഖാക്കൾ ഇ.റ്റി.ശശി, യശോധരാ ദേവി, വി.എസ്.രാജേന്ദ്രൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ നേതാക്കളായ സഖാക്കൾ ആർ.പാർത്ഥസാരഥി വർമ്മ, കെ. ശിവൻകുട്ടി എന്നിവരും പ്രസംഗിച്ചു. വർഗ്ഗീസ് എം. ജേക്കബ് സ്വാഗതവും അഡ്വ എം.എ.ബിന്ദു കൃതജ്ഞതയും രേഖപ്പെടുത്തി.

സഖാവ് ഇ.റ്റി.ശശി ചെയർമാനും, സഖാവ് വർഗ്ഗീസ് എം. ജേക്കബ് കൺവീനറും സഖാക്കൾ ആർ. പാർത്ഥസാരഥി വർമ്മ, കെ. ശിവൻകുട്ടി, അഡ്വ.എം.എ.ബിന്ദു, കെ.എസ്.യശോധരാ ദേവി, കെ. ആർ.ഉണ്ണിത്താൻ, കുമാരസ്വാമി എന്നിവർ കമ്മിറ്റിയംഗങ്ങളുമായി ഇടതുപക്ഷഐക്യമുന്നണി ആലപ്പുഴ ജില്ലാ ഘടകത്തെ കൺവൻഷൻ തെരഞ്ഞെടുത്തു. ●

# ഹയർ സെക്കണ്ടറി എഐഡിഎസ്ഒ സെക്രട്ടേറിയറ്റ് മാർച്ച്




*എഐഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ നടന്ന സെക്രട്ടറിയേറ്റ് മാർച്ച്. സഖാക്കൾ ഇ.എൻ.ശാന്തിരാജ്, കെ.ബിമൽജി, എ.ഷൈജു തുടങ്ങിയവർ നയിക്കുന്നു*

**അ**ശാസ്ത്രീയമായ ഹയർസെക്കണ്ടറി സമയമാറ്റം പിൻവലിക്കുക, ശനിയാഴ്ച അവധി നിലനിർത്തുക, പ്രവേശന പ്രതിസന്ധി പരിഹരിക്കുക, പാഠപുസ്തകങ്ങൾ വിലകുറച്ച് ഉടൻ ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആൾ ഇന്ത്യാ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ (എഐഡിഎസ്ഒ)യുടെ ആഭിമുഖ്യത്തിൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ. ശാന്തിരാജ് മാർച്ച് ഉദ്ഘാടനം ചെയ്തു. കൗമാരക്കാരുടെ ആരോഗ്യത്തെപ്പോലും ബാധിക്കുന്ന വിധത്തിലുള്ള സമയക്രമം അടിയന്തിരമായി പിൻവലിക്കണമെന്നും, ഹയർസെക്കണ്ടറി മേഖലയിലെ മറ്റു പ്രശ്നങ്ങളും പരിഹരിച്ച് ഹയർസെക്കണ്ടറി മേഖലയെ രക്ഷിക്കണമെന്നും അവർ സർക്കാരിനോട് ആവശ്യപ്പെട്ടു.

സംസ്ഥാന നേതാക്കളായ കെ.ബിമൽജി, എസ്. ശ്രീകുമാർ, കെ.പി. സാൽവിൻ, വി.ഡി. സന്തോഷ്, എ. റെജീന, വിദ്യ ആർ. ശേഖർ, എ. ഷൈജു, എസ്. അലീന എന്നിവർ സംസാരിച്ചു. വിവിധ സ്കൂളുകളെ പ്രതിനിധീകരിച്ച് ഹയർസെക്കണ്ടറി വിദ്യാർത്ഥികൾ സംസാരിച്ചു. പ്രകടനത്തിനു മുന്നോടിയായി ജോയിന്റ് കൗൺസിൽ ഹാളിൽ വിദ്യാർത്ഥികളുടെ കൺവെൻഷനും നടന്നു. ●

# അയ്യങ്കാളി നയിച്ച കർഷക സമരത്തിന്റെ 100-ാം വാർഷികം ആചരിച്ചു




*കരുനാഗപ്പള്ളിയിൽ നടന്ന സമ്മേളനം പി.രാമഭദ്രൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ: എൻ.കെ.ബിജു, ഷൈല കെ.ജോൺ, പി.എൻ.തൊടിയൂർ, ബിജു വേങ്ങര, വയലിത്തറ രവി, കെ.സി.ശ്രീകുമാർ തുടങ്ങിയവർ.*

**മ**ഹാനായ അയ്യങ്കാളി നയിച്ച കർഷക സമരത്തിന്റെ ശതാബ്ദി ആചരണ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കരുനാഗപ്പള്ളിയിൽ ചർച്ചാ സമ്മേളനം നടന്നു. കെ.ഡി.എഫ് സംസ്ഥാന പ്രസിഡന്റ് പി.രാമഭദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജാതീയമായ ഉച്ചനീചത്വങ്ങളുടെ കൂത്തരങ്ങായിരുന്ന നമ്മുടെ നാടിനെ ആധുനിക കേരളമാക്കി മാറ്റുന്നതിൽ അയ്യൻകാളി വഹിച്ച പങ്ക് നിസ്തുലമാണെന്ന് അദ്ദേഹം സമർത്ഥിച്ചു. അധഃസ്ഥിത ജനവിഭാഗങ്ങളുടെ ജീവിതത്തിന്റെ സമസ്തരംഗങ്ങളെയും പരിവർത്തനപ്പെടുത്തുന്നതിൽ അത്ഭുതാവഹമായ പ്രവർത്തനങ്ങളാണ് അയ്യൻകാളി നടത്തിയത്.

എ.ഐ.ഡിവൈ.ഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു വിഷയാവതരണം നടത്തി. അയ്യങ്കാളിയെ കേവലം ഒരു സമുദായത്തിന്റെ നേതാവായി മാത്രമേ പരിഗണിക്കപ്പെടുന്നുള്ളൂ. കേരള നവോത്ഥാന നായകരിൽ മുൻപന്തിയിൽ നിൽക്കുന്ന അയ്യൻകാളി ശ്രീമൂലം പ്രജാസഭയിൽ നടത്തിയ പ്രവർത്തനങ്ങൾ മുതൽ വിദ്യാഭ്യാസ അവകാശത്തിനുവേണ്ടി നടത്തിയ പോരാട്ടങ്ങൾവരെയുള്ള സംഭവബഹുലമായ ജീവിതസമരത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുവേണം പുതിയ തലമുറ വളർന്നുവരാനെന്നും അദ്ദേഹം പറഞ്ഞു.

ഷൈല കെ.ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ടി.എൻ.തൊടിയൂർ, ബിജു വേങ്ങര, വയലിത്തറ രവി, കെ.സി.ശ്രീകുമാർ, ഡി.സന്തോഷ്, ആർ.അജികുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.